MABAYADANADU WEEKLY, QUILON, AUGUST 5, 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

പ്രസിദ്ധീകരണം പൻവലി
ക്കേണ്ട പ്രമാദങ്ങളിലുടെ
ഒരു ഗുണപാഠം
—സെയ്സസ്റ്റുൻ പുതുപ്പള്ളി 42
തടവിലിരുന്നു —ലക്ഷ്മി കുട്ടി 49
കവിത
ദേവദാരുവിന്റെ മുമ്പിൽ
—ജോൺസൺ ടി. എൽ. 25
ഉറക്കേ, ഉറക്കേ —നീലാംബരൻ 53
കഥ
അങ്കച്ചമയം
—പെരുമ്പടവം ശ്രീധരൻ 16
തീരുമാനിച്ചുറപ്പിച്ച കഥ
—കെ. എൻ. ശ്രീകൃഷ്ണദാസ് 26
ദുരവസ്ഥ —ജി. എസ്. മായ 33
കഷ്ടപ്പെടുന്നവർ —സുകുമാർ 46
ഓന്ത് —എൻ. ഡി. രാജൻ 56
നോവൽ
അടിയറവ് —കാക്കനാടൻ
കയറ് —തകഴി 21
പ്രിയപ്പെട്ട മാപ്പുതരൂ
—സാറാതോമസ് 36
പംക്തികൾ
വായനക്കാരുടെ കണ്ണുകൾ 2
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 18
മനശാസ്ത്രികൻ
—ഗംഗാനന്ദൻ തുറുനാഥ് 64
സിനിമ —മംഗലശ്ശേരി 66
തലയില്ലാത്ത മനുഷ്യൻ
—സോമനാഥൻ 72
ദുഃചിത്രം: ഫോട്ടോ:
ധർമ്മൻ, കൊട്ടാരക്കര.

താളുകൾ മറിക്കുമ്പോൾ

ലേഖനം
അപരിഷ്കൃതസ്ത്രീ
—വി. ബി. സി നായർ 4
ചുവന്ന കിടപ്പറയുടെ കിനാവ്
—എം. കൃഷ്ണദാസ് 14
അങ്ങിനെ വസന്തവും വസന്തഗീതവും
(മനസ്സുടെ കാലങ്ങളിൽ) —ജി 39

വായനക്കാരുടെ കത്തുകൾ

ഖേദകരം!

സാഹിബാബുവിനെ വിമർശിക്കുന്നവരെ ങ്കിലും അദ്ദേഹത്തെ കുറ്റം പറയുകയോ, അദ്ദേഹത്തിന്റെ നിലപാടുകളെ ശരിക്കാത്ത പാർട്ടി വിരുദ്ധനായി ഒരു ദിവസമെങ്കിലും മനസ്സാക്ഷിയോടെ ചെയ്തിട്ടുള്ള വരല്ല. അങ്ങനെ ചെയ്തിട്ടായിരുന്നു ഈ വിമർശനമെങ്കിൽ ചിന്തിക്കുന്ന വായനക്കാർക്ക് അതു മനസ്സിലാകുമായിരുന്നു. എ. ടി. കോവൂരിനെപ്പോലുള്ള മഹാന്മാരാണ് ഈ കൂട്ടത്തിൽ ചെളിപുരളുന്നതു എന്നതു ഖേദകരം തന്നെ.

—കെ പി വിജയൻ,
മുളങ്കാടകം, കൊല്ലം-11

സാഹിത്യമത്സരം

ആഗസ്റ്റ് 18, 19, 20 എന്നീ തീയതികളിൽ കൊല്ലത്തുവച്ചു നടക്കുന്ന കെ. ജി. പി. ടി. യൂണിയന്റെ മൂന്നാമതു സംസ്ഥാനവാർഷികത്തോടനുബന്ധിച്ചു ഒരു സാഹിത്യമത്സരം നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ചെറുകഥ, കവിത, ലേഖനം എന്നീ ഇനങ്ങളിൽ നടത്തുന്ന ഈ മത്സരത്തിൽ എല്ലാ അദ്ധ്യാപകർക്കും പങ്കെടുക്കാവുന്നതാണ്. ചെറുകഥയ്ക്കും കവിതയ്ക്കും ഏതു വിഷയവും തെരഞ്ഞെടുക്കാവുന്നതും ലേഖനത്തിനു "വിദ്യാഭ്യാസം— ഇന്നലെ, ഇന്നു, നാളെ" എന്ന വിഷയമായിരിക്കുന്നതുമാണ്. കവിത നാല്പതു വരിയിൽ കവിയാൻ പാടില്ല. ചെറുകഥ, ലേഖനം എന്നിവ ഫുൾസ്കാപ്പ് പത്തുപുറത്തിൽ കൂടരുതു.

പ്രമുഖ സാഹിത്യകാരന്മാരടങ്ങുന്ന ഒരു വിദഗ്ദ്ധസമിതി വിജയികളെ നിശ്ചയിക്കും. സമ്മാനാർഹമായ രചനകൾ സംസ്ഥാനസമ്മേളനത്തിൽവച്ചു സമ്മാനങ്ങൾ വിതരണം ചെയ്യും.

ഈ മത്സരത്തിൽ പങ്കെടുക്കുന്നവർ തങ്ങളുടെ രചനകൾ 30-7-73 നു മുമ്പു കിട്ടത്തക്കവിധം അതതുസ്ഥാപനങ്ങളിലെ ഹെഡ്മാസ്റ്റർമാരുടെ കൈവശം സൂക്ഷ്മപ്പെടുത്തി താഴെകാണുന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

കൺവീനർ,
എൽമെന്റെയിറ്റ് ടീച്ചർ കമ്മിറ്റി,
കെ. ജി. പി. ടി യു. സംസ്ഥാനവാർഷിക
കാര്യാലോചനസമിതി, കൊല്ലം-12.

വി. ഐ. പികൾക്ക് അരുൾപ്പാട്ട് സാധാരണക്കാർക്ക് ചൂരൽപ്രയോഗം

സത്യസായിബാബ മിഥ്യയാണ് എന്നു പറയുന്ന അഭിപ്രായക്കാരനാണ് ഞാൻ. കാരണം ഡൽഹിയിൽ പലതവണ വന്നപ്പോഴെല്ലാം സാധാരണ ജീവിതവുമായി ഇണങ്ങിച്ചേരുവാൻ ഇനിഞ്ഞിട്ടില്ല. തലസ്ഥാനനഗരിയിലെ കോടീശ്വരന്മാർ താമസിക്കുന്ന കോളനിയായ ഗോൾഫ് ലിങ്ക്സ് എന്ന സ്ഥലത്താണ് ഇദ്ദേഹം താമസിച്ചിട്ടുള്ളു. ഇതിനും പുറമെ മന്ത്രിമാർ, ഗവർണ്ണർമാർ, മുൻ രാജാക്കന്മാർ എന്നുവേണ്ട വി ഐ പികൾക്ക് മാത്രം പ്രത്യേക ഹാളിൽവെച്ചു ദർശനവും അനുഗ്രഹപ്പാട്ടും നടത്തി. എന്നാൽ അദ്ദേഹത്തിനെ ഒരു നോക്കു കാണാൻവേണ്ടി അക്ഷമരായി കാത്തുനിന്ന സാധുജനങ്ങൾക്ക് കിട്ടിയതു പോലീസുകാരുടെ ചൂരൽപ്രയോഗം. ബാബാഭക്തന്മാർ ഇക്കാര്യം ബുദ്ധിപൂർവ്വം വിസ്മരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നതു.

—ഗിരീഷ്, ന്യൂഡൽഹി.

അസുലഭഭാഗ്യം

മാധവൻകുട്ടിയുടെ ലേഖനം വായനക്കാരുടെ പ്രത്യേക്ഷായ തകർത്തുകളഞ്ഞു. എന്തായാലും മാധവൻകുട്ടി പറയുന്നതെല്ലാം ശരിയാണെന്നു നാം അഗീകരിച്ചുകൊടുത്താലും നമുക്കു സായിബാബയെപ്പോലുള്ള അവതാരപുരുഷന്മാരെ പറ്റിയും അസുലഭമായിട്ടാകിലും കാണാൻ സാധിക്കും, പ്രൊഫസർ വാഴക്കുന്നത്തെപോലുള്ള ചിലരെങ്കിലും.

മിസ്സ്. എ. എസ്. ജമീല,
ഇടയ്ക്കുളങ്ങര, വടക്കാഞ്ചേരി,
കൊച്ചിൻ.

—0—

എയർ-ഇന്ത്യ നിരക്കുകളുടെ ചക്രവാളങ്ങൾ തകർക്കുന്നു!

മദ്രാസ് ന്യൂയോർക്ക് മദ്രാസ് രൂ. 4674 മാത്രം!

ഇതുപോലെയുള്ള വമ്പിച്ച ഇളവുകൾ നിരക്കുകളിൽ കാണുന്നു! ആയിരക്കണക്കിനു രൂപ ലാഭിക്കൂ. ന്യൂയോർക്കിലേയ്ക്കു നേരിട്ടു പറക്കൂ. കഷ്ടിച്ചു 14 മണിക്കൂർ. കൂടിയാൽ 120 പൗണ്ട് ലഗേജ് അധികം അനുവദനീയം. വഴിയിലിറങ്ങുകയും മാറിക്കയറുകയും വേണ്ട. വർഷത്തിൽ ഏതു സമയത്തും. ഈ സൗകര്യം ഉപയോഗപ്പെടുത്തുവാൻ നിങ്ങളുടെ അടുത്തുള്ള എയർ ഇന്ത്യ ഓഫീസിനോടോ, നിങ്ങളുടെ ട്രാവൽ ഏജന്റിനോടോ അന്വേഷിക്കുക. ഇപ്പോഴത്തെ

യാത്ര തുടങ്ങുന്ന സ്ഥലം	ന്യൂയോർക്കിലേയ്ക്കും തിരിച്ചുള്ള ഏക്കർഡിസ്കൗണ്ട് നിരക്ക്.
ബോംബെ	രൂ.4004
ന്യൂ ഡെൽഹി	രൂ.4004
കൽക്കട്ട	രൂ.4738
മദ്രാസ്	രൂ.4674

എയർ-ഇന്ത്യ
നിങ്ങൾക്കു ചേരും ഉയരത്തിൽ
നമ്മുടെ എയർ ഒരേയൊരു കമ്പനി

ഏ.ടി.കോവൂർ - വിദഗ്ധനായ

സത്യമോ മിഥ്യയോ ആകട്ടെ. പക്ഷേ, തന്റെ സമ്മതത്തോടെ മിഥ്യ— സത്യസായിബാബ ഇതുപതാംനൂറ്റാണ്ടിലെ ഒരത്ഭുതസംഭവമാണ്", ഈ അത്ഭുതനഷ്ടത്തെക്കുറിച്ചുള്ള ചർച്ച നമ്മുടെ ചിന്താമണ്ഡലത്തെ വിഷമിപ്പിക്കാൻ പര്യാപ്തമാകേണ്ടതായ തന്നെ. ചർച്ചാലേഖനത്തിന്റെ ഉപസംഹാരവും വിഷമവും കഴമ്പില്ലായ്മയുമായി, കെ. കെ. വാസുദേവൻ ഇട്ടയുള്ള ചർച്ചയ്ക്ക് അർഹം പൂർണവിരാമമിട്ടുപിരിച്ചു. പക്ഷേ, യുക്തിവാദികളുടെ നേതാവായ പ്രൊ. ഏ. ടി. കോവൂരിന്റെ ലേഖനം വളരെയധികം നിരാശജനകമായിപ്പോയി എന്നോടുപറയേണ്ടിയിരിക്കുന്നു. വർഷങ്ങളായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന വിലകുറഞ്ഞ വാദഗതികൾതന്നെയാണിപ്പോഴും ആവർത്തിച്ചിട്ടുള്ളത്.

കോവൂർ തന്റെ ലേഖനത്തിന്റെ ആരംഭഗദ്യത്തിൽ പറയുന്നു: "ലോകത്തിൽ ഒരത്ഭുതക്രിയ പ്രകൃത്യതീതമോ മിഥ്യയോ ആണെന്നു തെളിയിക്കുവാൻ ശക്തിയും ഇല്ല." ആകാശത്തിനുനേരെ വെറും കരചലനംകൊണ്ട് വെച്ചോ ശിവലിംഗത്തിനു മുന്നിലോ എട്ടുപത്തു കണ്ണിക്കാരനെ ചിലർ അവതരിപ്പിച്ചേക്കുന്നുണ്ട്. അതൊക്കെ വെറും കൊട്ടിഘോഷങ്ങളാണ്." തുടർന്ന് യുക്തിയുക്തമായി സമർത്ഥനം പറയാൻ കഴിയാതെവന്നതുകൊണ്ട് പ്രകൃത്യതീതശക്തികൾ ഇല്ലെന്നു തെളിയിക്കാൻ ശ്രമിക്കുന്നതുപോലെ, "ഈ അത്ഭുതനഷ്ടത്തിന്റെ

ബാലസായി

ൻ പക്ഷേ ഉദാഹരിച്ചുകൊണ്ടാണ് കോവൂർ തന്റെ ലേഖനത്തിന്റെ രണ്ടാം

ദേഹത്തിനു മറയിടുന്നു. അതിനു മു
പേയർഹിക്കുന്നതൊന്നില്ല. ഡാർവിൻ ഭ
ഗവന്ത, ഡോ: വി. കെ. ഗോകർ, പ്രൊ
സ്പെഷ്യലിസ്റ്റ് ഡോ: ജോഡി, ഡോ: എം.
എസ്. ബാലകൃഷ്ണറാവു, ഹോവാർ
ഡ് മർഫാറ് തുടങ്ങിയ ലോകപ്രശസ്ത
ശാസ്ത്രജ്ഞന്മാരും ചിന്തകന്മാരും ഭഗ
വാൻ സത്യസായ്ബാബയെ നിത്യസത്യ
മെന്നു വിശേഷിച്ചു് ആ ദിവ്യപ്രഭാവത്തിൽ മ
യിച്ചുകഴിയുന്നു. അങ്ങനെയിരിക്കുമ്പോൾ
തന്നെ മനുഷ്യനു ദൈനംപ്രതി തന്നാൽകഴിയു
ന്നു ആയിക്കണക്കിനു് കണ്ണുകൾക്കു് ഒരു
പരിധിവരെ ഴുതുമെന്നോ അല്ല മുഴുവൻ വഴി
കാട്ടുമെന്നോ കരുതുന്നവരുടെ ബുദ്ധി മരവി
ച്ചിരിക്കുന്നുവെന്നോ വളയുന്നില്ലെന്നോ
വേണം കരുതാൻ.

ലേഖനത്തിന്റെ മൂന്നാമത്തെ ഭാഗ
ത്തിൽ കോവൂർ പറയുന്നു: "ഇൻഡ്യയിൽ
നൂറുകണക്കിനു് കുട്ടിപ്രവാചകന്മാരുണ്ടു്. അവ
രുടെ പ്രവാചകത്തരങ്ങളും കുട്ടിച്ചാത്തന്മാരെ
പറിക്കാൻവേണ്ടിയാൽ യുക്തിവാദികൾ
ക്കു് അതിനുള്ള ശ്രമം സമയം കിട്ടുകയുള്ളു."
സമ്മതിച്ചു കഴിഞ്ഞ പതിനഞ്ചുവർഷ
ങ്ങളായി യുക്തിവാദികളായ നിങ്ങൾ രണ്ടു
വട്ടം നമ്മെ വെല്ലുവിളി കാലാകാലങ്ങ
ളിൽ ഉന്നയിക്കുന്നതല്ലാതെ ആരും അതി
നെ ശ്രദ്ധിക്കുന്നതായ ഭാവം പോലുമില്ല. ഒന്നെ
കിൽ നിങ്ങൾ രവല്ലുവിളി നിറുത്തണം
അല്ലെങ്കിൽ പൂട്ടുപത്തിയിലെങ്കിലും സത്യ
സായി ബാബ സത്യമായ മിഥ്യയാണെന്നു
ഞങ്ങളെ ബോദ്ധ്യപ്പെടുത്തണം. ഇതിനു
രണ്ടിനും തയ്യാറില്ലാതെ കുപ്രചരണം നടത്തി
പ്പോലെ കലപില ചിലയ്ക്കുന്നതുകൊ
ണ്ടർത്ഥമില്ല

സത്യസായിബാബയെ ഞാൻ ദൈവമാ
യി അംഗീകരിക്കുന്നുവെന്നു് ഇപ്പറഞ്ഞതി
നൊന്നു അർത്ഥമില്ല അന്ധമായി വിശ്വ
സിക്കണം അന്ധമായി അവിശ്വസിക്കണം
ശരിയല്ലുന്നതുപോലെ എന്റെ
വാദഗതി ബാബയെ നേരിൽ കണ്ടറി
വിച്ച ഒരു ശാസ്ത്രജ്ഞനോ ചിന്തകനോ
അദ്ദേഹത്തെ നിഷേധിച്ചിട്ടില്ല. "ഡോ:
ഭഗവന്തം പറയുന്ന സത്യസായ്ബാബ
യെക്കുറിച്ചും തന്റെ മഹാപ്രഭാവത്തെപ്പറ്റി പ്ര
സംഗിച്ചിട്ടില്ല. അല്ലാതെന്ന അദ്ദേഹത്തി
ന്റെ ദിവ്യപ്രഭാവത്തിന്റെ മഹത്വമല്ല"
ബാബയുടെ അനുയായികൾ പ്രചരി



ശാന്തിയുടെയും സമാധാനത്തിന്റെയും നിലയം—പ്രശാന്തിനിലയം.

ച്ചിട്ടുള്ള മഹത്കഥകളിൽ വിശ്വസിച്ചു് അദ്ദേഹത്തെ നിഷേധിക്കുന്നവരാണു് ഭൂരിഭാഗമാളുകളും. ആരാണീ സത്യസായ്ബാബ? ആ യാഥാർത്ഥ്യമറിയാൻ പഞ്ചിപ്പുറപ്പെട്ടിട്ടുള്ളവർ ചുരുങ്ങും. അല്ലെങ്കിൽ സ്റ്റിലാക്കിയിട്ടുള്ളവർ സാധാരണക്കാരല്ലെന്ന സത്യം നമ്മെ കറേക്കൂടി അത്ഭുതപ്പെടുത്തുന്നില്ലേ?

അനന്തമാകുന്ന സർവജ്ഞാനത്തിന്റെയും അടിസ്ഥാനം ഞാൻ ഈശ്വരനെ കണ്ടുവെന്നു് ക്രിസ്തു പറഞ്ഞു. അനന്തയേകൻ അനന്തമൂലം ക്രിസ്തുവിൽ ദൈവമഹത്വം കണ്ടു. ക്രിസ്തു ദൈവമായി. ബുദ്ധന്റെ കാരുണ്യമെല്ലാം അദ്ദേഹത്തിനു ചുറ്റുമുള്ളവരുടെ അനുഭൂതിയുണ്ടായി. അദ്ദേഹം അവയെ കണ്ടു് അനുഭവിച്ചു. അല്ല ലോകത്തിനുപദേശിച്ചു. ബുദ്ധൻ ദേവതുല്യനായി ഈശ്വരനെ അനുഭവിച്ചുവെല്ലാം ദേവതുല്യരായിട്ടുണ്ടു്. സത്യസായിബാബയുടെ കാര്യവും മറിച്ചല്ല. ഇതുവരെ പറഞ്ഞതുകൊണ്ടു സായിബാബ ഒരു ക്രിസ്തുവോ ബുദ്ധനോ ആണെന്നു കരുതാൻ ന്യായമുണ്ടെന്നുകില്ലല്ല.

ആകാശത്തിൽനിന്നും വിഭൂതിയും വാച്ചും മാലയും വരുത്തുന്നതുകൊണ്ടാണു് സത്യസായിബാബയെ ദൈവമായി ആരാധിക്കുന്നതെന്ന വസ്തുത വിവേകികൾക്കു് ഉൾക്കൊള്ളാൻ പ്രയാസം. തൻ ബ്രഹ്മമാണെന്നറിഞ്ഞ ബുദ്ധന്റെ ദർശനവും പ്രസംഗപരമ്പരകളും അനുയായികൾക്കു് ആനന്ദാനുഭൂതി നൽകുന്നുണ്ടെങ്കിലും കാരുണ്യമെന്നു പറയപ്പെടുന്ന പരമാത്മതത്വം തന്നെ താൻ എന്ന ബുദ്ധൻ ദർശിച്ചു. അതോടെ അദ്ദേഹത്തിന്റെ നെഞ്ചകത്തെ കാരുണ്യപെട്ടി സർവ്വസംശയങ്ങളും മാറിപ്പോയി. കർത്തവ്യമെല്ലാം അവസാനിച്ചു. പിന്നെ നിത്യനന്ദമല്ലാതെ എന്താണു്. സ്വാമിവിവേകാനന്ദൻ പറയുന്നതു് "എല്ലാജ്ഞാനവും വ്യക്തികളിൽ ഏറെക്കുറവായിട്ടാണു് കണ്ടുവരുന്നതു് തന്നെ മുഴുവനുള്ളതെല്ലാം നിരന്തരമായ ഒരിടത്തു പര്യവസാനിക്കുന്നു. ലൗകികരിൽ സർവ്വവിജ്ഞയജ്ഞാനം ഏറെക്കുറവില്ലാതെ കണ്ടുവരുന്നില്ല. അല്ലെങ്കിലതു് ആ ജ്ഞാനം എവിടെ പര്യവസാനിക്കുന്നുവോ അവനെ ഈശ്വരനെന്നു പറയുന്നു"

എന്നെ മനസ്സിലാക്കാൻ എന്നെ നേരിൽകണ്ടേകഴുമേയുള്ള മാർഗ്ഗം

സത്യസായിബാബയിൽ ദിവ്യത്വമുണ്ടെങ്കിൽ അതിതാണ്.

ലോക പ്രസ്സിദ്ധരായ ശാസ്ത്രജ്ഞന്മാർ ബാബയുടെ പ്രസംഗപരമ്പരകൾ അതീവശ്രദ്ധയോടെ കേൾക്കാറുണ്ട്. കാരണം മറ്റെന്തോന്നും ശാസ്ത്രീയമായ വിശകലനമെന്ന് ബാബ നല്കുന്നതു്. ശാസ്ത്രം വഴിമുട്ടിനില്ക്കുന്ന പലതലത്തിലുള്ളപ്പോൾ അതുപോലെതന്നെ ഉപശകവങ്ങളുടെ തിരികെ ഉത്തി അതുമാവരെ വിണ്ടും ഒന്നോടു നയിക്കുന്നു. മറുവിൽ ജ്ഞാനത്തിന്റെ ദിവ്യപ്രകാശം പ്രദാനം ചെയ്യുന്നതിനുള്ള കഴിയും എന്ന സത്യം ബാബ അവരെ ഓർമ്മിപ്പിക്കുന്നു. ബ്രഹ്മപ്രത്തിന്റെ ഏകമയത്വം കാണിക്കുന്നതു് ജ്ഞാനം തന്നെയാണുതാനും. ഈ അദ്വൈതതത്വം ബാബ തെറ്റിക്കൽ ഇല്ലാതെ അനായാസമായി ശ്രോതാക്കൾക്ക് വിശദീകരിച്ചുകൊടുക്കുന്നു "ഈ വൃക്ഷത്തിനും ബുദ്ധന്റെയും ഏതു സത്യമായ വെളിച്ചവിളിച്ചേയും തുപ്പിപ്പിക്കുന്നതു. സയൻസിൽ ഇന്നേവരെയുണ്ടായിട്ടുള്ള കണ്ടുപിടുത്തങ്ങളുമായി പൊരുത്തപ്പെടുകയും ചെയ്യുന്നു. എല്ലാം വസ്തുക്കളിലും എല്ലാക്കാലത്തും പൂർണ്ണമായി ആ ഏകതത്ത്വത്തെ അറിയുക എന്നതാണ് അദ്ദേഹത്തിനു. നിങ്ങളുടെ അപൂർണ്ണജ്ഞാനത്തിൽനിന്നുദിച്ച ഒരു സമസ്യയും മറ്റുമാണ്, അതെങ്കിലും എന്നു നിങ്ങൾ സ്വയം മനസ്സിലാക്കിയാൽ നിങ്ങൾ പരമേശ്വരികരിയെത്തിച്ചേരും. പിന്നെയെല്ലാം മനസ്സിൽ നിന്നകന്നുപോകുന്നു. സംസാരത്തിന്റെ സഹസ്രമുഖമായ അലിതത്ത്വത്തിൽ നിന്നും നിങ്ങൾ രക്ഷപ്പെട്ടുകഴിഞ്ഞു" സത്യത്തിന്റെ ആ അവിലേയ്ക്ക് നിർബാധം കടന്നുചെല്ലുന്നു അനായാസികരെ സഹായിക്കുന്നതിനുവേണ്ടി പ്രസംഗപരമ്പരകൾ നടത്താൻ ലേ കണ്ണു് ഒരു മാജിക്കോ നെക്കുവും കഴിഞ്ഞിട്ടുണ്ടോ? കണ്ടതോ കേട്ടിലതോ മനോഹരിയും ശ്രീരാമപരമഹംസനും വിവേകനന്ദനും മറ്റും നേരിയിട്ടുള്ള ആത്മസാക്ഷാത്കാരമുൾക്കൊണ്ട സത്യസായിബാബ ദിവ്യശക്തിയുള്ളവനെന്നു് വിവേവിച്ചറിയുന്ന അനായാസികൾ വിശ്വാസിപ്പിച്ചാൽയുക്തിവാദിയായ കേവലം മനുഷ്യനായിരുന്നുവെങ്കിൽ എന്നിനെ നിഷേധിക്കാനാവും?

ബ്രഹ്മപ്രത്തിന്റെ ഏകമയത്വം ദർശിച്ച എത്ര ശാസ്ത്രജ്ഞന്മാരുണ്ടു് ലോകത്തിൽ വിധിപ്രകാരം ആ സത്യം നേരിട്ടുകണ്ടവരായിട്ടില്ല. മാപ്പൻ ഫിമും ഐൻസ്റ്റീനും ആ സത്യത്തിന്റെ ബാഹ്യരൂപം കണ്ടു് മനസ്സ് വല്ലിട്ടുണ്ടു്. സയൻസിന്റെ പൂർവ്വാധികമായ സത്യദർശനം നേരിട്ടുകൊടുക്കുകയല്ല, ആക്രമണം നടത്തിയേക്കാവുന്ന മറ്റു സത്യദർശനങ്ങളെ പേരെടുത്തു തോല്പിക്കുകയാണിന്നത്തെ ശാസ്ത്രജ്ഞന്മാർ ചെയ്യുന്നതു്. സയൻസു

(ശേഷം 12-ൽ)

നോവൽ

ഇരുപത്തിനാലു് (തുടർച്ച)

നാശം! മഹേന്ദ്രൻ ആകെ അസ്വസ്ഥനായി. എന്തൊരു മനുഷ്യരാണു് ഈശ്വരാ! ഇത്തരം ആൾക്കാരുടെ കൂടെ വേണം ഇനി കുറേ അധികകാലം ചിലവഴിക്കേണ്ടതെന്നോർത്തപ്പോൾ മഹേന്ദ്രൻ നടുങ്ങി സന്ധ്യാദേവിയുടെ സാന്ദ്രസൗന്ദര്യവും ഇന്ദുമുഖിയുടെ ചിത്രങ്ങളുടെ വർണ്ണപ്പൊലിമയും ലോകബന്ധനയിലെ ബന്ധനമുക്തിയും കലങ്ങിമറിഞ്ഞുപോയ ഒരു ജീവിതത്തിൽ ഇങ്ങനെയും ഒരു ഇരുവശമുണ്ടോ? ആലോചിക്കാൻവയ്യ. ഇനിമേലിൽ ഇത്തരം ആൾക്കാരെ വഴിയിൽ കണ്ടുമുട്ടിയാൽ ഒരിക്കലും രക്ഷപ്പെടണേ. അല്ലാതെ യാതൊരു നിവൃത്തിയും ഇല്ല.

അടുത്ത നിമിഷത്തിൽ മഹേന്ദ്രൻ ചിരിച്ചു. ഇതുപോലും കൂട്ടനെ എന്തുകൊണ്ടു പറയുന്നു? ഇവരുടെ മറ്റൊരു വശമേ മാന്യമായിരിക്കുന്നതിൻ.

കോൺവെന്റ് നേഴ്സറി ഗവർണ്മെന്റ് ആശുപത്രി കൂട്ടുകാരി ഇവരെല്ലാം തന്നെ, പരിഷ്കാരത്തിലും വിദ്യാഭ്യാസത്തിലും എല്ലാം കൂടി അവരെ മാറ്റിമറിക്കാൻ ശ്രമിച്ചു. മയക്കുമരുന്നുകളും മദ്യവും കൊക്കെയ്നും അയഥാർത്ഥമായൊരവസ്ഥയിലേയ്ക്ക് അവരെ വിഴുങ്ങിയപ്പോൾ ആ അബോധാവസ്ഥയിൽ അവൾ കൂട്ടുകാരോടൊപ്പം ആദ്യമായി പുരുഷനെ മതിവരുവോളമറിഞ്ഞു. അവരുടെ ആഫ്രിക്കൻ നാട്ടിൻപുറത്തുകാരിപ്പെണ്ണിനു ചരടിലുവലിക്കുന്ന മാന്ത്രികരിലല്ലുണ്ടു്.

ഇവരുടെ താരസം, തൊട്ടുതോടു, വഖിയമ്മാവനു, അമ്മ, കുഞ്ഞമ്മമാർ, പണിക്കർ, കൂട്ടർ, കുവിലയം, ഈ വയലുകൾ ...തൊക്കെയുമിതുവരെ വിണ്ടും ബന്ധിക്കുമെന്നും ആ ബന്ധനത്തിനിന്നു രക്ഷപ്പെടാൻ പിന്നീടു തനിക്കു ബന്ധമുണ്ടാവുമെന്നും അവൻ തെറ്റിപ്പോയി. അടുത്തനിമിഷത്തിൽ തന്റെ ആത്മവിശ്വാസം അചഞ്ചലമാണെന്നും തന്നെ തളച്ചിടാൻ ഒരു ശക്തിക്കും കഴിയില്ലെന്നും വിശ്വസിച്ചു. ആ വിശ്വാസത്തിൽ അവൻ ആശ്വാസം കണ്ടെത്തി.

ടാക്സി കടന്നുപോകവേ, ജിജ്ഞാസയുടെ നാടൻകണ്ണുകൾ നിരത്തുവക്കത്തും പീടികത്തിണ്ണകളിലും നിന്നു തന്നെ നിരീക്ഷിക്കുന്നതു് അവൻ ശ്രദ്ധിച്ചു. ചിലർ ചിരിക്കുന്നു. ചിലർ ഒരുതരം വസൂവ്വനെ മാതിരി തന്നെ നോക്കുന്നു. ചിലരാകട്ടെ കുശുകുശുക്കുന്നു. ചിലർ മാറാരോഗത്തെക്കൊണ്ടോ വിളിച്ചുകാണിക്കുന്നു.

മഹേന്ദ്രൻ തന്നെത്താൻ പറഞ്ഞു: ഇവരെന്താ മനുഷ്യരല്ലേ? ഇവരോടൊക്കെ എങ്ങനെ ജീവിക്കും? ഇവരോടെ ഇടയിൽ, ഇവരോടൊപ്പം ജീവിക്കുക എന്നതുതന്നെ സംബന്ധിച്ചേടത്തോളം അസാദ്ധ്യമാണെന്നു് അവൻ കരുതി.

കാക്കനാടൻ

ഞാൻ ഇവരോടെ കൂട്ടത്തിൽപ്പെട്ടവനല്ല. എവിടെനിന്നോ ഇവരെ വന്നുകൂടിയ ഒരു പരദേശിയാണു്. ഏതോ ഒരജ്ഞാതശക്തിയുടെ കൈത്തെറ്റുകൊണ്ടാണ് താനിന്നാട്ടിൽ ഒരു സ്ത്രീയുടെ വയറ്റിൽ വന്നുപിറന്നതു്. മതിയേളം ചിരുമുഖം, ഭാഗ്യം കൊണ്ടു് സ്വന്തം സന്തുഷ്ടിച്ച ഒരു മായിക വലയത്തിലകപ്പെട്ട തനിക്ക് ആത്മരതിമായി ദൃശ്യം സംഭവിച്ചതിനാലോവാം പിറന്ന നാടിനോടോ അവിടത്തെ ആൾക്കാരോടോ ഇതുവരെയും അവിടത്തെ ആൾക്കാരെന്നും മഹേന്ദ്രനു ആലോചിക്കാനിടനിന്നില്ല. അങ്ങനെയാണെങ്കിൽ ആ മായിക ലോകം അത്ര ശക്തിപൂർണ്ണമാണു്.

നാടൻകാറ്റ് ഉള്ളിലേയ്ക്ക് ചിരിയടിച്ചു.

ർത്ഥിവരുടെ ശബ്ദം കാതിൽ വന്നല ച്ചു. "ഇവിടെയല്ലേ സാർ തിരിയേണ്ട തു?"

"അതെ."

കാറു് വളവുതിരിഞ്ഞു ചെമ്മൺപാത യിൽ പ്രവേശിച്ചു. കാറോടി നിങ്ങവേ ചെമ്മൺപൊടിയിളകി കാറിന്റെ ശ ബ്ദംകേട്ട പാതയിൽ കേഴികൾ അല ച്ചുപാഞ്ഞു. നാഴികളും ആട്ടിൻകുട്ടികളും പ ക്ഷികളും, മനുഷ്യക്കുട്ടികളും വിദേശാഭി കൗതുകപൂർണ്ണമായ കണ്ണോടിക്കുന്നതാർ കയ്യാ ലപ്പുറത്തേയും മരക്കൊമ്പുകളിന്മേലേയും ചാ ടിക്കയറി, പാതയിൽ നടന്ന മുതിർന്നവർ —സ്ത്രീകളും പുരുഷന്മാരും—കയ്യാല ചാ രി മൂക്കപ്പൊത്തിനിന്നു, കറിന്നുള്ളിലേ യ്ക്കു ഇറിച്ചുനോക്കി.

കാറു് കൊട്ടാരവളപ്പിലേയ്ക്കു കടന്ന പ്പോൾ മഹേന്ദ്രൻ അത്ഭുതപ്പെട്ടു. തനി ക്കു വഴി തെറ്റിയോ? പുതിയ മതിലു്, പുതിയ മംഗിയുള്ള ഗേറ്റു്, പുതു ക്കിപ്പണിഞ്ഞ കൊട്ടാരം, ചെത്തിമിനു ക്കിയ വിശാലമായ മുറ്റത്തു പുതിയ പൂ ച്ചെടികൾ.

കാറുചെന്നു മുറ്റത്തു നില്ക്കുന്നതിനുമുൻ പുതന്നെ ആരെയോ പ്രതീക്ഷിച്ചിട്ടെന്ന മാതിരി മുൻവശത്തെ പുതിയ പൂമുഖത്തി രിക്കുന്ന കുതകെ ഉറന്നതും ആഡംബരപൂർ വ്വം വേഷം ധരിച്ച സുന്ദരിയായ ഒരു സ്ത്രീ വാതില്പൽ പ്രത്യക്ഷപ്പെട്ടതും മഹേ ന്ദ്രൻ അത്ഭുതത്തോടെ നിരീക്ഷിച്ചു ആരാണാ സ്ത്രീ? അവൻ മാർമ്മമയെ ഗ്രഹിക്കുവാൻ ശ്രമിച്ചു. സൂക്ഷിച്ചുനോ ക്കിയ പ്പോൾ അവനിൽ കൺമുന്നിൽ ക ണ്ട നർവ്വലങ്കാരവിഭൂഷിതയായ സ്ത്രീ ക്കുള്ളിൽ ശിവൻ പാർവ്വതിക്കഞ്ഞുമാതൃകയെ കണ്ടു. ചാരുസ്മിതയുടെ അവ്യക്തപാലു ങ്ങൾക്കപ്പുറത്തു്, ദംഷ്ട്രങ്ങൾക്കപ്പുറ ത്തു്, തന്നെ പഠിപ്പിക്കാനയച്ച സ്ത്രീയുടെ രൂപലേഖ കണ്ടു തനിക്കു കാണമയച്ചു നിന്നിരുന്ന സ്ത്രീയെ, കള്ള ഭാജകമാരെന്നപ്പോ ലെ തന്നെ യുണിഫോം സിറോ കാമ്പ യിൽ വിലസാൻ തനിക്കവസരമുണ്ടാക്കി തന്ന സ്ത്രീയെ പെട്ടെന്നവിടെനിന്നോ വന്നു് ഉള്ളിൽ നിറഞ്ഞ ആദരവോടെ അവൻ കണ്ടു. അവൻ ഉള്ളിൽ പറഞ്ഞു. തെറ്റും കാരണിനാണു്, പാതയ്ക്കരുതെ മരത്തിലും വയലുകളിലും വഴിയിൽ ക ണ്ട മനുഷ്യരിലും കണ്ടതാണു കണ്ണു്, അവിടെയൊക്കെ ഞാൻ നിഷ്ഫലിച്ചിരു ന്ന കണ്ണു്, ഇവിടെ ഇതാ എന്റെ മുൻ പിൽ പ്രത്യക്ഷപ്പെടുന്ന എന്റെ പേരു്. തോന്നിവിടെന്നോ പൊട്ടി മുളച്ചവനാ ണു്. വളർന്നിട്ടും ശരീരോപശരീരം ഉടയി പാർന്നിട്ടും എന്റെ തായ്വേരു് ഇവിടെ ത്തന്നെ. ഇവിടെയ്ക്കുതന്നെ സഹജവാ കനയും തൻ രിഞ്ഞുപോയി മടങ്ങുന്നു.

മഹേന്ദ്രൻ കാറിൽനിന്നു രങ്ങിയിട്ടും വാതില്പൽ നിന്ന സ്ത്രീരൂപം അനങ്ങിയി ല്ല. അവരുടെ മുഖം ഇരുണ്ടതെന്നു തോ ന്നി. അവർ പ്രതീക്ഷിച്ച ആളല്ല കണ്ടതെന്നു മതിരി. അവർ തന്നെ തിരി ച്ചറിഞ്ഞിട്ടില്ലെന്നു തീർച്ച. ഈ ഇരുകി യ കാലുകളും ഈ ഗ്രഹഷിട്ടും ഈ വള ന്ന എണ്ണമയമില്ലാത്ത മുടിയും ഈ ചെ മ്പിച്ച ഊശാന്താടിയും കണ്ടാൽ അവൾക്കു പരിചിതമല്ല.

പക്ഷേ, അവർ ആരെയാണു പ്രതീക്ഷി ച്ചതു്? താനറിയിച്ചിട്ടില്ലല്ലോ വരുമെ ന്നു്. വേറെ ആരെ?

ആരെയും പ്രതീക്ഷിച്ചിരിക്കില്ല. കാറു വരുന്നതുകണ്ടു് നോക്കിയതുമാകം.

മഹേന്ദ്രൻ പെട്ടിയും കിടക്കയുമിറക്കു തെ, ഡ്രൈവർക്കു പൈസ കൊടുക്കാതെ, അയാളോടൊന്നും പറയുകകൂടി ചെയ്യാ തെ, കൊട്ടാരവാതില്പലേക്കു കാലി, താൻ തന്നെ കൊച്ചുകുട്ടിയാവുകയാണെന്നു്, താൻ വർഷങ്ങൾ പിന്നോട്ടോടുകയാണെന്നു് ആ നിമിഷത്തിൽ അവനു തോന്നി.

അവൻ മടിച്ചുനിന്നു, എന്തു ചെയ്യണ മെന്നറിയാതെ, പെട്ടെന്നു ബ്രേക്കിട്ടതുപോ ലെ, പാർവ്വതിക്കു മുന്നിൽ, അവർക്കഭിമു ഖമായി നിന്നു. അവളെ കെട്ടിപ്പിടിക്കണോ, അവരുടെ കാലുകളിൽ വീണു നമസ്കരിക്കണോ എന്നോന്നും അവനു് അറി യില്ലായിരുന്നു, അവരുടെ മുഖത്തേക്കു നോക്കിനോക്കിനിന്നു് അവൻ വെറു തെ നിന്നു,

അവർ അവന്റെ നേരെ നോക്കി. അ വരുടെ കണ്ണുകളിൽ അത്ഭുതവും സന്തോ ഷവും കണ്ണുനീരും മിന്നിച്ചുണങ്ങുന്നതും അവരുടെ ചുണ്ടുകൾ വിറയ്ക്കാഹ്ലാദങ്ങൾ തമ്മിൽ മനഃപാസമയി വിരോധിക്കുന്നതും അവൻ കണ്ടു.

"മഹേന്ദ്രൻ", പാർവ്വതിയുടെ ശബ്ദം

വികാരഭരിതമായിരുന്നു. "എന്റെ മഹേന്ദ്രൻ!"

അവർ കൈ നീട്ടി അവന്റെ തോളു കൈകളും കൂട്ടിപ്പിടിച്ചു. അവനെ ഉള്ളി ലേക്കു കൂട്ടിക്കൊണ്ടുപോയി. അവൾ വി ളിച്ചുചൊല്ലി "ചേച്ചി, ഇതാരെ വന്നിരി ക്കുന്നതെന്നു നോക്കൂ."

പെട്ടെന്നതെ താനാരെ കൊച്ചുകുട്ടിയാ യിത്തീർന്നിരിക്കുന്നതെന്നു്, തന്റെ ഗ്രാമ ത്തിന്റെ സുഹൃത്തും സന്ധ്യാരാഗിയുടെ കൂട്ടുകാരനുമായ മിസ്സിസ്സു് ഭാരതനാഥന്റെ ഭാര്യ ദില്ലിയുടെയും ഷാസിന്റെയും അമ്മ യും തന്നെ അല്ലായിരുന്നിരിക്കുന്നവരെ ന്നു്, മഹേന്ദ്രൻ അത്ഭുതത്തോടെയോർത്തു

ഞാൻ കട്ടിയാണു്. ആത്മനാ കെ ട്ട മഹേന്ദ്രവർമ്മ. എന്റെ വഴി യമ്മാവന്റെയും അമ്മയുടെയും കണ്ണുമ മാരുടെയും പിഞ്ചോമന. കൊച്ചുമഹേ ന്ദ്രൻ

ലക്ഷ്മിക്കുട്ടി പിൻഭാഗത്തുനിന്നു് ഓടി പ്പിടഞ്ഞുവന്നു. മഹേന്ദ്രനെ കണ്ടപ്പോൾ അവർ പെട്ടെന്നുനിന്നു, ലക്ഷ്മിക്കുട്ടി പെട്ടെ ന്നു് അന്തയായി. അവരിരുവരും വളർച്ച അ വർ കണ്ടു. അവന്റെ നിണ്ടുചുരുണ്ട പ ടർന്നു മുടിയിലേക്കും തിങ്ങിണമയെ കണ്ണു കളിലേക്കും ഊശാന്താടിയിലേക്കും നീണ്ട തുകിടലേക്കും ഒക്കെ അവർ മാറിമാറിനോ ക്കി.

"മോനേ," അവർ അവനെ മാറോടു ചേർത്തു.

മഹേന്ദ്രൻ അവരുടെ പിടിവിട്ട് ലജ്ജയോടെ അകന്നുനിന്നു. അവൻ അമ്മയെയും കുഞ്ഞമ്മയെയും മാറിമാറി നോക്കി. ഇവരുടെ ആരോഗ്യവതികളുണ്ട്. അമ്മ കരാളമായ ചെറുപ്പമായ മട്ടുണ്ട്, വില പിടിച്ച വസ്ത്രങ്ങളണിഞ്ഞിരിക്കുന്നു. ആഭരണങ്ങൾ വേണ്ടുവോളമുണ്ട്. കൊട്ടാരത്തിലെ ബുദ്ധിമുട്ടുകളൊക്കെ മാറിയ മട്ടുണ്ട്. നഷ്ടപ്പെട്ട പ്രതാപമൊക്കെ വീണ്ടുകിട്ടിയിരിക്കുന്നു. പലിയത്തമ്മൻ വളരെ സന്തോഷത്തിലാവും. നഷ്ടപ്പെട്ട പ്രതാപങ്ങളൊക്കെയും വിലപിക്കുന്നതു് അമ്മാവനായിരുന്നുവല്ലോ.

"ഇതെന്തു വേഷമാണു്?" അവന്റെ അന്തരിക്കി.

മഹേന്ദ്രൻ ചിരിച്ചു.

പല്ലവി ചോദിച്ചു: "ഇതൊക്കെയും പോരാഞ്ഞിട്ടാണോ ഇപ്പോഴത്തെ പിള്ളേർക്കിഷ്ടം."

"സുഭദ്രയെവിടെ? വല്യമ്മാവൻ എവിടെ?" മഹേന്ദ്രൻ തിരക്കി.

"ഒക്കെപ്പറയാം." ലക്ഷ്മിക്കുട്ടി പറഞ്ഞു. "നീ ഇതൊക്കെ മാറി വന്ന കളിക്ക്, ആങ്ങ", അതിനുമുൻപൊക്കെ ചായ കഴിക്കാം. അല്ലേ?" ലക്ഷ്മിക്കുട്ടി അടുക്കളയുടെ നേർക്കു തിരിഞ്ഞു വിളിച്ചുപറഞ്ഞു: "കാർത്ത്യായിനി ചായയുണ്ടാക്ക്."

"അതിനുമുൻപു് സന്ധ്യനങ്ങളൊക്കെയുള്ളവച്ചു് ലക്ഷ്മിക്കുട്ടിയമ്മയെ അയയ്ക്കുന്നേ?" പാർവതിക്കുഞ്ഞമ്മ ചോദിച്ചു.

"ശരിയാ. ഞാൻ മറന്നു." മഹേന്ദ്രൻ വെളിയിലേക്കു നടന്നു. അമ്മയും കുഞ്ഞമ്മയും അവനെ അനുഗമിച്ചു.

പെട്ടിയും കിടക്കയുമെടുക്കുവിയ്ക്കുന്നതിനു് ചെല്ലപ്പൻ എന്നോരു പുതിയ വാല്യക്കാരനെ മഹേന്ദ്രനെ സഹായിച്ചു.

മഹേന്ദ്രൻ ഷോർഡ് ബ്രാഗ് കയ്യിൽ തൂക്കി കൊട്ടാരത്തിലേക്കു നടന്നുകയറി.

"അമ്മാവനെവിടെ?" മുകളിലേക്കു നയിക്കുന്ന കോണിപ്പടിയുടെ ചുവട്ടിലേക്കു നടക്കവേ അവൻ അന്വേഷിച്ചു.

അവന്റെ അമ്മയും കുഞ്ഞമ്മയും മറുപടി ഒന്നും പറഞ്ഞില്ല.

കോണിപ്പടിയുടെ ചുവട്ടിൽനിന്നുകൊണ്ടു് അവൻ മുകളിലേക്കു നോക്കി. കവിളൊട്ടി, കഷണ്ടികയറി, എല്ലുന്തി, വിളർത്തു തികച്ചും വൃദ്ധരൂപം വരിക്കുപ്പിടിച്ചു കൊണ്ടിരിക്കുന്നു. അയാളുടെ വലതു ചുണ്ടുകൾ ചിലപ്പോൾ ശ്രദ്ധിക്കുകയാണെന്നു് അവരുടെ വികൃതമായ കോട്ടം കണ്ടപ്പോൾ മഹേന്ദ്രനു മനസ്സിലായി.

അവൻ ഒരൊറ്റ കുതിക്കു കോണിപ്പടികൾ കയറി. വലിയമ്മാവന്റെ മെലിഞ്ഞ, മുടിക്കുന്ന കാലുകൾ തൊട്ടു നമിച്ചിട്ടു് അവൻ എണീറ്റു. അദ്ദേഹത്തിന്റെ മുഖമായിനിന്നു. അവൻ അയാളുടെ വൃദ്ധനേത്രങ്ങളിലേക്കു് ഉറ്റുനോക്കി. ആഴമേറിയ മൃഗതൃഷ്ണയുടെയോ ഉള്ളുരുകുന്ന നിരാശയിൽനിന്നെന്നതറിയില്ല, ആ കണ്ണുകളുടെ അടിത്തട്ടുകളിലവിടെയോനിന്നുറിപ്പൊന്ന ചുടുമിഴിനീർ അയാളുടെ കണ്ണുകളിൽ നിറഞ്ഞു. പിന്നെ കരകവിഞ്ഞു്, കഴിഞ്ഞ കവിൾത്തടത്തിലേക്കു് ഒലിച്ചിറങ്ങി. അയാളുടെ അസ്ഥിമാത്രമായ കൈകൾ അവനെ ആലിംഗനംചെയ്യാൻ നീണ്ടുവന്നു.

ചുവട്ടിൽനിന്നു് ലക്ഷ്മിക്കുട്ടിയുടെ ശബ്ദം കേട്ടു.

"മഹേന്ദ്രാ, വന്നു ചായ കുടിച്ചു!"

—0—

എ. ടി. കോവൂർ തട്ടിപ്പുകാരൻ

(8-ാം നിന്നു തുടർച്ച

കാർക്കു് ഭൗതികാതീതശക്തിയിൽ വിശ്വാസമില്ലെന്നു പറയുന്നില്ല. ആത്മവഞ്ചയാണു്. ആദ്യത്തെ പരീക്ഷണത്തിനുള്ള ആറാംബാബു് പെട്ടിയപ്പോൾ ഓപ്പൺ ഹീയർ ഞെട്ടിത്തെറിച്ചുകൊണ്ടു പറഞ്ഞുപോയി "ദിസ് ഈസ് ഓസ്സസ്... ഇതു് ഭഗവത്ഗീതയിലെ വരികളായിരുന്നു.

അടുത്തലക്കത്തിൽ

ആരാണീ ഭഗവാൻ സത്യസായിബാബ?

മലയാളനാടു്
കുടുംബമാസിക

സായിബാബയെ ആരാധിക്കുന്നവരും അവിശ്വസിക്കുന്നവരും പൊതുവായി സമ്മതിക്കുന്ന ഒരു വസ്തുതയുണ്ടു്, സായിബാബ ഒരു വിചാരപുരുഷനാണു്. അല്ലെങ്കിൽ അതീന്ദ്രപ്രതിഭാസമാണു്. തട്ടിപ്പുകാരനും, ദിവ്യനെന്നുള്ള വാദഗോഷ്ഠങ്ങൾക്കിടയിൽ ഇവർ ഞങ്ങളുടെയിപ്പോഴത്തെ ജനലക്ഷങ്ങളെ ആകർഷിക്കുന്നു. ആശ്ചര്യകരമായ വിചിത്രനെഴുത്തുകൾ ഒരു പുതിയ കാഴ്ചപ്പാടിൽ നിങ്ങൾ പരിചയപ്പെടുക.

വി. ബി. സി. നായർ

എഴുതുന്ന

"ആരാണീ ഭഗവാൻ സത്യസായിബാബ?"

യഥാസ്ഥിതികമൂല്യങ്ങളെ എതിർക്കുന്നതുപോലെതന്നെ ഇന്നു മനസ്സോടെ സ്വീകരിക്കുന്ന സമ്പ്രദായങ്ങളെയും അപഗ്രഥനം ചെയ്യേണ്ടതുണ്ടു്. ഈ ലക്കത്തിലെ ചില പ്രധാനകൾ ക്ഷേത്രിലെ സന്ന്യാസത്തെ സുവിശേഷം എന്ന ഗ്രന്ഥം വിലയിരുത്തിക്കൊണ്ടു്,

ചിന്തയ്ക്കു് ഒരു പുത്തൻ കാറ്റു് വേണമെന്നു്

നരേന്ദ്രപ്രസാദു്

കഥ

പ്രതിസന്ധിഘട്ടത്തിലൂടെ ആ പരിചയത്തിലുണ്ടായിരുന്ന കന്യക കടന്നുപോയി. ആകാശത്തിലായിരുന്നു ഒരു നിശാവസ്ത്രകൾ ആ കണ്ണുകളിലേക്കിറങ്ങിവന്നു.

പുതിയൊരു കാലപ്രവാഹത്തിന്റെ ചുഴികൾ നിവരുന്നു

എം. ബാലകൃഷ്ണൻനായരുടെ "ഒന്നാമങ്കം"

ഇഗോഷ്യസ്

എഴുതുന്ന

"നാലു നല്ലവരും ഒരു നാറിയും"

എന്റെ ആദ്യത്തെ കഥാപരമ്പരയിൽ

കെ. സുകുമാരൻനായരുടെ "കുമാരസംഭവം"

എ. ഡി. രാജന്റെ അന്യരുടെ അവസാനാദ്ധ്യായം

കവിത

പി. കുഞ്ഞിരാമൻനായർ
സുന്ദരേശർ

പംക്തികൾ

സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ

കാർമ്മയുടെ രംഗങ്ങളിൽ
—ജി. ശങ്കരക്കുറുപ്പു്

നോവൽ

തകഴി. സാറാതോമസ്സു്
കാക്കനാടൻ

സിനിമ

രംഗലക്ഷ്മിയുടെ ചിത്രനിരൂപണം, വാർത്തകൾ ചിത്രങ്ങൾ

കൂടാതെ
ശാസ്ത്രപംക്തി, ചിത്രകഥ, വായനക്കാരുടെ കുറിപ്പുകൾ മുതലായവ.

ചുവന്നകിടക്കയുടെകിനാവ്

എം. ഷൺമുഖദാസ്

"ചുവന്ന കിടക്കയുടെ കിനാവ്" എന്ന പേരിൽ അറിയപ്പെടുന്ന അതിബൃഹത്തായ ഒരു ആത്മകഥാനോവലുണ്ട് ഫ്രെഞ്ചിസ ഭാഷയിൽ. പതിനേഴാം നൂറ്റാണ്ടുമദ്ധ്യത സംവോ ചാൻ എന്ന ധനികപണ്ഡിതൻ, തന്റെ തകർന്ന താവാദിന്റെ ശോകസാന്ദ്രമായ കഥ, കല്പിതകഥയുടെ പരിവേഷമണിയിച്ച് അവതരിപ്പിച്ചിരിക്കയാണ് ഈ ചേതസ്സമർത്ഥകഥാകല്പനയിൽ. ജാപ്പനീസ് ഭാഷയിലെ ഏറ്റവും ചൊല്ലിയന്ന നോവലിനോളം—"ഗഞ്ചിയുടെ കഥ"യോളം—ഉൽകൃഷ്ടത "ചുവന്ന കിടക്ക"യ്ക്കുണ്ടെന്ന അഭിപ്രായക്കാർ, ഉയർന്ന ശൈവൽവാഴ്വനക്കാരുടെ കൂട്ടത്തിൽത്തന്നെയുണ്ട്. "ഗഞ്ചി"യുടെ കലാപരമായ കോട്ടമില്ലായ്മ "ചുവന്ന കിടക്ക"യുടെ കിനാവിന്നില്ല, മുറാസകിപ്രഭാവത്തിന്റെ നോവലിനുള്ള യോഗാത്മകബുദ്ധതാനുഭൂതിയും ഇതിനില്ല.

വരായതുകൊണ്ടാവാം, "ചുവന്ന കിടക്ക"യിലെ കഥാപാത്രങ്ങൾ ദൈനന്ദിനജീവിതത്തിൽനിന്ന് ഒപ്പിയെടുത്തതുപോലുണ്ട്. ഈ കഥാപാത്രങ്ങൾ, ട്രെഷ്സ്ങ്ങപ്പർ സദൃശമായ ഏതോ മതിലിനപ്പുറത്തുണ്ട് അവതരിപ്പിക്കപ്പെടുന്ന ഒരു ധർമ്മികനഗ്നത (moral nudity) യിൽ നില്ക്കുന്നതായിട്ടാണ് നമുക്ക് തോന്നുക.

ഫ്രെശ്വാദ്യപ്രഭുപത്നിമാരുടെ കൊട്ടാരത്തിൽ വാണിരുന്ന "ചിയാ"കട്ടംബം, കലഞ്ഞിന്റെ കടുത്ത ദുരാഹാതൃത്തിൽപ്പെട്ട് അസ്തംഗതമാകുന്നതാണ് നോവലിന്റെ പശ്ചാത്തലം. ഈ പശ്ചാത്തലമാകട്ടെ, നായികനായകന്മാരുടെ — പാട്രോ — യുവിന്റേയും തെയ്—യുവിന്റേയും—ദുരന്തപ്രേമകഥയുടെ കർട്ടനായി മാത്രമാണ് ദ്യോതിക്കപ്പെട്ടിട്ടുള്ളൂ. കൂട്ടത്തിൽ ചാഞ്ഞുകൊള്ളുന്ന സപ്പ്നങ്ങൾ മുന്നിട്ടുനിൽക്കുന്നുവെങ്കിലും ഈ നോവലിൽ മൗലികമായ ഒരു സപ്പ്നങ്ങളുമില്ല.

ഇതിവൃത്തം അസാധാരണമാണെന്നു പറഞ്ഞുകൂടാ. ക്ലാസിക്കൽ രചനകൾ കഥാസംഹിതയിലെ സർവ്വസാധാരണ ഒരു പ്രമേയമാണ്, "സ്ത്രീകൾ തിരിക്കുന്ന വീട്" നശിച്ചു നാനാവിധമാകുന്നു. "ചുവന്ന മുറിയുടെ സപ്പ്ന"ത്തിനു വിശേഷവിധിയായി ഒരു പ്രമേയപ്രത്യേകതയുള്ളതുമില്ല. ഇങ്ങനെ സ്ത്രീവിദ്വേഷം നടത്തുന്നതിൽപ്പോലും, രചനകൾ സാമൂഹ്യജീവിതത്തിന്റെ അന്നത്തെ സ്ത്രീനിഷ്ഠമായ ബാഹ്യരൂപത്തെ അങ്ങേയറ്റം പിന്തുടർന്നിട്ടുണ്ടെന്നതാണ്. ഇങ്ങനെയൊരു രചനയും, നോവലിലുണ്ടെന്ന്, അതു വായിക്കുമ്പോൾ തോന്നുകയില്ല. അതു ചുറ്റുപാടും ആകർഷകമാണ് കഥാകഥനം.

ഒരു പ്രത്യേക ജീവിതമണ്ഡലത്തെ വരച്ചുകാട്ടി, ആ ചിത്രീകരണത്തിലൂടെ ജീവിതത്തിന്റെ—സമഗ്രമായ ജീവിതത്തിന്റെ—അപ്രമേയമായ അർത്ഥത്തിലെത്തിച്ചേരുകയാണ് നോവലിസ്റ്റിന്റെ ശ്രമം. ആത്മകഥാഖ്യകർത്താക്കളെ മാറിമാറിച്ചു നിർത്തിച്ചതായിട്ടും, ഈ ഉദ്യമത്തിൽ അദ്ദേഹം സമ്പൂർണ്ണമായി വിജയിച്ചിരിക്കുന്നു. മറ്റെല്ലാ അർത്ഥാന്വേഷകളേയും മറച്ചുകളയുന്ന മനഃശ്ശാസ്ത്രജീവിതപ്രതിഭാസത്തെ അതിയേറെ സ്വാഭാവികമായദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു.

കഥനായകൻ അലസനാണ്. അലസനായ അനാകർഷകതയുടെ അവസാനത്തെ വാക്കുമാണ്. ഉറുമ്പിനെപ്പോലും നോവിക്കാൻ വിമനസ്കനായ ഒരു ഭോലചിത്തൻ.

മഹാഭീരുവാണ്, ഒരു കാര്യത്തിലും സ്ഥിരതയില്ലാത്തവനാണ്. ധാരാളം പണമുണ്ട്, പുസ്തകജ്ഞാനമുണ്ട്. അമിതമായ സംഭോഗാസക്തിയാണ് അദ്ദേഹത്തിന്റെ മറ്റൊരു മാറാരോഗം. ഇദ്ദേഹത്തിന്റെ പ്രധാന കൂട്ടുകാരും, രണ്ടു കഥനായികയാവാൻ പോരുന്നവരുമുള്ളവരും ഒപ്പോലെ ഹിസ്റ്റീരിയ ബാധിച്ച പരുവമാണ്. ഫ്രഞ്ചുകാരുടെ ഈ നാണംകെട്ട കഥാപാത്രം. (ഫ്രെഞ്ചിസ് നോവലുകളിൽ സുപരിചിതരാണിവർ).

വലിയൊരു വീടിന്റെ അന്തഃപുരത്തിൽവച്ചാണ്, ഈ നോവലിലെ പ്രധാനസംഭവങ്ങളെല്ലാം നടക്കുന്നത്. സംഭവങ്ങളുടെ പരമ്പരകൾ, സ്ത്രീകളുടെ വകഭേദങ്ങളായ പെൺകുട്ടികൾ, വൃദ്ധകളായ പരിചാരികമാർ, കുട്ടികൾ തുടങ്ങിയവരാണ് കൈകാര്യം ചെയ്യുന്നത്. അങ്ങനെ കലഹം തുന്നിച്ചേർത്തു നിങ്ങുന്ന, യഥാർത്ഥജീവിതത്തിലെന്നപോലെ, കഥാപാത്രങ്ങൾ ക്ഷീണിക്കുന്നു. പരകീയർക്കുകൊടുത്തു മറക്കുന്ന, രോഗബാധിതരാകുന്ന, കടത്തിൽ മരിക്കുന്ന, നോവലിന്റെ അന്ത്യത്തിൽ എല്ലാവരും (വായനക്കാരല്ല, കഥാപാത്രങ്ങൾ) തളർന്നുതകർന്ന അവസ്ഥയിലാണ്.

എന്നിട്ടും—ഇതാണ് കലയുടെ, വിശിഷ്യ ആഖ്യാനകലയുടെ അത്ഭുതം—കഥാനായകൻ ഒരു ബുദ്ധനപ്പോലെ ജ്ഞാനോദയത്തിലേക്കു നിങ്ങുന്ന പ്രതീതിയുണ്ടാക്കുന്നു. തന്നെ ചൂഴ്ന്ന ദുഃഖപരിവേഷവുമായി ആ രോഗചിത്തൻ യിരമ്മയെ മല്ലിട്ടതും നടത്തണ്ടിവന്നും, കട്ടിലിൽ, മേഘനം എന്നിച്ചുമ്പോൾ, ജയവും തോൽവിയും ഒരുപോലായിത്തീരുകയാണുണ്ടാവുന്നു. ജീവിതത്തിന്റെ അതിനിഗൂഢരഹസ്യങ്ങളിലേക്കു നമ്മെ നയിക്കുന്ന ഈ നോവൽ, സപ്പ്നങ്ങളുടെ ഒരു പരമ്പരയിലൂടെയാണ് മുന്നോട്ടുനീങ്ങുന്നു. പാട്രോ—യുവനെ വെറുക്കുന്ന പെൺകുട്ടികളും, അയാളെ സ്നേഹിക്കുന്ന പെൺകുട്ടികളും (ഇന്നലത്തെ സ്നേഹകരിക്കിടക്കുന്നു, ഇന്നത്തെ ശത്രുക്കൾ) ഇങ്ങനൂറ്റണ്ടുമുമ്പുമുള്ള സൃഷ്ടിപ്രജ്ഞരെക്കൊണ്ടും അയവു വരുത്താത്ത വിദ്വേഷപൂർവ്വം കൊണ്ടും അയാളെ കഴിയുന്നതും ഉപദ്രവിക്കുന്ന അമ്മൂർ ചിരപരിചയവും മുന്നിയ മിഴിവുള്ള കഥാപാത്രങ്ങൾതന്നെ. മനുഷ്യബന്ധങ്ങളെ അനന്തരയകരമായ നടക്കിയതയോടെ വരച്ചുകാണിക്കുന്ന ഈ നോവൽ, ഉപരിപ്ലവതലത്തിൽ ക്ഷണികവും ക്ഷുദ്രവുമായ വഞ്ചനകളുടെ രൂപപ്പെടുത്തലുകളായിത്തോന്നാം.

സംസ്കൃതചിന്തനായ വായനക്കാരെ, "ചുവന്ന കിടക്ക"യുടെ സപ്പ്നത്തിൽ കണ്ടെത്തുക, നിത്യസാധാരണസംഭവങ്ങളുടെ കുമിഴ്വാസനിൽ തെളിഞ്ഞുകത്തുന്ന മനുഷ്യഹൃദയവിശാലതയായിരിക്കും.

—0—

കീഴടങ്ങിതരാൻ ഞാൻ നിഴലിലായ അങ്ങാൻ

ഇന്നലെയിൽ നാളെ അവരെന്നെ പിടിച്ചിട്ടും എന്നെ മുൾമുടി ചൂടിക്കും. എന്റെ വിലാപ്പുറത്തു കന്തംകൊണ്ടു കുത്തും. എനിക്കു വേണ്ടി അവരണിയിക്കുന്ന കരിശിൽക്കിടന്നു ഞാൻ മരിക്കും.

മരിച്ചോട്ടെ.

കാരേ നിമിഷവും ഞാൻ മരണം പ്രതീക്ഷിക്കുന്നു.

ഏതു നിമിഷവും പിടിക്കപ്പെടും. പിടിച്ചോട്ടെ. കരിശിൽ തറച്ചോട്ടെ.

പക്ഷേ, കരിശിൽ മരിച്ച യേശുവിനെപ്പോലെ സുന്ദരന്മാരാൽ ഞാൻ ഉയർത്തഴുന്നേല്ക്കും. എന്റെ കാരേ രക്തത്തുള്ളിയിൽ നിന്നും കാരേ വിപ്ലവകാരികൾ ജനിക്കും.

എന്റെ രക്തത്തിനുവേണ്ടി ദാഹിക്കുന്ന വരുടേയും ഞാവലുടെ ശ്രദ്ധയുടേയും രക്തത്തിനുവേണ്ടി ഉയർത്തഴുന്നേല്പിനുവേണ്ടി കാലമുടിയെന്റെ രക്തം കേഴും. എനിക്കുമ്പായി ക്രൂശിക്കപ്പെട്ടുള്ള സകല രക്തസാക്ഷികളുടേയും രക്തം കേഴും.

പെരുമ്പടവം ശ്രീധരൻ

കഥ

കരേ നാൾ മുമ്പ് ഒരു കത്തോലിക്കാപുരോഹിതരിയോട് ഞാൻ തർക്കിച്ചു.

"—ക്രിസ്തു ആരാണെന്നാണ് നിങ്ങളുടെ വിചാരം?"

കഴുത്തിൽ സപ്തസ്വരിയിലിരിക്കുന്ന അലകാരമുള്ള കത്തോലിക്കാ പുരോഹിതന്റെ കണ്ണുകൾ ആകാശത്തിന്റെ നേരെയുയർന്നത്തിൽ അടഞ്ഞു.

"അവൻ ഭൂമിയിൽ സകല മനുഷ്യരുടേയും പാപങ്ങൾ ഏറ്റുവാങ്ങാൻ വന്ന ദേവപുരുഷനായിരുന്നു. മനുഷ്യരുടെ പാപങ്ങളെ പ്രതി അവൻ കരിശിന്മേൽ മരിച്ചു."

മരിച്ചവരുടെ പൊങ്ങച്ചളിൽനിന്ന് മരിച്ചവരുടെ ആത്മാവുകൾക്ക് മോക്ഷപ്രാപ്തിക്കായി കർമ്മാനുഷ്ഠാനം ചൊല്ലിയതിനുള്ള ശമ്പളം മുന്നുവട്ടം കണക്കു പറയുന്ന പാതിരിയുടെ മുഖപ്പകർച്ച കണ്ടപ്പോൾ ചിരി വന്നു.

"അങ്ങനെ അല്ലച്ചോ! യേശു വിപ്ലവകാരിയായിരുന്നു. പള്ളീയ്ക്കും പട്ടക്കാരൊക്കെ ഒരു ഭൂഷ്യവർഗ്ഗത്തിനും എതിരെ വിപ്ലവമുണ്ടാക്കിയ മനുഷ്യസ്നേഹിയായിരുന്നു. ഉള്ളവനിലുമുള്ളവരുടേയും കിടപ്പാടങ്ങൾ ആകാശത്തിൻകീഴിൽ കുടിയേറ്റിയവരുടേയും മരുഭൂമിനിന്ന് അവരുടെ മോചനത്തിനുവേണ്ടി അവൻ കലാപമുണ്ടാക്കി. പള്ളിക്കാരും ബൂർഷ്വാമണികളും ചേർന്ന് അവനെ കൊന്നു."

അസഹിഷ്ണുതയോടെ പാതിരി പിറുപിറുത്തു.

"നീ കഴപ്പുക്കാരനാണല്ലേ."

"അന്നായും കയ്യാഫാസും പന്തു യേശുവിനെ ചുമ്മി പറഞ്ഞതും ഇതുതന്നെയായിരുന്നു! അവൻ കഴപ്പുക്കാരനാണെന്ന്, അവനെ ക്രൂശിക്കണമെന്ന്."

—ഞാൻ കഴപ്പുക്കാരനാണെന്ന നിങ്ങൾ പറയുമ്പോൾ ഞാൻ സന്തോഷിക്കുന്നു. ലോകത്തുണ്ടായിട്ടുള്ള എല്ലാ നല്ല മനുഷ്യരും കഴപ്പുക്കാരായിരുന്നു. സോക്രട്ടീസും യേശുവുമൊക്കെ കഴപ്പുക്കാരായിരുന്നു. ജീവിതത്തെ പുച്ഛിപ്പിണിയാക്കുന്ന ജീർണ്ണിച്ച സാമൂഹ്യവ്യവസ്ഥിതിയെ തച്ചുടയ്ക്കാനും മനുഷ്യത്വമുള്ള ഒരു പുതിയ സമൂഹത്തെ സൃഷ്ടിക്കാനും വേണ്ടി പോരാടിയവരായിരുന്നു അവരെല്ലാം കൊന്നു.

പാതിരി കൊഞ്ഞനം കുത്തി.

മലയാറകളുടെ അന്തരാത്മാവിൽ അവർ പുനർജ്ജനിച്ചുകൊണ്ടിരിക്കും.

എന്റെ സഖാക്കളേ, സമ്പന്നർക്കുവേണ്ടിമാത്രം നീതിപുസ്തകങ്ങളിൽനിന്ന് ഈ നാടിനെ മോചിപ്പിക്കുവാനുള്ള കാലം വൈകി.

എന്റെ സഖാക്കളേ,

സോക്രട്ടീസും യേശുക്രിസ്തുവും നിങ്ങളിൽ ഉയർത്തഴുന്നേല്ക്കട്ടെ. ലെനിനും ചെഗുവേരയും നിങ്ങളിൽ പുനർജ്ജനിക്കട്ടെ. വരും, അർജ്ജുനന്റെ ആയുധവിദ്യയായി പുതിയ കരുക്കോടുകളിലുമുള്ള വരും.

ഭൂമിയിൽ മനുഷ്യനെ ഇരുട്ടിലാഴ്ത്തിയ വിപ്ലവകാരികളുടെ അനാചാരമായ പാദമുദ്രകൾ പതിഞ്ഞ ഈ വഴിയിൽ, എന്റെ വഴിയിൽ ഞാനിരിക്കും.

കരിക്കൻ എന്റെ കാതുകൾ ചോദിച്ചു:

"എന്തിനാ ഈ സാഹസത്തിനൊക്കെ തുനിഞ്ഞതെന്ന്? ഓർക്കുമ്പോ എനിയ്ക്കു ചിരിയാകുന്നു."

—മണ്ടനിപ്പെണ്ണ്. അതാണതിന്റെ ലിംഗമെന്ന്. എനിക്കു ജ്വലിക്കണം. ആളിപ്പടരണം."

"ജീവൻ പണയം വെച്ചുള്ള കളിയാണെന്നോർമ്മയുണ്ടോ?"

"അതുകൊണ്ടല്ലേ ഈ കളിയിൽ എനിക്കു രസം...?"

അവൾ ഇടയ്ക്കൊക്കെ ചോദിച്ചു:

"നിങ്ങൾ പറയുന്ന ആ ചെഗുവേരയുടെ കാര്യമെന്തായിരുന്നു?"

"ഉണ്ടായിരുന്നു. ഇപ്പോൾ ലോകമെമ്പാടുമുണ്ട്."

ഒരിക്കൽ സന്ധ്യയ്ക്ക് യക്ഷിക്കാവിന്റെ പിന്നാമ്പുറത്തുള്ള കുളിർവെച്ചു യാത്രപറയുമ്പോൾ അവൾ കണ്ണീരോടെ ചോദിച്ചു:

"ഇനി എന്നാ കാണണെ?"

ഒന്നുമിണ്ടാതെ അവളുടെ കവിളുള്ള തൊട്ടു ചിരിച്ചു.

—എന്റെ പെണ്ണേ, ഇനി എന്നാകാന

(ശേഷം 62-ൽ)

സാഹിത്യവാരഫലം

എം. കൃഷ്ണൻനായർ

ഇപ്രകാരം ശതാബ്ദത്തിലെ സാഹിത്യമെന്ന കൊള്ളിക്ക് ക്ഷവിദിനമാക്കുന്നവരുണ്ട് നമ്മളെല്ലും. അങ്ങനെയുള്ള നമുക്ക് അന്ധകാരത്തിലെ ഏകാന്തതയും പോലെ, മണൽക്കാട്ടിലെ ജലാശയവും പ്രിയപ്പെട്ടതാണ്. ഭോലെ കർഷകത്തിലെ ഉത്കൃഷ്ടഫലം പോലെ ഒരു ചെറുകഥ കിട്ടിയിരിക്കുന്നു. ശ്രീ സേതുവിന്റെ "യാത്രയിൽ ഒരു തടവളം" മാതൃഭൂമി ആഴ്ചപ്പതിപ്പിൽ (ജൂലൈ 22) അക്ഷരം കാണാം. ആദ്യമേ പറയട്ടെ. അതൊരു അർത്ഥവാദകഥയാണ് ഇംഗ്ലീഷിൽ ഇത്തരം കഥകളെ Parables) എന്നു വിളിക്കും. ദൃഷ്ടാന്തകഥ ജീവിതയാത്രക്കാരെ ചിന്തിപ്പിക്കുന്നു

ജീവിതരഹസ്യങ്ങളിലേക്ക് കൈചൂണ്ടുക എന്നതാണ് അർത്ഥവാദകഥകളുടെ സ്വഭാവം. സേതുവിന്റെ കഥയുടെ രീതി ഇതുതന്നെ. കൊമ്പൻമീശക്കാരൻ ഒരാൾ കണ്ണ ബസ്സിനകത്തു് ആണ്ടുകളുണ്ട്, പെണ്ണുങ്ങളുണ്ട്, രണ്ടും കെട്ടവരുണ്ട്, തൊഴിലാളിയും ഗ്രാമസ്ഥനും കൊലപാതകിയും പുരോഹിതനും ഭയശൂന്യനും ഉണ്ട്. മീശക്കാരൻ ബസ്സ് കണ്ടക്ടറെ നിർത്തി, എല്ലാവരോടും ഇറങ്ങാൻ ആജ്ഞാപിച്ചു. അയാളാൽ നയിക്കപ്പെട്ട് യാത്രക്കാർ ഒരു മണിക്കൂറിനുള്ളിൽ പ്രവേശിച്ചു. അവർ അവിടെചെന്നതു കഷ്ടമായി കഴിച്ചു. ഭാരോ യാത്രക്കാരനും കാരണം ആവശ്യപ്പെട്ടു. അയാളിൽ കൊടുക്കാമെന്ന് മീശക്കാരൻ സമ്മതിച്ചു. പിന്നീട് അവർ ചീട്ടുകളിക്കുകയായി. സ്പേഡ് ഏയ്സ് (ഇസ്പീഡ് ആസ്) കിട്ടുന്നവനെ വേശ്യയുമായി വേഴ്ചയിലേർപ്പെടാം എന്ന മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടാണ് കളി, പക്ഷേ, ആ ചീട്ട് നേരത്തെ തന്നെ കീറിക്കളഞ്ഞു. അളുകൊണ്ട് ആർക്കും വേശ്യയെ കിട്ടിയില്ല. ഒടുവിൽ യാത്രയുടനെയായപ്പോൾ, എങ്ങോട്ട്? ആർക്കും നിശ്ചയമില്ല. കൊമ്പൻമീശക്കാരൻ അവരെ എങ്ങോട്ടുകൊണ്ടുപോകുമെന്ന് ആർക്കറിയാം? മീശക്കാരൻ സർവ്വാധിപതിയായി ഭവിക്കുകയും യാത്രക്കാരെ പോലെ പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അയാൾ വിധേയരാണെന്ന പ്രതീതി നമുക്ക് ഉളവാകുന്നു. യാത്രക്കാർ തെറ്റിലേക്കു് അയാളെ അനുസരിക്കുമ്പോൾ അവർ അപ്രധാനമായ ധർമ്മമായിരിക്കുവധേയരാകുന്നു മനുഷ്യരാണെന്ന് നമുക്കു മനസ്സിലാകുന്നു. പ്രവർത്തനത്തിനേ ചിന്തയ്ക്കോ സ്വാതന്ത്ര്യമില്ലാത്ത മനുഷ്യർ. ഒടുവിൽ അവർ പിടിച്ചടിച്ചു മരിക്കും. അതല്ലാതെ വേറെന്തു സംഭവിക്കാൻ? അനുവാചകന്റെ ഉത്കണ്ഠയെ വർദ്ധിപ്പിക്കുന്നതിൽ സേതു കഥ പറഞ്ഞിരിക്കുന്നു. കഥയിലെ ആശയങ്ങൾ കഥാകഥനത്തിൽ അലിഞ്ഞുചേർന്നതായതുകൊണ്ട് നമുക്കു തോന്നുക ഇതു കഥയല്ല, ജീവിതമാണെന്നാണ്. ഇതാണ് കലാകാരന്റെ വിജയം.

ഉള്ളൂരിന്റെ

യാത്രയിൽ ഒരു തടവളം" എന്ന കഥയുടെ ദോഷമിതത്രേ യുവതി ജോലിക്കുവേണ്ടി ഒരുനാടൻ പോകുന്നു. അവിടെ ഇഷ്ടപ്പെടുന്നവരെ സ്വന്തം നാട്ടിൽ തിരിച്ചുവരുന്നു. അവളുടെ ദുഃഖം, ആശ്രയമില്ലായ്മ ഇവയെല്ലാം കഥാകാരി ചിത്രീകരിക്കുന്നുണ്ട്. കഥയുടെ രൂപശില്പത്തിനും നൂതനതയില്ല പക്ഷേ, ഒരുതരം ഭംഗി കാവ്യ്. അസാധാരണമായിരിക്കുന്നു ആ ഭൂമികയെന്നു പറയാമോ? അതില്ല വാക്ക്. പിന്നെന്താണ്? വായനക്കാർതന്നെ ആലോചിക്കട്ടെ. കഴിഞ്ഞവർഷം തിരുവനന്തപുരത്തു് എത്തിയ ഒരു സർക്കസ്സു കമ്പനിക്കാരുടെ സർക്കസ്സ് കാണാൻ ഞാൻ പോയിരുന്നു. സംഘം, വ്യായാമം, കരടി എന്നിവ ഉഗ്രങ്ങളെ കാഴ്ചക്കാരുടെ മുൻപിൽ ഇറക്കിനിർത്തിയിട്ട് ഒരുത്തൻ നീണ്ട ചാട്ടുകൊണ്ട് കാരണമെന്നിനേയും അടിക്കും. അപ്പോൾ

ആ ജന്തുക്കൾ കരുതിച്ചവന്നു് രക്ഷണമെടുക്കുന്നു. അപ്രകാരം "കലയുടെ ചാട്ടുകൊണ്ടു് അനുവാചകരെ അടക്കുന്നു. അവർ ആനന്ദാനുഭൂതിയെന്ന രക്ഷണം എടുക്കുന്നു. ഈ രക്ഷണങ്ങളിലേയ്ക്കു് സഞ്ചരിക്കുന്നു. എങ്കിലും ചാട്ടുവാറുടിയേറുകൊണ്ടുള്ള രക്ഷണംകഴിഞ്ഞാൽ വേദനാജനകമാണ്.

പണ്ടു്, കുട്ടനെ ദേഹം പിടിപെട്ടവരെ ഇരുത്തിക്കാൻ പ്രത്യേകിച്ചാളുകളുണ്ടായിരുന്നു. അവർ കുറച്ചു ധാരാളം രോഗികളുടെ അടുത്തിരിക്കും, അങ്ങനെ ഇരുന്നിരുന്നു് മുഷിയുമ്പോൾ അവർ ജീവനുള്ള രോഗികളെ പായിൽ കുടഞ്ഞിടുകയും ചെയ്യും. ബന്ധുക്കൾ ചോദിച്ചാൽ രോഗികൾ മരിച്ചുപോയെന്ന മറുപടി നല്കുകയും ചെയ്യും. മരിക്കാത്ത പാവങ്ങൾ പാമ്പുകടിയേറ്റ് ശരിക്കും മരിക്കും. അങ്ങനെ മരിച്ചില്ലെങ്കിൽ ശ്മശാനത്തിൽ കൊണ്ടുചെന്നു കുഴിച്ചുമൂടുമ്പോൾ മരിച്ചുകൊള്ളും. മലയാളസാഹിത്യത്തിലുണ്ടാകുന്ന ചെറുകഥകൾ വായിച്ചുവായിച്ചു് മരിക്കാറായ വായനക്കാരെ ജീവനോടെ പായിൽ കുടഞ്ഞിടുകയാണ് കഷ്ടം. വായിക്കുന്നവർക്ക് "ഉഷ്ണത്തിൻറെ രണ്ടുവർഷങ്ങൾ" എന്ന കഥാസംഭവിച്ച ശ്രീ. കവ്വൂർ പ്രസന്നരാജൻ. യുവതിയും യുവാവുമായുള്ള ബന്ധമാണ് ഇദ്ദേഹത്തിന്റെ പ്രതിപാദ്യവിഷയം. അങ്ങനെയുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുമെങ്കിൽ കാട്ടരുവി, കാളിമന, കാട്ടുകുറിഞ്ഞി, സന്ധ്യ എന്നിവയെല്ലാം പെട്ടെന്നുതന്നെ ഓർമ്മിച്ചുവച്ചിരിക്കുന്ന ചിലരെങ്കിലുണ്ട് പ്രസന്നരാജനും ഉൾപ്പെടുക. പക്ഷേ പോലും കാല്പനികതയെക്കുറിക്കുന്നതാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. സംഭാഷണങ്ങളുടെ കാര്യം പറയാനുണ്ടായിരുന്നില്ല. ഇതാണ് "ഉഷ്ണത്തിൻറെ" സംഭാഷണം.

പെൺകുട്ടി: നീ മുല്ലപ്പൂള്ളയാണ്.

ഞാൻ തലയുയർത്തിനിലക്കുന്ന ഈ കിളവൻ. ഞാനില്ലാതെ നിനക്ക് ഒരു സ്ഥിരമില്ല. നിന്റെ ചൊട്ടകൾ എന്റേതല്ലെടിയാണ്. നിന്റെ ചൊട്ടകൾ വന്നപ്പോൾ ഞാനവ ഇറുത്തെടുക്കും. അവയുടെ സുഗന്ധത്തിൽ ഞാൻ ലയിക്കും.

"മാഷേട്ടൻ എന്നോടു ദേഷ്യമാണോ?"

അനൗപചാരികൻ പായിൽകിടന്നുകൊണ്ട് വിളിച്ചു പറയുന്നു:–

"അയ്യോ ഞാൻ മരിച്ചു്ട്ടില്ലേ, എന്നെ കുഴിച്ചിട്ടുകളഞ്ഞേ" ആരു കേൾക്കാൻ? പ്രസന്നരാജൻ ദൂഷ്യത്തോടെ പായ് ചുരുട്ടുന്നു. കെട്ടുന്നു. ശ്മശാനത്തിലേക്ക് കൊണ്ടുപോകുന്നു.

ഇക്കാലത്തു് യഥാർത്ഥമായ ഫാസും വളരെ കുറവാണു്, മിക്കവാറും ഫാസ്യത്തിന്റെപേരിൽ വരുന്നതു് പച്ചത്തെറിയായിരിക്കും, അങ്ങനെയുള്ള ഈ കുമ്പളങ്ങിയിൽ ശ്രീ: അസീസ് ടീട്ട സ്വി "ചന്ദ്രിക"ആഴ്ചപ്പതിപ്പിൽ എഴുതിയ "യക്ഷന്റെ ദുഃഖം" എന്ന നർമ്മകഥ വായിക്കുന്നതു് അസുലഭമായ ഒരനുഭവമാണു്. സമയത്തിനു വിവാഹംകഴിക്കാത്തവർ ഗന്ധർവ്വന്മാരും പക്ഷികളോടും സ്നേഹമുള്ളവരായി മാറുമല്ലോ. ആ രീതിയിൽ പക്ഷിസ്നേഹപരമത്രയായി ബ്രഹ്മചര്യം അവിവാഹിതൻ ഒരു പച്ചക്കിളിയെ പോക്കറ്റിലിട്ടുകൊണ്ടു് സ്റ്റേറ്റസ് ട്രാൻസ്പോർട്ടബസ്സിൽ കയറുന്ന അയാൾ തൊട്ടടുപ്പുള്ളയാളുടെ ചീക്കൊറ്റുള്ളു. കയറുമ്പോൾ പോയപ്പോൾ പച്ചക്കിളി കരഞ്ഞ ചിലച്ചു. കണ്ടക്ടർ അതു കേട്ടു. "ആരുടെയെങ്കിലും കൈയിൽ കോഴിയോ മറ്റോ ഉണ്ടോ?" യാത്രക്കാരനു് സത്യം പറയേണ്ടതായിവന്നു. കണ്ടക്ടർ ഉടനെ ഒരു ഡിമാന്റ്'' വച്ചു. "ഒരു നാല്പ്പതുപൈസ" എട്ടണയോളം കിളിക്കു ടിക്കറ്റ് വാങ്ങണമെന്നതാണു നിയമം. അയാളുടെ കൈയിൽ പണമില്ല. അപ്പുൾ അടുത്ത സ്റ്റേഷനിൽ ഇറങ്ങേണ്ട വേറൊരു യാത്രക്കാരൻ എൺപതു പൈസ കൊടുത്തു കിളിയെ സ്വതന്ത്രമാക്കി. അയാൾ രണ്ടുപ്രാവശ്യം കിളിയെ ഉമ്മവച്ചിട്ടാണു് പുതിയ രക്ഷകനുവിനെ ഏല്പിച്ചതു്. കഥാകാരൻ കഥ അവസാനിപ്പിക്കുന്നതു നിർദ്ദാക്ഷിണ്യം നോക്കുക:–

"കാക്കിക്കോട്ടിനുള്ളിൽ നിലകർച്ചീഫ്വച്ചു ഡ്രൈവർ നാഗൻപിള്ള ഈ സംഭവവികാസസംഭാഷണങ്ങളൊന്നുമറിയാതെ, പെരിന്തൽമണ്ണയിൽനിന്നു് വായിൽകിടന്ന മുറുക്കാന്റെ അവശിഷ്ടങ്ങൾ നീണ്ടു. ചെയ്തിയുടെ ഗുണവിശേഷത്തെ മനസാ വാഴ്ത്തി മൃഗങ്ങൾ ഗോമതിയുടെ വിവാഹക്കാര്യത്തെക്കുറിച്ചു ചിന്തിച്ചു് വണ്ടി മുന്നോട്ടു പായിച്ചുകൊണ്ടിരുന്നു."

ഈ കഥയുടെ രാമണീയകമിരിക്കുന്നതു് ആ പച്ചക്കിളിയെ അവിവാഹിതന്റെ പ്രേമഭാജനമാക്കിയതിലാണു്. കിളിയെ വളർത്തുന്നു, അതിനെ താലോലിക്കുന്നു എന്നൊക്കെ യാത്രക്കാരൻ തന്നോടുതന്നെ പറയുമ്പോൾ അയാൾക്കു് അങ്ങനെകരുതുകയാണു്. കഥാകാരന്റെ മാനസികനിലയങ്ങളുടേതു്, ഇവിടെയാണു് സന്ദേഹമുദിക്കുന്നതു്. ഫാസ്യത്തിന്റെ ഉറവിടവും ഇതുതന്നെ.

ലൈംഗികരാഹിത്യം, ലൈംഗികവേഴ്ച ആ അഭിലാഷത്തിന്റെ പേരിലുണ്ടാകുന്ന അസൂയ എന്നിവയെ ഇഴയുന്നുകളിൽ ആരോപിച്ചു് ആവർത്തിക്കുകയാണു്. ശ്രീ. കെ. പി. ചന്ദ്രൻ, (സപ്തസംയോഗം എന്ന ചെറുകഥ –ജനയുഗം വാരിക ജൂലൈ 22) അദ്ദേഹത്തിന്റെ കഥയ്ക്കു ശക്തിയുണ്ടു്, പക്ഷേ, കഥയെന്ന വിലയിൻ അതു രണ്ടംശമാത്രമാണു്. അതൽ ഒരു വൈതഥ്യമുണ്ടില്ലേ? ഇല്ല റിച്ചേർഡ് റൈറ്റ് (Richard wright 1908 – 1960) എന്ന നീഗ്രോ സാഹിത്യകാരന്റെ എഴുതിയ Native son എന്ന നോവൽ വായിച്ചിട്ടുണ്ടോ? വായിക്കാത്തവർ അതൊന്നു വായിക്കണം. എല്ലാവരും പറയുന്ന വാക്കുകൾ ഞാനും പറഞ്ഞുകൊള്ളട്ടെ. ആനോവൽ കൈയിലെടുത്താൽ അതു തീരുന്നതുവരെ നാം അതു താഴെ വയ്ക്കുകയില്ല. പ്രധാന കഥാപാത്രത്തിന്റെ പേരു ബിഗർ തോമസ് (Bigger Thomas) എന്നാണെന്നാണു് എന്റെ ഓർമ്മ. ആ നീഗ്രോയുവാവു് ഒരു വെള്ളക്കാരിപ്പെൺകുട്ടിയെ യാദൃച്ഛികമായി കൊല്ലുന്നു. ആ കൊലപാതകം അയാൾ കൊന്ന പ്രാധാന്യത്തിന്റെ ബോധം ജനിപ്പിക്കുന്നു. ആ ബോധത്തോടുകൂടി അയാൾ പിന്നീടു് ഒരു നീഗ്രോയുവതിയെ കൊല്ലുന്ന രണ്ടാമത്തെ വധം സാധാരണമില്ല ആദ്യത്തെ വധത്തിനുവേണ്ടി ബിഗർ തോമസ് വധിക്കപ്പെടുന്നു. Native son എന്ന ഈ നോവലിനേക്കാൾ ശക്തിയുള്ള മറ്റു നോവലുകൾ അധികമില്ല. എങ്കിലും കലാസൃഷ്ടിയെന്ന നിലയിൽ അതിനു് അദ്വിതീയമായ സ്ഥാനമില്ല. ശക്തിയല്ലല്ലോ കല.

(ശേഷം 54–ൽ)

മുപ്പത്തൊമ്പതു്

വീടുവിറ്റു കിട്ടുന്നു് ശരിഭാഗം കിട്ടിക്കൊടുവിണ്ട മിന്നുമിന്നത്ത കുട്ടികളാണു് കോടീശ്വരക്കുറുപ്പു്. എന്നാലും ഉണക്കച്ചോറുണ്ടാൽ ആരും അങ്ങിനെ ആയിത്തീരുമത്രേ. മിന്നുമിന്നപ്പുണ്ടെങ്കിലും ഉച്ചോറിഞ്ഞാൽ പൊടി പറക്കും. പൊടിയിട്ടുകിയ പാട്ട കാണും. ശരീരത്തിൽ പലരോഗങ്ങളും അങ്ങിനെയുണ്ടു".

കോടീശ്വരക്കുറുപ്പിന്റെ കണ്ണുകൾ ചത്ത മീനിന്റെ കണ്ണുപോലിരിക്കുന്നു.

കോന്നോത്തുപിള്ളയ്ക്കു ദേവസ്വത്തിൽ വരേണ്ട കാര്യമില്ല. ദേവസ്വംകാര്യങ്ങളൊന്നുമറിയുന്നതുപോലും അദ്ദേഹത്തെ കുടുംബകാര്യസ്ഥനാക്കി കഴിവുകെട്ടിയിരിക്കുകയാണു്. കോതേടി കുടുംബകാര്യസ്ഥനെന്നു് അവസാനമായി വിധിച്ചില്ലെങ്കിൽത്തന്നെയും.

★

പലവേലക്കാരൻ പരമുവിനോടു കോടീശ്വരക്കുറുപ്പു് ഒരു ചോദ്യമാണു്.

"പരമുവേ, നിന്റെ കൈയിൽ വെറ്റയും പാക്കും പോലുമുണ്ടോ?"

എന്നാൽ മുറുക്കാനുണ്ടോ എന്നു ചോദിക്കുകയില്ല. അതു കറച്ചുലാണു്.

ആശാന്റെ വായ്ക്കുചുറ്റും ഒരുതരം കൊച്ചിച്ചപറക്കുന്നു. അതിനെ കൈകൊണ്ടു് ആട്ടിക്കാടിച്ചിട്ടുണ്ടു് ആശാൻ ചോദിക്കുന്നതു്.

ഒരു പക്ഷേ, കോടീശ്വരക്കുറുപ്പിന്റെ വായ് നാറുന്നുണ്ടാവാം. നാറാതുള്ളിടത്തു് ഇച്ച പാറും.

പരമു വിനയനാണു്. പരമു ചോദിച്ചു:

മുൽപടിക്കുടനേമാനൻ ശട്ടംകെട്ടിയ വെറ്ററക്കാൻ രാവിലെ ഞാൻ തന്നതല്ലേ.

ഇത്രയുകൊണ്ടു് വണ്ണം ചോറിഞ്ഞു ചൊടി പറിച്ചുകൊണ്ടു് കോടീശ്വരക്കുറുപ്പു പറഞ്ഞു:

"അതങ്ങു തിന്നുപോയല്ലോ"

"എന്നാലവിടെ ഇച്ചച്ചും ആട്ടി ഇരുന്നോ."

കോടീശ്വരന്റെ മുഖം നിന്നു കോട്ടുവാപ്പിട്ടു. പിന്നീടു് ഒരു കുന്തിരിപ്പാക്കി ഒരു നുണ്ടവളിയും പിടിച്ചു. ജഗന്നാഥൻ ഉണ്ണി മുറിക്കുപോലെ.

ഒരുക്ഷണം വോറിലയും, രണ്ടുക്ഷണം പാക്കും, ഒഴുണ്ടു പുകയിലത്തുണ്ടും പലവേല പരമു കൊടുത്തു. അതവന്റെ മനമറിഞ്ഞു.

ആശാൻ ഒന്നു സന്തോഷിച്ചു.

ചുണ്ണാമ്പില്ല. ചുണ്ണാമ്പില്ലാതെയാണു പരമു മുറുക്കുന്നതു് കോടീശ്വരനുവന്നതു്.

ആശാനു ദേഷ്യം തോന്നിയില്ല, മുറുക്കാൻ നോക്കിയിരിക്കെ മനക്കണ്ണുകൊണ്ടു കാണാലോകത്തു് ഒരു കൊച്ചുവെളുത്ത കുടയായിരിക്കുന്നു. അതു കരിച്ചുണ്ണാമ്പായിപ്പോയി.

നോവൽ

കയറു്

തകഴി

അവളുകിട്ടി, പരമുവിനോടു മുന്നുകൂട്ടം ചോദിച്ചുള്ള അതവൻ കൊണ്ടുതന്നു.

കോടീശ്വരനാശാൻ കുടുംബകാര്യസ്ഥനായി.

ദേവസ്വംകാര്യങ്ങൾ മുറപോലെ നടത്താൻ അധികാരമുണ്ടു്. ഇനം ഇന്നതു്, ഇന്നതുപോലെ നടത്തണമെന്നു പറയാം. അങ്ങിനെയൊന്നും നടക്കേണ്ടതില്ലെങ്കിലും

എന്തിനായിട്ടു കോന്നോത്തുപിള്ള വന്നു?

പൂഷ്പ വിറ്റുപോയ പുല്ലു വില്ലനോ?

കോടീശ്വരനാശാനിന്റെയും കോന്നോത്തുപിള്ളയുടെയും മുക്കിനുതാഴെ ദേവസ്വംകാര്യങ്ങൾ പലതും നടക്കുന്നുണ്ടു്.

ചുണ്ണൻവള്ളം അതിലൊന്നാണു്.

ചുണ്ടൻവള്ളത്തിന്റെ മത്സരത്തിൽ പങ്കെടുക്കുവാനും.

അതെന്തിനെന്നോ കോടീശ്വരനായ ആശാൻ ചോദിച്ചില്ല. കോന്നോത്തു പിള്ളയും ചോദിച്ചില്ല.

ചീട്ടുകൊമൻമാർക്കു ചോദിക്കാം. ചീട്ടുകൊമളും ചോദിച്ചില്ല.

★

ഉച്ചപൂജ കഴിഞ്ഞു. പലവേലപരുവിനോട് ആശാൻ ചോദിച്ചു:

"നമസ്കാരം കഴിഞ്ഞില്ലിയോ പരമൂ?"

ആശാന്റെ വരവുകണ്ടപ്പോൾ. രാവിലെ ഉരിയ ഉഷ്പ്പായസം വെങ്കിടി കൊണ്ടുവന്ന കൊച്ചുമായ്മനും. അവന് അമ്മയുണ്ടായിരുന്നില്ല.

വെച്ചുപ്പ് ഒരു പിടി മലർ കലവറക്കാരൻ രാവിലെ കൊടുത്തു.

"ഇതങ്ങു കൊറിച്ചോ ആശാനെ," അതയാളുടെ നല്ലമ്പുഡി.

അതു കൊറിച്ചതാണ്.

നമസ്കാരം കഴിഞ്ഞു. നാലുപേർക്കു നമസ്കാരമുണ്ടായിരുന്നു. ഇപ്പോൾ ആ പട്ടക്കാട്ടി അവകാശികൾക്കും ശൈവുകക്കാർക്കും ഊഴക്കാർക്കുമെല്ലാം ചോറു പടച്ചുകൊടുക്കുകയാണ്.

ഇനിയും എപ്പോഴായിരിക്കുമോ വരിക?

ആശാൻ നാമം ജപിച്ചു. നാമം ജപിച്ചാൽ വിശപ്പുമാറുകയില്ല. വിരൽ പിടിച്ചു നാമം ജപിച്ചാൽ വിശപ്പുതോന്നുകയില്ല. ആത്മാവിനു ഗതിയും കിട്ടും. പക്ഷേ, പെരുത്തു നാമജപം നിന്നുപോകുന്നു. അതു ആത്മാവുചെയ്ത പാപം കൊണ്ടാണ്.

പട്ടക്കാട്ടി അരിവച്ചു വാർപ്പു ഇറ്റുവാരി പരമുവും കല്യാണിയമ്മയായി ഒരു താമരയിലയിൽ ഒരു പിടി ചോറും ഒരു പിടി ഉപ്പും രണ്ടു മുളകും കൊണ്ടുവന്നുമായിരിക്കും!

പൂക്കാരൻ മാധവൻ ഒരു കെട്ട താമരയില പറിച്ചുകൊണ്ടുവന്നു അടുക്കിയിരിക്കുന്നു. അതിൽനിന്നും ഒരിലയും എടുത്തുകൊണ്ടു ആശാൻ വലിയ അടുക്കളവാതിലിലേക്കു നടന്നു.

വാതിലിൽ ആൾക്കൂട്ടമുണ്ട്.

ആശാൻ ഉടുത്തിരുന്ന തുണികീറിപ്പോയതാണ്. അതു നന്നേ മുഷിഞ്ഞതുമാണ്. അടുക്കളവാതുല്ലുലേക്കു നടക്കുമ്പോൾ പൂക്കാരൻ മാധവൻ ചോദിച്ചു.

"ആശാൻ ഈ പഴന്തുണിയുമെടുത്തു എങ്ങോട്ടാ?"

അതവന്റെ കണ്ണുതന്നെയാണ്.

ആശാൻ തിരിഞ്ഞുനോക്കി.

ഇടർന്ന മാധവൻ പറഞ്ഞു.

"അവിടെ പോയിരുന്നേ. ഞാൻ ചോറുവങ്ങിക്കൊണ്ടു വരാം."

അവനു ഉമ്മിണി ഭക്തിയുണ്ട്.

"ആ."

കോന്നോത്തു വല്യച്ഛനും വന്നുകയറി.

അദ്ദേഹം ചോദിച്ചു.

മാധവേ, ആ പട്ടക്കാട്ടിയോട്ടു പറ നമസ്കാരച്ചോറു എനിക്കു ഇടതൊക്കാത്തതുവൻ" കോടാനുകോടി ആശാൻ അപ്പോഴും ഒന്നു ശബ്ദിച്ചു.

"ഞാൻ."

ഇതവനും പൂർണ്ണമായും കയറിയിരുന്നു.

"ആശാ ഉണ്ടിലേയ്?"

"ഇല്ല."

ഞാനും ഒന്നും കഴിച്ചില്ല.

അതെന്തുകൊണ്ടെന്നു ചോദിച്ചില്ല.

നേരം വെളുത്തപ്പോൾ കല്യാണിയമ്മ കേൾ ചുട്ടിക്കഞ്ഞിയും ചുനിച്ചുനിവന്ന് വല്യച്ഛനോടു പറഞ്ഞു.

"എടാ ഇന്നത്തേക്ക് അരിയില്ല."

തലേന്നാൾ തന്നെ അത്താഴം വിളമ്പിവച്ചപ്പോൾ പറഞ്ഞതാണ് പിറ്റേന്നാ ഉണ്ണേക്ക അരിയില്ലന്ന്.

ആദ്യമായി മുന്നറിയിപ്പു കൊടുത്ത അന്ന് വല്യച്ഛൻ ചോദിച്ചു.

"ആ, അതെന്താണ്? എഴുപറനെല്ലു എന്നാ കൊണ്ടുവന്ന തന്നതു?"

മൂക്കേൽ ചുട്ടികുത്തിയമ്മ പറഞ്ഞു.

"പുത്തരിവത്തിനു,"

കഞ്ഞമ്മ ഉദ്ദേശിച്ചോദിച്ചു.

"ആറു പെണ്ണുങ്ങളും മൂന്നു ആണുങ്ങളും നാലു കൊച്ചുങ്ങളും—എത്രദിവസം കഴിയണം?"

മനസ്സിലായിട്ടുണ്ടാകുമല്ലോ? കഞ്ഞമ്മ പറഞ്ഞു.

"പെണ്ണുങ്ങളു രണ്ടും കൂടിപ്പോ കഴിയുന്നു. ഇന്നലെ മടിഞ്ഞുപിണ്ണ ഒരു ചെറുക്കൻകൂടി അവിടുണ്ട്. കഞ്ഞിവെള്ളം കഴിച്ചു. ഇങ്ങേടത്തി അരിയും ഇന്നലെ ഇവിടെ വെന്നതു."

വല്യച്ഛൻ പറഞ്ഞു.

"ഞാൻ കെളക്കാര്യസ്ഥനാ." കഞ്ഞമ്മ ഒരു ക്ഷണം മിണ്ടാതെ നിന്നു.

"കോന്നോത്തെ മാധവൻ ഇന്നലെ പാലഞ്ഞാൾ മഠത്തിൽ ചെന്നു പ്രാതലുവങ്ങിച്ചെന്നു പറയുന്നകേട്ടു."

★

ആറേഴു നഴിക പുലരുന്നതുവരെ വല്യച്ഛൻ കാത്തിരുന്നു. കണ്ടതായില്ല.

ആരോടെങ്കിലും ചോദിക്കാനാണ്?

വടിയുമെടുത്തിറങ്ങി. ഉപ്പും പറമ്പിലെത്തി. അവിടെ കണ്ടൻപിള്ളയില്ല. തലേന്നാൾ കൺകാവുമായി പോയതാണത്രെ!

അങ്ങിനെ എവിടെയെങ്കിലുമൊക്കെയും നിന്നു പട്ടിണിചന്തയിൽ കാടിനടക്കുന്നതുപോലെ.

ആടുകുപ്പുയിൽ എത്തിയപ്പോൾ ഉച്ചദീപവിളക്കിന്റെ കേട്ടു. പെരുന്നെച്ചെന്നാൽ നമസ്കാരച്ചോറു കിട്ടിയേക്കും. അങ്ങിനെ എത്തിയിരിക്കയാണ്.

പരമു ചോറും കൊണ്ടെത്തി. വാർപ്പുമുറ്റുവാരിയ ചോറാണ്. പരമുയുടെ വാർപ്പിന്റെ അടുക്കപിടിച്ചു കഴിയുപോലെ ചോറിൽകുഴിയുണ്ട്.

തീർച്ചയായും കഞ്ഞൻപിള്ള ഇതു കണ്ടാൽ പട്ടക്കാട്ടിയെ അടുക്കളയിൽനിന്നിറക്കുകതന്നെ ചെയ്യും! അല്ലെങ്കിൽ ഇറക്കിവിടേണ്ടതാണ്.

പക്ഷേ, കഞ്ഞൻപിള്ള അതു ചെയ്യുമോ?

★

ചീട്ടുകൊമൻമാർ ഉച്ചതിരിഞ്ഞെത്തി. കോന്നോത്തു വല്യച്ഛനും കേശവനുക്കുറുപ്പുമുണ്ട്. കഞ്ഞൻപിള്ളയെ കാണ്മാ വല്യച്ഛൻ ഇരിക്കുകയാണ്.

കോന്നോത്തു വല്യച്ഛൻ ചോദിച്ചു:

"പുത്തരിവത്തിനു വെറൊരിലപ്പാക്കു വച്ചു കയറ്റാൻ നാഥനെ വിളിക്കുന്ന ഏർപ്പാടുണ്ടോ കൈമളച്ഛാ."

ചീട്ടുകൊമൾ പറഞ്ഞു:

"അതു ഞാനും ഓർത്തു. കല്യാണിയമ്മ കുണ്ണി വന്നിരുന്നു."

"അളുതരുന്നതും ഞാനും കേട്ടിച്ചതു."

"പുത്തരിവാതിലെ പെണ്ണുങ്ങടെ കാര്യമല്ലേ?" വല്യച്ഛൻ പറഞ്ഞു.

"കല്യാണിയമ്മയിലെ ആ വല്യമ്മയും ഒരു പെണ്ണംകൂടെ കഞ്ഞമ്മയാർക്കു കണ്ടുകാഴ്ചയുമായ ട്ടു ചെന്നതുന്നു."

ചീട്ടയിൽ ചെന്നിരുന്നില്ല. ചീട്ടുകൊമൾ മറ്റൊരു കയ്യുടെ നാഥനായതിനാലായിരിക്കാം.

★

കോന്നോത്തുതറവാട്ടിൽ രണ്ടു ഏത്തക്കുലയാണ് കല്യാണിയമ്മ കൊച്ചുകാളു. അവൾ കണ്ടുകാഴ്ചവച്ചതു. ഒരു പച്ചക്കുലയും ഒരു പഴുത്ത കുലയും. കായ്ച്ചിലും ക്കുയും വൻപയറും ചീനച്ചേമ്പുമുണ്ടായിരുന്നു, ഒരു പുഴുക്കിനുള്ള വട്ടം.

നാലുദിവസങ്ങൾ അളുകൊണ്ടു കഴിഞ്ഞു. ആറുകടവിൽ അന്തോണിയുടെ തിണ്ണയിൽ നാലുദിവസം മുട്ടുമടുപ്പു കിടന്നിട്ടു അയാളുടെ ആട്ടും പിറുപും കേട്ടതിനു ശേഷം കിട്ടിയ അമ്പുപറ മനല്യാകൊണ്ടു നാലുദിവസംകൂടി മുന്നോട്ടുനീങ്ങി.

കോന്നോത്തുഭാഗം ഉണർന്നുമായി. അവിടെയെപ്പോൾ സംബന്ധക്കാരുടെ പട്ടികം നമ്പൂരിയും ആരുമില്ല. പറവകൾ പറന്നുപോയ കൂടുപോലെ.

കോന്നോത്തു കഞ്ഞമ്മമാർക്കു സംബന്ധക്കാരില്ല. പക്ഷേ എല്ലുംതോലുമായ കഞ്ഞമ്മമാർക്കു സംബന്ധക്കാരെന്തിനു? മാംസമുണ്ടെങ്കിൽ മാത്രമേ ആണുവേണ്ടു. എല്ലുകൾക്കിടയിൽ വികാരം മുളയ്ക്കുകയില്ല. എല്ലിനിടയിൽ ചോറിച്ചിലില്ല.

എന്നാലും പുട്ടിക്കഞ്ഞമ്മ വയറുകണ്ണിയാണ്, ഇടയ്ക്ക് അവരുടെ സംബന്ധക്കാരനായ പോറ്റി തെരിവസമോ മറ്റോ അവിടെ വന്നിരുന്നപോലും.

★

കല്യാണിയമ്മ പുത്തരിവാതിലയ്ക്കു പോകണോ വേണ്ടയോ?

മൂത്ത കഞ്ഞമ്മ ഒരക്ഷരം മിണ്ടാതെ പുരയുടെ കിഴക്കേയറ്റത്തു കിടക്കുകയാണ്. മറ്റുള്ളവർ തേഞ്ഞിയും ചോന്നിയും ഉറക്കപ്പായുകയാണ്. താൻ പറയുന്നതു മറ്റാരും

ാൽ കേറിക്കണമെന്നില്ല. ആരും ആരോടും ചോദിക്കുന്നില്ല. ആരും ആരോടും മറുപടി പറയുകയുമില്ല. എല്ലാവരും പറയുകയാണ്:

"കോന്നോത്തു കുഞ്ഞമ്മാർ മരിച്ചതു വീട്ടിൽ കാക്കുകുത്തിയുണ്ടോ?"

അതിനുത്തരമില്ല. ആരോടും ചോദിച്ചു ചോദ്യമുമില്ല.

കോന്നോത്തുകുടുബത്തിൽ കുഞ്ഞമ്മാരാക്കേണ്ടി തിരുവാതിര ആഘോഷിക്കും. കയിലെ മറ്റു പെണ്ണുങ്ങൾക്കും തിരുവാതിരനയമുണ്ട് ഇവിടെയിങ്ങനെ."

അങ്ങിനെ ആയിരുന്നോ?

ഉറപ്പോടെ ഒന്നും കുഞ്ഞമ്മ പറഞ്ഞതാണ്. അതും ആരുകൊണ്ടും നിഷേധിച്ചു സ്ഥാപിക്കാൻ പറ്റാത്തതിനാണ് അതു ഉറപ്പോടെ പറയുന്നത്.

വേറൊരു പ്രസ്താവന.

"സംബന്ധക്കാരനുണ്ട് ഇവിടെ തിരുവാതിരയുണ്ടായിട്ടില്ല."

മരിച്ചതു കുഞ്ഞമ്മ പറഞ്ഞു. അതു ഗർഭിണിയായ കുഞ്ഞമ്മയാണ്.

വളഞ്ഞുകുടിക്കിടക്കുന്ന മൃതകുഞ്ഞമ്മയുടെ മുഖസ്തംഭങ്ങളിൽ ആ വാചകം നഴുകുകയാണ്. അവരുടെ ഉള്ളിൽ ആ പ്രസ്താവന പ്രതിധ്വനിപോലെ ആവർത്തിച്ചു.

"സംബന്ധക്കാരനുണ്ട് ഇവിടെ തിരുവാതിര ഉണ്ടായിട്ടില്ല."

അതുശരിയാ?

അതു ശരിയോ തെറ്റോ എന്നു തേടിത്തേടി പഴയപഴയ കാലത്തുക്കൾ മൃതകുഞ്ഞമ്മ മുങ്ങാംകുഴിയിട്ടുപോയി.

ഇല്ല, സംബന്ധക്കാർക്കു പാതിരാക്കോപ്പു കൊണ്ടുവന്ന ചരിത്രമില്ല.

മുക്കാലിൽ പരമൻ കുത്തുമുകയിഞ്ഞിന്റെ നാളുതിരുവതിരക്കോപ്പുകൊണ്ടുവന്നതായിരുന്നു. അന്നു കാളിക്കുഞ്ഞമ്മയുള്ള കാലമാണ്.

പക്ഷേ, അവനെ സംബന്ധക്കാരനെന്നു തിരുവാതിരക്കോപ്പുകൊണ്ടുവന്ന എന്നു പറയാൻ പാടില്ല. പരമൻ കുത്തുമുകളുടെ സംബന്ധക്കാരനല്ലായിരുന്നു.

പിന്നെ ആരായിരുന്നു?

കാളിയുടെ ഇഷ്ടക്കാരനായിരുന്നു.

മൃതകുഞ്ഞമ്മ അതു കണ്ടിട്ടുണ്ടോ? പരമൻ കുത്തുമുകാളിക്കുഞ്ഞമ്മയുടെ ഇഷ്ടക്കാരനായിരിക്കുന്നതു്.

ലക്ഷ്മി എന്തൊരു സുന്ദരിയായിരുന്നു! തിരുവാതിരക്കോപ്പു്, കാരണവന്മാർ തന്നെയാണു് അടുപ്പിച്ചിരുന്നതു്.

തളം നിറയെ പഴങ്കല, പച്ചക്കല, കാച്ചിൽ ചേന—എല്ലാമുണ്ടായിരുന്നു.

കയ്യാതെയുള്ള പെണ്ണുങ്ങൾക്കു നയമുകോന്നോത്തു്. അതായിരുന്നു അന്നത്തെ പതിവു്.

"എന്താ കട്ടക്കാര്യം പോയാലു്?"

അതിനും ആരും ഉത്തരം പറഞ്ഞില്ല.

"എന്നാലും കട്ടക്കാര്യ വല്ലാത്ത ഇവിടെ വന്ന അങ്ങനെ വിളിച്ചുകൂറെ കട്ടുപോയി കുഞ്ഞമ്മക്കു് നൊയമ്പു് കട്ടക്കാര്യമെന്നലോ അവരു പറഞ്ഞതു?"

അമ്മിണി കുഞ്ഞമ്മ ഏറുപിടിച്ചു.

'ഉ, എന്താ കട്ടുപോയതു?"

"ആന മെഴിഞ്ഞാലും തെഴുത്തിൽ കെട്ടുമോ?"

ഉടനേ ആ കുഞ്ഞമ്മ പറഞ്ഞു.

"പട്ടിണിയാണെലും കോന്നോത്തു പെണ്ണുങ്ങളു് ഇന്നും കുഞ്ഞമ്മാരാ,"

മരിച്ചതു കുഞ്ഞമ്മ പറഞ്ഞു.

"പുഴുക്കും ചമന്തിയും നമ്മളുതന്നെ ഉണ്ടാക്കാനാ അവരു പറഞ്ഞതു്."

"അതവിടെചെന്നു വേണോ?"

ഒരു കൊച്ചുകുഞ്ഞമ്മ പറഞ്ഞു

"എന്നാലു് നെടുമ്പിന വേണ്ട കോപ്പും ചാമ അരിയും ഇവിടെ കൊണ്ടുത്തന്നാലെന്താണെന്നു?"

അതു പഴയ കാലത്തു്. കോന്നോത്തു പിള്ളമാരൊല്ലും കൊലയും പോകട്ടെ, കയവിലക്കാൻ കഴിവുണ്ടായിരുന്ന കാലത്തു്.

വേഴച്ചക്കാർ നാട്ടുനടപ്പറിഞ്ഞിരുന്നില്ലേ?

★

ഗർഭിണിയായ കുഞ്ഞമ്മയുടെ പേർ, കൊച്ചുവിടിച്ചിയെന്നായിരുന്നു.

വെപ്രാളപ്പെട്ടു് മരുമകൾ കൊച്ചുവിടിച്ചി കുഞ്ഞമ്മ, ദേവസ്വത്തിലെ വള്ളം ഉന്നുകാരനായ കുഞ്ഞുകുരുമനോടു പറഞ്ഞു.

"കുഞ്ഞുകുട്ടിയുടെ എനിക്കി മാസത്തിൽ മാസമുറ ഉണ്ടായിട്ടില്ല."

ജോൺസൺ ടി. എൽ.

ഉദയന്റെ മുന്നിൽ

അതിരാവിലെ ക്ഷേത്രനടയിൽ—
കളിചൊല്ലിനിൻ—
പുതച്ചും നനവാർന്ന—
വാർമുടി പിരിച്ചിട്ടും
നിലനിൽമിഴികളിലൊളിവിടർത്തും—
പുലരൊളി പുഞ്ചിരിയുമായ്
ദേവനേ! കണ്ടു,"
ശിലാദേവനും സമർപ്പിക്കും
ദിവ്യമാം മനോവേദനം പേറി,
കൊവിഡ്ൻ മുന്നിൽ നിന്നൊ!

മുഗ്ദമാമേതോ—
മോഹസാന്ധ്യമായിടം, രാഗ—
സ്നിഗ്ധരോമിണ ചുണ്ടിൻ—
മർമ്മരമർത്ഥിക്കുന്നു.
എങ്കിലെൻ തോഴി!—
തെറ്റു പറ്റി നിൻ കഴുത്തിലേ—
തങ്കതാലിതൻ കെട്ടു—
മുറുക്കുന്നിരിക്കുവോൻ!
ഒരു നാളൊരു രാവു—
മാദ്യചുംബനഹർഷ—
ഹാരിയാം മഹരിയാൻ—
പുളകം പകരുവാൻ!
നിൻറെയും ദേവൻ—ഈ ഞാൻ!—
മുന്നിലല്ലോ പിന്നിൽ—
നിന്മുഖം കണ്ടാൽരാത്രി—
ആറുനോറിരിപ്പല്ല്!

—•—

രാവിലെ മുതൽ രോഗിയെ കാണാൻ കൊച്ചുവിടിച്ചിയുടെ കണ്ണുകൾ ഉഴുകയായിരുന്നു. സന്ധ്യയക്കത്തിനാണു കുഞ്ഞുകുരുമനെ കണ്ടതു്.

ഏറെ നാളുകളായി എന്നും രാത്രി പല പല പഴം കൊച്ചുവിടിച്ചിയുടെ കൈയിൽ കിട്ടിപ്പോന്നിരുന്നു.

പാളയംകോടനാണെങ്കിൽ ഒരു പടല പൂവൻപഴമെങ്കിൽ ആറെണ്ണം; ഏത്തപ്പഴമെന്നാൽ രണ്ടു—ഈ വിധമായിരുന്നു സമ്മാനം.

വിശപ്പടക്കാൻ അതുമതി. പഴം തിന്നു ജീവിച്ചു.

കുഞ്ഞുകുട്ടിയുണ്ടായിട്ടില്ല.

കൊച്ചുവിടിച്ചിയുടെ കുഞ്ഞമ്മ കുഞ്ഞുകുട്ടിയുടെ തോളിൽ കയ്യിട്ടു തലോടിക്കൊണ്ടു. വെപ്രാളപ്പെട്ട ഉത്തരം കുഞ്ഞമ്മ ആദ്യമായാണു കുഞ്ഞുകുരുമനെ ഉത്തമപുരുഷനിൽ വിശേഷിക്കുന്നതു്. അതായിരുന്നു കുഞ്ഞമ്മക്കു് ഉത്തമപുരുഷനിലുള്ള അടുപ്പം. അങ്ങിനെ കുഞ്ഞുകുട്ടിയുടെ അമ്മയെന്ന പുതിയ അന്തരവുമായിരുന്നു. ആരും അതായെ ഉത്തമപുരുഷനിൽ വിശേഷിപ്പിച്ചിട്ടില്ല. ഇട്ടൂപ്പിപ്പെണ്ണ് എന്ന പേരുള്ള അമ്മ അയാൾ കുഞ്ഞായിരിക്കുമ്പോൾ ഉത്തമപുരുഷനിൽ വിശേഷിച്ചിരിക്കുമോ എന്തോ!

ഇട്ടൂപ്പിപ്പെണ്ണിന്റെ മുഖവും മുഖവും അവരറിയാതെ തന്നെ വികൃതമാക്കിക്കൊണ്ടിരിക്കും. അവർ നിരന്തരമായി കൊഞ്ഞനം കുത്തുന്നതായി തോന്നും.

ഉദയപ്പൻ എന്ന കുഞ്ഞായിരുന്നു അവരുടെ സംബന്ധക്കാരൻ.

ഒരു കുഞ്ഞുണ്ടായി. അതാണു കുഞ്ഞുകുരുമൻ. എങ്ങിനെ അതു സംഭവിച്ചോ എന്തോ!

ഇട്ടൂപ്പിപ്പെണ്ണിനു് ഉണ്ടാവയ്ക്കാൻ സാധ്യമല്ല. മുഖവും ചുണ്ടും എപ്പഴും ഇളകിക്കൊണ്ടിരിക്കും. അങ്ങിനെ ഒരു ശിക്ഷ ഉണ്ടാവുമോ ദൈവം?

പെണ്ണിന്റെ മുഖം ആണിന്റെ മുഖത്തോടുക്കുന്നതു ഒരു സുഖമുള്ള കാര്യമാണു്.

കൊച്ചുവിടിച്ചിയുടെ കുഞ്ഞമ്മയും ഇന്നോളം ആരോടും ഉത്തമപുരുഷനിൽ വിശേഷിപ്പിച്ചിട്ടില്ല. ആരും ഉത്തമപുരുഷത്തിലില്ല. ആരും അങ്ങനെ ഉത്തമപുരുഷനിൽ വിശേഷിച്ചിട്ടുമില്ല. അങ്ങിനെ ഒരു് എന്താണെന്നറിഞ്ഞിട്ടുമില്ല.

"കുഞ്ഞുകുട്ടിയുടെ, എനിക്കു മാസമുറ തെറ്റി" എന്നു പേടിച്ചു പറയുമ്പോൾ ഒരു

(ശേഷം 52-ൽ)

തിരുമേനി പറഞ്ഞ കഥ



ഈ കഥ തിരുമേനി പറഞ്ഞതാണ്. കഥയല്ല, സംഭവമാണത്രേ!

ഇടയ്ക്കൊരാളെ മഴ പെയ്യുകൊണ്ടിരുന്ന കളിയെല്ലാം പ്രമാണത്തിൽ ഞാനൊരു ലോഡ്ജിലെ ഇടുങ്ങിയ മുറിയിൽ മൂടിപ്പുതച്ചുകിടന്നുറങ്ങുകയായിരുന്നു. വാതിൽക്കൽ ആഞ്ഞടിക്കുന്ന ശബ്ദം കേട്ടുകൊണ്ടാണുണർന്നത്. വാതിൽ തുറന്നപ്പോൾ തിരുമേനി മഞ്ഞവിഴർ പാൻറും ടോർച്ച് സ്വാകരമനിഞ്ഞു നില്ക്കുന്നു! ഇടയ്ക്കെയിൽ ചുവപ്പും വെള്ളയും വരകളുള്ള ഒരു എയർബാഗ്.

തിരുമേനി തിടുക്കത്തിലായിരുന്നു.

"ആശാനേ! ഒരു പണ്ടാരപ്പെട്ടി വേണമല്ലോ."

"കൊള്ളാം. ഈ മഴസമയത്താണോ? എന്താ കാര്യം?" ഞാൻ ചോദിച്ചു.

"അതൊരു നീണ്ട കഥയാണ്," അങ്ങിനെയാണു തിരുമേനി കഥയാരംഭിച്ചത്.

പതിനഞ്ചു വർഷങ്ങൾക്കുമുമ്പ്, തിരുമേനി കോളേജിൽ പഠിക്കുന്ന കാലം, വൻ നഗരത്തിനടുത്തുള്ള ചെറുപട്ടണത്തിലാണു കോളേജ്. വൻ നഗരത്തിൽ ഫുട്ബോൾ മത്സരങ്ങൾ നടന്നുകൊണ്ടിരുന്ന കാലത്തു് ഒരുദിവസം തിരുമേനി ഫുട്ബോൾകളി കാണാൻ വന്നു. സന്ധ്യയ്ക്കു കളിയവസാനിച്ചപ്പോൾ ബസ്സുകളിൽ അമിതമായ തിരക്ക്. കുറേനേരം ബസ്സുകാത്തു നിന്നപ്പോൾ തിരുമേനിക്കു മടുത്തു. ഇന്നുവിടെ ഒരു ഹോട്ടലിൽ തങ്ങിയാലെന്ത്?

ഹോട്ടലായ ഹോട്ടലെല്ലാം ആലഞ്ഞുനടന്നു തളർന്നു. എങ്ങും മുറി ഒഴിവില്ല. ഒടുവിൽ ഒരു വലിയ വളപ്പിനുള്ളിൽ പഴയ രാജകൊട്ടാരത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഹോട്ടൽ കണ്ടെത്തി. കൗണ്ടറിൽ മുഖത്തു മസൂരിക്കലകളുള്ള ചെറുപ്പക്കാരനായ ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു.

"സിംഗിൾറൂം ഒഴിവുണ്ടോ?"

"ഒരു സിംഗിൾറൂം ഒഴിവുണ്ട്, നാലാമത്തെ നിലയിലെ ഒഴിഞ്ഞുകിടപ്പാണു്. ബുക്കിംഗുണ്ടോയെന്നറിയണമല്ലോ."

"ശരി, മാപ്പിലെ മുറിയെങ്കിലും."

രജിസ്റ്റർ എടുത്തു നീട്ടുമ്പോൾ അയാളുടെ വലതുകൈപ്പത്തി ശ്രദ്ധിച്ചു. നാലു വിരലുകളേയുള്ളൂ.

ബെൽബോയ് മുറി തുറന്നു. ഒരുവശം പലകവച്ചു മറച്ചിരിക്കുകയാണെന്നതൊഴിച്ചാൽ മറ്റു കുഴപ്പമൊന്നുമില്ല. അറ്റാച്ച്ഡ് ബാത്തുമില്ല. സഹിച്ചിട്ടുപോരാൻ തീരെ മോശമല്ലാതാക്കിക്കൊണ്ടു കടന്നുവന്ന ഒരു സീലിംഗ് ഫാനുണ്ട്. പഴയ ഷേവിംഗ് കപ്പുകളിലൊന്നിൽ തണുത്തവെള്ളം നിറച്ചുവച്ചിരിക്കുന്നു. അടുത്തൊരു ഗ്ലാസ്സും.

"എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വിളിച്ചാൽ മതി." എന്നു പറഞ്ഞിട്ടു ബോയി പോയി.

ജനലിലൂടെ പുറത്തേയ്ക്കു നോക്കി. പൊക്കംകുടിയ മതിലിനപ്പുറത്തു മരങ്ങൾ കാണാനുള്ളൂ. ചെറിയ മുറിയാണെന്നു തോന്നുന്നു.

മുറി പൂട്ടി പുറത്തുപോയി ആഹാരം കഴിച്ചുവന്നപ്പോൾ രണ്ടു കൽപ്പരുടെ

യായി. ഇനി ഉറങ്ങിക്കളയാം. ടൈറ്റാനച്ചു. സ്ട്രീറ്റ്ലൈറ്റിന്റെ നേർത്ത പ്രകാശം ജനൽക്കമ്പികൾക്കിടയിലൂടെ കടന്നുവരുന്നു. ജനലടച്ചു കുറ്റിയിട്ടു. സർവ്വത്ര ഇരുട്ട്. ഉറക്കം വരുന്നില്ല. ആദ്യമായാണു് ഒരു ഹോട്ടൽമുറിയിൽ കിടക്കുന്നതു്. അതുകൊണ്ടായിരിക്കണം, എന്തൊന്നു് ഒന്നര മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും ഒന്നു മയങ്ങി...

ചെറുതായെന്തോ ശബ്ദംകേട്ടു ഞെട്ടിയുണർന്നപ്പോൾ ടോർച്ചുകൊണ്ടു മറച്ചിരിക്കുന്ന ജനൽപ്പാളിയിൽ ടൈറ്റാനിന്റെ പ്രകാശം കണ്ടു. ആരോടുമല്ല സംസാരിക്കുന്നതു്. ഒരു പുരുഷശബ്ദവും രണ്ടു സ്ത്രീശബ്ദങ്ങളും! അടക്കാനാവാത്ത ആവേശം തോന്നി. മെല്ലെ പലകപ്പാളികൾക്കിടയിലൂടെ എത്തിനോക്കി...

മദ്ധ്യവയസ്സായ ഒരു പുരുഷനും അർദ്ധനഗ്നകളായ രണ്ടു യുവതികളും—! എല്ലാവരും തറയിൽ ഇരിക്കുകയാണു്. പുരുഷന്റെ ഇടതുകൈയിൽ ചാർമിനാർ എരിയുന്നു. കണ്ണുകളെ വിശ്വസിക്കാനാവാതെ ഉദ്വേഗപൂർവ്വം നോക്കിനിൽക്കെ കൺമുന്നിൽ അറിയപ്പെടാത്ത മേഖലകളിലെ അപൂർവ്വദൃശ്യങ്ങൾ അനാവൃതമാവുകയായിരുന്നു.

ആ അനവദ്യനിമിഷങ്ങളുടെ ലഹരിയിൽ തിളങ്ങുന്ന മനസ്സോടെയാണു് ആ ഹോട്ടലിനോടു യാത്ര പറഞ്ഞിറങ്ങിയതു്...

തിരുമേനി ഒന്നു നിർത്തി.

"ആശാനേ, ഒരു കാപ്പിവേണം കട്ടൻകാപ്പി."

മാഗ്നത്തിനു് ബോയ് മബ്ബ് കോഫി യുമായി വരുന്നുണ്ടായിരുന്നു. കാപ്പി കുടിച്ചുകൊണ്ടു് തിരുമേനി വിവരണം തുടർന്നു.

"വർഷങ്ങൾക്കുശേഷം, കുടുംബപ്രാരബ്ധങ്ങൾ കഴിഞ്ഞൊരുദിവസം പതിനൊന്നാംക്ലാസിലെ കൗമാരസഹപാഠികളുടെ കാര്യമോർത്തു് ഞാൻ വന്നഗരത്തിലെത്തി. റെസ്റ്റ്ഹൗസിൽ റിസർവേഷൻ കിട്ടിയില്ല. ഹോട്ടലുകളിൽ മുറി ഒഴിവില്ല. ഒടുവിൽ തങ്ങിനടന്നൊരത്തിയതു് പതിനഞ്ചുവർഷങ്ങൾക്കുമുമ്പു് താമസിച്ച പഴയ രാജകൊട്ടാരത്തെ അനുസ്മരിപ്പിക്കുന്ന ഹോട്ടലിലായിരുന്നു.

"കൗണ്ടറിൽ മുഖത്തു മസൂരിക്കലകളുള്ള, വലതുകൈപ്പത്തിയിൽ നാലു വിരലുകൾമാത്രമുള്ള മാനേജർ. വാർദ്ധക്യം അ

കെ. എൽ. ശ്രീകൃഷ്ണദാസ്

യാളുടെ മുഖത്ത് വെള്ളനിറം പകരുകയും മുഖത്തെ ചുളിവുകൾ നഷ്ടപ്പെടുകയും ചെയ്തിരുന്നു.

"സിംഗിൾറൂമുണ്ടോ?"

"ഉണ്ടല്ലൊ," ജോസ്മേറ്റർ ഉറക്കംതൂങ്ങി ആദ്യപൂർവം അയാളുറിയിച്ചു.

പതിനഞ്ചുവർഷങ്ങൾക്കുമുൻപ് താമസിച്ച അതേ മുറിയിലല്ലുണ്ടോ? ഹോട്ടൽ ബോയ് അവനെ കൊണ്ടുപോകുന്നതെന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നി.

ഓർമ്മകൾ മനസ്സിലേയ്ക്കിരച്ചുകയറി.

മുറിയിലെ അന്തരീക്ഷം പഴയതുപോലെതന്നെ. സീലിംഗ്ഫാൻ. ബീയർകുപ്പിയിൽ നിറച്ച പച്ചപ്പൂക്കൾ. ഒരു വശം ഷേവുചെയ്തു മറച്ചിരുന്ന, പലകയിലെ പഴയ വിള്ളൽപോലും ഇപ്പോഴുമുണ്ട്.

അത്താഴം കഴിച്ചുതിരിയുമ്പോൾ മഴപെയ്യുന്നുണ്ടായിരുന്നു. കനത്ത മഴത്തുള്ളികൾ തകരഷീറ്റുകളിൽ വീഴുന്ന താളം!

ഉറങ്ങാൻ കിടന്നപ്പോൾ മണി പതിനൊന്നായി. (വർഷങ്ങളായി ഉറക്കത്തിന് ഒരു ദേർഘ്യം കുറഞ്ഞുകൊണ്ടുവരുകയായിരുന്നു. ഉറക്കഗുളികകളെ അതുമുപയോഗിക്കേണ്ടി വന്നിട്ടില്ല എന്നതുമുള്ള)

മെല്ലെമിഴുങ്ങുകയായിരുന്നു. അല്പമുറിയിൽനിന്ന് അടക്കിപ്പിടിച്ചുള്ള സംഭാഷണത്തിന്റെ വ്യക്തമാകാത്ത ശകലങ്ങൾ തെറിച്ചുവീഴുന്ന ഒച്ചവിയോളുമൊക്കി, മനസ്സ് കേൾക്കാൻ കഴിയുന്നില്ല. പെട്ടെന്ന് ഉൾക്കിടിലത്തോടെ മനസ്സിലായി! പതിനഞ്ചുവർഷങ്ങൾക്കുമുൻപു കേട്ട അതേ ശബ്ദങ്ങൾതന്നെയല്ലേ ഇപ്പോഴും കേൾക്കുന്നത്? ഉൽക്കണ്ഠയോടെ കണ്ണുകൾ വാതിൽപ്പഴുതിലേക്കു പാഞ്ഞുചെന്നു.

ഒരു നിമിഷം! അവരുടെയുമായ മീശയുടെ മീതെയായ ഒരു നമിഷം! പതിനഞ്ചുവർഷങ്ങൾക്കുമുൻപു കണ്ട ഒരു യുവതികളുടെയും ശരീരഭാഗമായി നിലനിൽക്കുന്നു! മധ്യവയസ്സന്റെ ഇടതുകൈയിൽ ചേർത്തിനർ ഇരുന്നുമിയുന്നു!

കണ്ടുസഹിച്ചു മറന്ന പൂർവകാലസംഭവം ഉയിർത്തെഴുന്നേൽക്കുകയാണോ? തന്നിലുളവാക്കിയ പ്രതികരണം മാത്രമേ വ്യത്യസ്തമായുള്ളൂ, അന്ന് ആഹ്ലാദം. ഇന്ന് ദീതികരമായ ആസ്വാസ്ഥ്യം!

ഒന്നും മിണ്ടാനാവാതെ, ശബ്ദമുയർത്താനുള്ള കഴിവില്ലാതെ കട്ടിലിൽ വന്നു കിടന്നതുമാത്രം ഓർമ്മയുണ്ട്. പ്രഭാതത്തിന്റെ ഇളംരശ്മികൾ തഴുകിയുണർത്തിയപ്പോൾ ധൈര്യം തോന്നി. പലകപ്പഴുതിലൂടെ ഒന്നുകൂടി നോക്കി. ആ മുഖം തനിച്ചിച്ച ലക്ഷണമേയില്ല. ഒരുപക്ഷേ മുന്നോ തകരഷീറ്റുകൾമാത്രം ആ മുറിയുടെ ഒരു കോണിലുണ്ട്.

അക്കൗണ്ട് ക്ലേസ്സ് ചെയ്യുമ്പോൾ കൗണ്ടറിലിരിക്കുന്ന വൃദ്ധനോട് വിവരം ചോദിച്ചറിയാൻ തുടങ്ങിയതാണ്, എങ്കിലും ചോദിച്ചില്ല. ഒരുപക്ഷേ, സ്വപ്നമായ മാറാം കണ്ടതാണെന്നു പറഞ്ഞു പരിഹസിച്ചാലോ?

അയാൾ പറഞ്ഞുവരുന്നതിതാണ്. ആശാൻ ഒരു ചെറുപ്പക്കാരനാണ്. മുന്നമത്തെപ്രാവശ്യം ആ ഹോട്ടലിൽ അതേ മുറിയിൽ ഒന്നു താമസിച്ച നാക്കിയാലോ എന്നുചിന്തിക്കുകയാണ്.

"അയ്യോ! വേണ്ട വേണ്ട," കഥ കേട്ടു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു. വല്ല പുലിവാലും പിടിക്കേണ്ട."

ഒന്നുമില്ലെടോ. രൂപയുണ്ടെങ്കിൽ താ. അല്പകൾ ഞാൻ ദാ പോവുകയാണ്."

"എന്തായാലും എന്റെ കൈയിൽ അഞ്ചുരൂപപോലുമില്ല. മനസാവാചാ മല്ലേ?"

"എങ്കിൽ ഞാൻ ദാ ചോക്കുന്നു."

തിരുമേനി തിടുക്കത്തിൽ തിരിഞ്ഞു നടന്നതുകണ്ടു. പെട്ടെന്ന് ഞാൻ വാതിലിൽ നോക്കി.

വാതിൽ അകത്തുനിന്നടച്ച് കുറ്റിയിട്ടിരിക്കുകയാണല്ലൊ?

തിരുമേനി എങ്ങിനെയാണ് പുറത്തുപോയത്?

— 0 —

ഇരുപത്തിനാല് (തുടർച്ച)

ഏന്റെ ഉള്ളിലാണ വിവർത്തനം നന്നോന്നെന്ന്. മാത്രമോ ചുളിഞ്ഞുപരിയും ഹൃദയത്തിൽ ഊറിത്തെളിഞ്ഞുതുടങ്ങുമ്പോൾ കലേസിലയ്ക്ക പകർത്തുകയായിരുന്നു, പതിവ്. "നതോന്നത" ഞാൻ മനഃപൂർവം മനസ്സിൽനിന്നല്ല് "ഉണരുവിൻ" എന്ന മൂളിത്തുടങ്ങിയപ്പോൾ ആ വൃത്തം സ്വയം അനുഭവാവിഷ്കാരത്തിനു സ്വയം സന്നദ്ധമായി എന്റെ സമ്മതം ചോദിക്കാതെ വന്നുചേർന്നതാണ്, എന്നിക്കു പിടിച്ചു. ആദ്യത്തെ പദ്യം ഇങ്ങനെ വായിച്ചു!

"ഉണരുവിനുഷഃകാലം
ഉഡുക്കളെയോർക്കുവാൻ
ക്ഷണമതൻ പ്രാധാന്യത്തിൽ
കാലിടറിത്തെല്ലോ.
രാജൻപ്രകാശക്കുടക്ക
വീശിപ്പിടിച്ചിരിയാനോക്കി

അങ്ങനെ വസന്തവും വന്നുചേർന്നു

രാജസദസ്സിലുംശൂന്യം
കിഴക്കൻവേനൽ."
(നോപതിപ്പ്)

"നതോന്നത്യക്ക്" അക്ഷരനിയമമുണ്ടെങ്കിലും, സംസ്കൃതവൃത്തങ്ങളുടെ ആയസകവചസദൃശമായ ദാർഢ്യം, റിജിഡിറ്റി ഇല്ല. കാരോ പാദത്തിലും ഒരേ ഗണക്രമം അനുക്രമമായി വരണമെന്ന നിർബ്ബന്ധമില്ലല്ലൊ. ആശയഗതിക്ക് ആവശ്യം അനുസരിച്ചുള്ള ലഘുഗുരുവ്യത്യാസത്തിനും പദവിന്യാസത്തിനും കൊടുക്കാം. പക്ഷേ, മനോഹരമാണ്, ഒരു പ്രാണിറ്റം. ആ നടപ്പ് ഞാൻ ആരോഹിച്ചിച്ചില്ല. ഒരു ആശയം നമ്മുടെ പാദത്തിൽ തുടങ്ങുക. അങ്ങനെ ആത്മരമായ ഒരു ഏകത്വം സമ്പാദിക്കുക, ഇതായിരുന്നു എന്റെ സരണി. "പുലരിയാത്രയിൽ" മനസ്സും രണ്ടും നാലും പാദത്തിലെ അന്ത്യപ്രാസനിബന്ധനകൊണ്ടുള്ള കൃത്രിമക്കുരുക്കിയുണ്ട്. ആ നിബന്ധന മലയാളത്തിൽ അപ്രയോഗികമായി എനിക്കു തോന്നി. പ്രയോഗിച്ചുനോക്കിയതുമില്ല. ഏതായാലും സംവത്സരങ്ങൾക്കുശേഷം അദ്ദേഹം "പൃഥ്വി" വൃത്തത്തിൽ "മസികരസായനം." എന്ന പേരിൽ "റുബായിയാത്ത്" തർജ്ജമചെയ്തപ്പോൾ അതിന്റെ മനസ്സറിഞ്ഞ് എനിക്കു സ്നേഹപൂർവം അയച്ചുതന്നപ്പോൾ, സംസ്കൃതസ്സിൽ നടത്തിയ പ്രയോഗപരീക്ഷണം അദ്ദേഹം വിലയിരുത്തിയതായി കണ്ടില്ല.

ഓമ്മയുടെ ഓളങ്ങളിൽ

ഉണരുവിനനിഴിഞ്ഞി-
പ്പുംബരംവിടുതലേ,
ഗണരമാരിലവിനെയും
സംപരംപൊരെയൊക്കി
അനന്യരണനെയ്വു,
മിനിളംചെകയിർപ്പൊൻ-
കണനപെന്തിമേവും
മേതൽമേൻമുകപ്പിൽ.

ചൊല്ലിനേക്കിയപ്പോൾ വിശേഷ സംഭരണമെന്നും എയ്ക്കേ അനുഭവപ്പെട്ടില്ല.

"ഉണരവി,നണിമുറി-
ച്ചോടിച്ചുരിവുതലേ-
ഗണങ്ങളെ മാവിൽനിന്നാ
രണത്തിൽനിന്നും,
ക്ഷണമയെക്കുടവേനേരി-
നിന്നപായിലിച്ചാറനകതിൽ-
കണ മുളസൗധാഗ്രത്തി-

ലണനെന്നുൾ" എന്ന പൂർവ്വപദം തന്നെയാണ്, പരിചയം കൊണ്ടാവാം എനിക്കു അയികം രുചിച്ചതു്.

ചില വൃത്തബന്ധങ്ങൾ ചില ഭാവങ്ങൾക്കു് കൂടുതൽ ഇണങ്ങുന്നു എന്നതേ നന്നു് സ്പഷ്ടമാവികമണു്. മുൻപു കാണുകർന്ന രൂപത്തിനും അതിന്റെ ഭാവത്തിനും നമ്മുടെ സ്മൃതിയിലുള്ള സ്ഥാനമാണതിനു കാരണം. വിപ്രലംഭശൃംഗാരമായ സന്ദേശകാവ്യത്തിനു "മന്ദാക്രാന്ത"യാണു് അനുരൂപം എന്ന "മേഘദൂതം" ആസ്വദിച്ചിട്ടുള്ള ഭാവുകനു തോന്നാം. ഭാവരൂപങ്ങളുടെ അവിഭാജ്യമായ ആവിഷ്കാരം, കവിയുടെ സർഗശക്തിയെപ്പറ്റിയും, മാത്രമല്ല അതു വെളിവാക്കുന്നുള്ളു. "പാരാവാരത്തപ്രകൃതിഹരിതത്തടസുസ്ഥലഭാഗെകദന്തഃ" എന്ന കാളിദാസന്റെ ആശ്രമവർണ്ണനം പോലെ പഞ്ചേന്ദ്രിയങ്ങളെയും കാളകോമ്പനെ ചിത്രണം ചെയ്യുന്നതും അതേ വൃത്തത്തിലാണു്. അവിടെയും ഭാവപൂർണ്ണത വേർതിരിക്കാൻ പാടില്ലാത്തവിധത്തിൽ ഏകജീവിതമായിരിക്കുന്നില്ലേ? ചൊന്നതേതന്ത്രം, വൃത്തിഭാകശയ്യാടികളുണ്ടു്, രക്ഷസ്സിന്റെ രീതിയാണു് ഭാവാനുകൂലമോ ഭാവപ്രതികൂലമോ ആയ അന്തരീക്ഷം ഉൽപാദിപ്പിക്കുന്നതു്.

"ജ്ഞാനപ്പാന" പാടിക്കേട്ടിട്ടുള്ളവർക്കു് "ആശിലി" തത്പചിന്തയ്ക്കും മർക്കടനിവേദ—ദൈവഭാഗ്യ — ശങ്കാതാരികൾക്കുമാണു് യോജിക്കുക എന്നതോന്നാം. ആ "ഉപനകാളി"തന്നെയാണെല്ലാം "സന്താനഗോപാലം" ചൊല്ലാൻ "പൂന്താനം" തന്നെ സഹികരിച്ചിട്ടുള്ളതു ആഖ്യാനത്തിനും അന്യഭാവങ്ങൾ ആവിഷ്കരിക്കുന്നതിനും അനുരൂപമാണെന്നു തോന്നുന്നില്ലേ. ഉത്സാഹമധുരമായ ഒരു വസന്തത്തെ ക്ഷണത്തെ വൃഞ്ജിപ്പിക്കുന്ന "വിളംബരം" എന്ന ഭാവഗീതി ഞാൻ ആ വൃത്തത്തിൽ അനുഭവിച്ചിട്ടുണ്ടു്. ചൊല്ലുന്ന ഈണം വിഭിന്നമാണെങ്കിൽ ശൈലിയിലും അന്തരമുണ്ടു്. അതുമായും, മഹാകവി വള്ളത്തോളിന്റെ അനുഗ്രഹിതഹാസ്യമാണു്, കേക, കാകളി, ഗാഥ, മുതലായ "ശീലു"കളെ "ആയ്യാന"ത്തിന്റെ തലത്തിൽനിന്നു്, "ഭാവഗീതി" മണ്ഡലത്തിലേയ്ക്കു് ഉയർത്തിയതു്. സന്ദർഭാനസാരമായ പദബന്ധം, അക്ഷരവിന്യാസം, ചൊല്ലുന്ന മട്ടിൽ വരുത്തുന്ന മാറ്റം, ഇതൊക്കെയാണു് ഭാവോദ്ദീപനത്തിനു് അധികം സഹായിക്കുന്നതെന്നാണു്, എന്റെ അനുഭവം, "കിളിപ്പാട്ടി"ലെ കാകളിയിൽനിന്നു എത്ര ഭിന്നമായ ഭാവത്തെ ദ്യോതിപ്പിക്കുന്നു് "ഉള്ളൂരി"ലെ കാകളി ഉളവാക്കുന്നതു് "നതോന്നത" പെഴ്സ്യൻ റുബായിയാത്തിനോടു യാദൃച്ഛികമായിട്ടാണെങ്കിലും കൂടുതൽ അടുപ്പമുള്ളതായി തോന്നുന്നു എന്നു് ഫാമിലിയർ ചാർ, അബ്ദുൾ ബാദർ, എന്റെ സുഹൃത്തു്", ഒരിക്കൽ പറയുകയുണ്ടായി.

ചെറുകഥാസാഹിത്യത്തിൽ സ്വന്തം

വയർ വേദന!

അൽസർ—ഗ്യാസ്ട്രബിൾ—

അർശസ്സു"?

രോഗവിവരം വ്യക്തമായെഴുതുക.

ആയുർവ്വേദാചാര്യ

കെ. കുഞ്ഞുരാമൻവൈദ്യർ

(ഗോൾഡ് മെഡലിസ്റ്റ്)

പൗരസ്ത്യഫാർമസി

പെരിനാട്, കൊല്ലം.

സിംഹാസനം ഉറപ്പിച്ചുകഴിഞ്ഞിട്ടില്ല കേസരിയിൽ, എന്റെ സ്നേഹിതൻ, ഈയിടെ എന്റെ ഗൃഹത്തിൽ വന്നു, സംഭാഷണമദ്ധ്യേ, എനിക്കു് അതൃതം തോന്നി, "വിലാസലഹരി"യിലെ മിക്ക ചമൽക്കാരികളും അദ്ദേഹത്തിന്റെ മനഃപ്രാണനാണു്. റുബായിയാത്തിന്റെ ഈ പരിഭാഷ പ്രസിദ്ധപ്പെടുത്തുന്ന കാലത്തു് വിമർശകനായിരുന്നു, അദ്ദേഹം, അന്നു് ആവേശപൂർവ്വം ഫ്രൂദിസ്ഥമാക്കിയ ചമൽക്കാരികൾ പാട്ടാളക്യാമ്പുകളിൽ ഇന്നും പാടിസേവിക്കാറുണ്ടത്രെ. "കേസരിയൻ" അനേകം വരികൾ ആ കഥാകാരൻ ചായ കുടിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു ചൊല്ലി,

ഇരിപ്പില്ലും നമുക്കേറെ-
നിമിഷത്തേയ്ക്കുമിരിക്കൽ നമ-
പിരിയുന്നതിനാൽ തിരിഞ്ഞെന്നും

വരുമില്ല" എന്ന ഭാഗമെത്തിയപ്പോൾ ശ്വാസം കോവിലനും നെടുവീർപ്പുണ്ടായി.

"പാലിക്കുന്നപോലും ജാഗ്രതി-
അന്തസ്സിലിരുന്നാസ്സേ
പാനം ചെയ്ത രജസ്സാധ
സഹവുമോളും
വേളയിൽ കൈകേയൻ "ഭരത"
ൽതലയിൽ ചവിട്ടുന്ന
കാട്ടുകഴുതയെന്നാലും
മാകില്ലുണർത്തുന്നേ" ഇതിലെ പരിഹാസം നടത്തുന്ന വിദ്വാനു കോവിലന്റെ കാർക്കശ്യം ഇപ്പോഴും നേടുന്നുണ്ടു്. എനിക്കു ചമൽക്കാരത്തും തോന്നി, അതിനെക്കുറിച്ചും, വിവർത്തനം പുരണ്ണുവരുന്നകാലത്തു തന്നെ രാഷ്ട്രാപേക്ഷകത്തിൽ പകർന്നു റുബായിയാത്തു് ഇങ്ങനെ ചില യുവഹൃദയങ്ങൾ ഒറ വലിക്കുകടിച്ചതു എന്നു ഞാൻ അറിഞ്ഞിരുന്നില്ല.

"റുബായിയാത്തു" എന്നതന്നെ പേരിടുവാൻ മതിയായിരുന്നു, എന്നു തോന്നുകയാണിപ്പോൾ. "വിലാസലഹരി" എന്ന നാമധേയം രൂപത്തിന്റെ അന്തർഭാഗമായി ഉരുത്തിരിഞ്ഞും ഇണങ്ങിയതു മറ്റൊരു സ്വഭാവിനെ വ്യഞ്ജിപ്പിക്കുന്നില്ല. ഉപരിതലത്തിൽ നടക്കുന്ന ലോകവ്യവഹാരങ്ങളെ ദ്യോതിപ്പിക്കുന്നുള്ളു. ആദ്യം "ശ്രീലോലഹരി"യെന്നാണു പേരിടുന്നതു്, അല്പം ശ്രമത്തിൽ ചിലപ്പോൾ തോന്നുന്ന എഫക്യൂറിയൽമർത്തനം മാത്രമേ കർത്തിപ്പിക്കൂ. "റുബായിയാത്തു്, മറിച്ചു കവിതയുടെ മാത്രമല്ല, പ്രപഞ്ചത്തോടും വിധിയോടും അഭേദ്യമായ മനോഭാവവും ഉൾക്കൊള്ളുന്നു.

മാർഷ്യൻമിൽറ്റന്റെ പരിഭാഷ "മംഗല്യമേ"ത്തിൽ പ്രസിദ്ധപ്പെടുത്തിയകാലത്തു് ഒരിക്കൽ മഹാകവി കണ്ടൂരിനെ അദ്ദേഹത്തിന്റെ വസതിയിൽ പോയി സന്ദർശിച്ചു. പുരികക്കൂടി നരച്ചിട്ടുണ്ടെങ്കിലും കണ്ണിലെ തിളക്കവും സന്ദർശകനെ സ്വാഗതംചെയ്യുന്ന മന്ദഹാസവും മങ്ങിയിട്ടില്ല. അന്നു "മേഘസന്ദേശം" തർജ്ജമചെയ്യുകയായിരുന്നു, ആ സന്ദേശശാലീ വൃത്തമെവൃത്തമായിട്ടു സഞ്ജീവചിതിയാക്ഷരപ്രാസ ഭേദം. സംഭാഷണത്തിനിടയ്ക്കു് മഹാകവി ചോദിച്ചു: ഫിറ്റ്സ്ജറാൾഡിന്റെ കവിതയിൽ കുറച്ചുണ്ടു് ഇതു കമ്പം എങ്ങനെ വന്നു? എന്തിനാ ആ ഇമ്മോർട്ടൽ പോയട്രിയെ നമ്മുടെ ഭാഷയിലേയ്ക്കു തർജ്ജമചെയ്യുന്നതു്? സ്വതന്ത്രമായ കൃതി എഴുതിയിട്ടുമതേ? അതിനു ശക്തിയുണ്ടെല്ലോ." എന്നിങ്ങനെ അയ്യുക്തമായ തോന്നിയതു്, ആംഗലസാഹിത്യം അദ്ദേഹത്തിൽ വലിയ പ്രഭാവമുണ്ടാക്കിയിട്ടുണ്ടു്. "ഖയ്യാം"കി"ന്റെ സ്വാധീനശക്തിയായിരിക്കാം, വടക്കൻപാട്ടുകളിൽനിന്നും മറ്റു പഴമകഥകളിൽനിന്നും കഥാവസ്തു സഹീകരിച്ചു് "കരപ്പൂക്ക്" "കണ്ണൻ" "പാക്കനാർ" മുതലായ മണിപ്രകാവ്യങ്ങൾ രചിക്കാൻ പ്രേരിപ്പിച്ചിട്ടുള്ളു. പച്ച മലയാളപദങ്ങളുടെ പ്രയോഗിച്ചിരുന്നതു്. ആർഭടവർണ്ണനയിലുണ്ടു, ശൈലിക്കു്, പ്രതിപാദനം "വസന്തതിലക"ത്തിൽ പഴയ വണ്ടുകാവുള്ളാട്ടന്റെ സമ്പ്രദായത്തിൽത്തന്നെ അതു്. "അപരിചിതമായ മട്ടിൽ" ആണെന്നു്, കുഞ്ഞിക്കുട്ടിത്തമുരാനെ പറിയുമ്പോൾ

എന്റെ ആദ്യത്തെ കഥ

പ്രായശ്ചിത്തം

ജി. എസ്. രാധ

പച്ചച്ചായം തേച്ച ഇരുമ്പുഗേറ്റിൽ കൈവച്ചുകൊണ്ടു ചിന്തും വരച്ചുനിന്ന പ്ലേൾ പന്തെ പന്തലിച്ച ബോഗൈൻ വില്ലയുടെ കാറ്റിലാടുന്ന ചില്ലകൾ തല കുടഞ്ഞ് മെല്ലെ തലോടുന്നുണ്ടായിരുന്നു. വാർഡനായി സംസാരിച്ചുനിൽക്കുന്ന അച്ഛന്റെ നേരെ ഒരല്പസമയം നോക്കിനിന്നു. കോലംകെട്ടുപോയ ആ ശരീരം ഇനിയെങ്കിലും ഒന്നു നന്നായിക്കണ്ടെങ്കിൽ... പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ മനസ്സിൽ മറ്റൊന്നും ഉണ്ടായിരുന്നില്ല...?

'ഞാനെന്തിനാണ് മോളേ...' എന്നു ചോദിക്കുമ്പോൾ ആ കണ്ണുകൾ നിറഞ്ഞിരുന്നുവോ...? തിരിക്കലും നനഞ്ഞുകണ്ടിട്ടില്ലാത്ത ആ കണ്ണുകൾ...! ഇനിയും എന്തിനാണ് അച്ഛൻ വിഷമിക്കുന്നു? തനിക്കറിഞ്ഞുകൂടേ? അച്ഛൻ ചെയ്തുകൂട്ടിയ പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാണ് താനിപ്പോൾ അനുഭവിക്കുന്നതെന്ന്. ഒരുപക്ഷേ, കവിതയെന്ന എഴുത്തുപോലുമുണ്ടാകുമായിരുന്നില്ല, തന്റെ ജീവിതത്തിൽ.

താൻ ക്ഷമാപണസ്വരത്തിലും, വിനയാന്വിതമായും, മറുപടി പറഞ്ഞു: "മേറിന്റെ ജീവനവിഷയമല്ല, ഗുഡ്വേയിലിയത്തിലെ പേഴ്സൺ അനന്തരീക്ഷവും അനാഡംബരമായതുകൊണ്ട് സംഗീതത്തിനും സമയമുണ്ടാകും. മാധുര്യസാന്ദ്രമായും ആണ് എന്നെ ആകർഷിച്ചത്". തെ കടന്നതായ ഒരാഗ്രഹമായിരുന്നു അപ്പോൾ. അതിൽ ഉണ്ടെങ്കിൽത്തന്നെ കണ്ടില്ല. ആ ഒരു തീരുമാനത്തിലെത്തിച്ചേരുന്നതിനുമുമ്പ് പാനപാത്രവും സോകിയുമൊക്കെ, ചിലപ്പോഴെങ്കിലും, ആധ്യാത്മികാനുഭവങ്ങളെ ആവാഹിക്കുമെന്ന പ്രതീക്ഷകളുണ്ടായിരുന്നു തോന്നിപ്പോകുന്നുണ്ട്. പക്ഷേ, മനുഷ്യമനസ്സുകളിൽ ഉത്തരാധുനികതയിൽ ശാസ്ത്രവിജ്ഞാനത്തിലും കത്തുചിന്തയിലും യുക്തിവിചാരത്തിലും അവയെയെല്ലാം മറിച്ചിട്ടുകൊണ്ടിരിക്കുന്ന മാനസികവേദനയ്ക്കും മനുഷ്യന്റെ അടങ്ങാത്ത പ്രതീക്ഷകൾ ഉണ്ടായിരുന്നില്ലല്ലോ, വിധിപ്രതന്ത്രതാവാടത്തിനിടയിലും ക്ഷണഭംഗുരമായ ജീവിതത്തിനിടയിലും അജ്ഞേയതയുടെ ബോധത്തിനിടയിലും സ്വന്തം ഉള്ളിൽക്കിടന്നു തെളിയുകയും സന്തുലിതമായ രീതിയോടെ പിടയുകയും ചെയ്ത പിഡയെ മാനുഷികതയിൽ മുക്കി എല്ലാം മറന്ന ആനന്ദത്തിൽ ഇതിനിടയിലെങ്കിലും കണ്ടുപിടിച്ചുനോക്കാൻ കൊതിക്കുകയും ചെയ്യുന്ന ഒരു ആത്മാവിന്റെ സ്വരമാണ്, ഗുഡ്വേയത്തിൽ അനന്തരണനം ചെയ്യുന്നത്. അല്ലെങ്കിലും മനുഷ്യന്റെ ആഗ്രഹത്തിന് പുതിയൊരു തുടക്കം, പുതിയൊരു വികാസം, നൽകുമെന്നു തോന്നി. ഗുഡ്വായിയാത്തിന്റെ ലഹരിയില്ലാതെ മറ്റൊന്നിന്റെ ലഹരി തിരിക്കുമ്പോൾ വിവർത്തനത്തിനു ശേഷവും ഞാൻ ആസ്വദിച്ചിട്ടില്ലാത്തവണ്ണം. എന്റെ മറുപടി തൃപ്തിപ്പെടുത്തിയതായി എന്നറിഞ്ഞുകൊണ്ടോ. "വേറെ വല്ല സംസ്കൃതമോഹമാണോ" ആ കൃതിയിൽ എന്നു സമ്മതിക്കുകയും "കുഴപ്പമാകും" എന്നു അനുഗ്രഹിക്കുകയും ചെയ്ത ദക്ഷിണാമൂർത്തിയായ വന്ദ്യഗുരുകവി."

(തുടരും)

—1—

വസന്തി മടിവിന്നു സൂട്ട്കേസ് വാങ്ങി. ഈ ദിവസങ്ങളിൽ ഈ കൊച്ചുപെണ്ണ് കാറോടിച്ചതെന്ന ഈ മുറിയിൽ കഴിച്ചുകൂട്ടി...?!

അനിയത്തിടെ കല്യാണമൊക്കെ മംഗളമായിട്ടു നടന്നോ...?"

അല്ല സഹതാപത്തിന്റെ സ്വരമായി തന്നിരുന്നില്ല...? അതേ എന്ന അർത്ഥത്തിൽ തല കുലുക്കുക മാത്രം ചെയ്തു.

വാർഡന്റെ മുറിയിലെ ക്ലോക്കിൽ മണി എട്ടടിക്കുന്നതു ശ്രദ്ധിച്ചു.

"വാ മോനേ.....നീ കുപ്പി കടിച്ചില്ലല്ലോ...?

അവളുടെ പിറകേ കോണി ഇറങ്ങുമ്പോൾ അവൾ തെരക്കി.

"...നിയിന്ന് ഓഫീസിൽ വന്നിരുന്നോ...?"

വല്ലാത്ത ക്ഷീണമുണ്ട്. എങ്കിലും... എങ്ങനെയാണ് പോകാതിരിക്കുക?

"പുതിയ ഓഫീസറെ കാണണ്ടേ... ചെറുപ്പക്കാരനാ"

അവളുടെ പുഞ്ചിരി വിടർന്ന മുഖത്തേയ്ക്ക് ഒരുനിമിഷം നോക്കിനിന്നു—

ഒരുപക്ഷേ... അയാളെ കാണുമ്പോഴൊക്കെ അവൾ അവളുടെ മോഹൻ ചേട്ടനെ ഓർക്കുന്നുണ്ടാവും. പാവം പെണ്ണ്. അയാളിനി എന്നാണാവോ അമേരിക്കയിൽനിന്നു മടങ്ങുക...?

ഒഴിഞ്ഞ ഗ്ലാസ്സിൽ കോഫി നിറയ്ക്കുന്നതിനിടയിൽ രാജ്ഞി തെരക്കി—

"ഭർത്താവ് കല്യാണം കഴിക്കാത്തതെന്ത്?"

തന്നെ പുഞ്ചിരി

മനസ്സുള്ളവളല്ലോ. എത്രയായാലും സ്വന്തം സഹോദരിയുടെ മകനല്ലേ...?

"രജനീ...നിനക്ക പുതിയ ഓഫീസറെ പ്പറ്റി ഓർക്കാണ്ടെ...?"

ബെഡ്ഡ് നിവർത്തി മലർന്നുകിടക്കുമ്പോൾ അവൾ ഉത്സാഹത്തോടെ പറഞ്ഞു—

"രാജീവന്നും പേര്...ഐ. എ. എസ്. കാരനും..."

ങേ...!! രാജീവ്!! മനസ്സിന്റെ ഒരു മൂലയിൽ എങ്ങോനിന്നോ ആ പേര് തേട്ടിത്തേട്ടി വരികയാണോ. ആരാണയാൾ...?!

മച്ചിൽനിന്നും കണ്ണു പറിച്ചു് അടുത്ത ബെഡിൽ ചഞ്ഞുകൂടിയിരിക്കുന്ന വസന്തിയെ നോക്കി.

"വാസ്തവം പറഞ്ഞാൽ, അയാളെ കണ്ടപ്പോഴെക്കെ നീ പണ്ടു പറയുമായിരുന്ന ആ കോളേജുകുമാരനെപ്പറ്റി ഓർത്തു പോകാറുണ്ടു്..." വീണ്ടും തേട്ടി. ഇവൾ എന്താണീ പറഞ്ഞുവരുന്നതു്...?!

"കാണാൻ വലിയ സുന്ദരനൊന്നുമല്ല കേട്ടോ...പക്ഷേ...ആരും വീണുപോകും..."

കണ്പുന്നിൽ ആ ചിത്രം തെളിഞ്ഞുവരികയാണു്. കറുത്തകാലമായി താൻ മനപ്പൂർവം മറക്കാൻ ശ്രമിച്ച ആ ചിത്രം...!

"മാ...നിനക്ക് കേൾക്കാനിഷ്ടമില്ലെങ്കിൽ...ഞാനൊന്നും പറയുന്നില്ല..." അവൾ ടവ്വലും സോപ്പുതെട്ടുമു് പരിഭവത്തോടെ മുറിക്കുപുറത്തേക്കുപോയി. ഫാവു...അധികം കേൾക്കണ്ടതിരിക്കയാണു് നല്ലതു്—

അന്നു കളിച്ചുകഴിഞ്ഞു് പകുതി ക്ഷീണം മാറിയതെന്നു. ആരായിരുന്നു ആ മനുഷ്യൻ...? കളിപറഞ്ഞു...ചിരിച്ചു...അങ്ങിനെ വളർന്നില്ല.

ഇടവേളയിൽ ഉമ്പിൽ കെട്ടി കണ്ണാടിക്കുമുന്നിൽനിന്നു നെറ്റിയിൽ കുങ്കുമം തൊട്ടപ്പോൾ അവൾ കളിയാക്കി—

"മതി മതിയാക്കിയതു്. ഓഫീസറെ വല്ലതുമല്ലേ..."

മൊട്ടു കൊട്ടുകാനാണു തോന്നിയതു്, സ്വയം നിയന്ത്രിച്ചു. വികൃതിപ്പെണ്ണു്...

വീണ്ടും ആ ഓർമ്മകൾ—രാജീവ്...! ആരാണയാൾ...?

കോളേജിലെ "ഹീറോ" എന്നറിയപ്പെട്ടിരുന്ന രാജീവു്...! അയാൾ തന്റെ സീനിയറായിരുന്നു. തരംകിട്ടുമ്പോഴെല്ലാം തന്റെ സമീപവും ഇഷ്ടപ്പെട്ടിരുന്ന രാജീവു്...തനിക്കതു് ആദ്യം മുതലല്ല അറിയാമായിരുന്നതെല്ലേ...? എന്നിട്ടും...എന്നിട്ടും തനതു മുടിവഴുതൻ ആഗ്രഹിച്ചു. ആ മുഖത്തേക്കാണ്ട നോക്കാൻപോലും തനിക്ക ധൈര്യമുണ്ടായിട്ടില്ല. ആ കണ്ണുകളുടെ ശക്തിയിൽ താൻ ചലപ്പോഴും ചൂളിപ്പോയിട്ടുണ്ടു്...

പലപ്പോഴും തന്നെ "അവോയ്ഡ്" ചെയ്ത മറ്റുള്ളവരോടു വാശ്ചാലമായി വാചകമടിക്കുന്നതു് ശ്രദ്ധിച്ചിട്ടുണ്ടു്. അപ്പോഴൊക്കെയും മനസ്സു് വേദനിച്ചിട്ടുണ്ടു്. സ്വയം സമാധാനം കണ്ടുമുമായിരുന്നു...

നല്ലവണ്ണം പഠിച്ചു് ഒരു ക്ലാസ്സും വാങ്ങുകയായിരുന്ന തന്റെ ലക്ഷ്യം. തന്നിൽ വിശ്വാസമർപ്പിച്ചു കഴിയുന്ന അച്ഛന്റെ ചിത്രം മനസ്സിൽ പൊന്തിവരുമ്പോഴെല്ലാം ദൈവത്തോടു് പ്രാർത്ഥിക്കുമായിരുന്നു—

പവൻമാറ്റു സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ മുതലായവ വാങ്ങുന്നതിനു്

വിശ്വസ്തസ്ഥാപനം

കെ. പ്രഭാകരൻ നായർ

ജുവലേഴ്സ് & വാച്ചുഡീലേഴ്സ്

മെയിൻറോഡു്, കൊല്ലം. **Phone: 2095**

ബ്രാഞ്ചു്: കു. എസ്. റോഡു്, പുനലൂർ.

"ഒരു സൽഗതി തരണേ..."

അന്നു്...സീനിയേഴ്സിനു് "ഫെയർ വെൽ" സോഷ്യൽ നൽകിയ ദിവസം—

എല്ലാപേരുംകൂടി നിർബ്ബന്ധിച്ചിട്ടാണു താൻ പാടാൻ തുടങ്ങിയതു്. എതിരേ ഇരുന്നിരുന്ന രാജീവിന്റെ കണ്ണുകളിൽ കണ്ണുകളിടഞ്ഞപ്പോൾ.... നിയന്ത്രിക്കാനായില്ല. ഇയ്യ്കവച്ചു് പൊട്ടിക്കരഞ്ഞു. അദ്ധ്യാപകരും സഹപാഠികളും മുഖത്തോടുമുഖം നോക്കി. സംഗതിയില്ലെന്ന കള്ളംപറഞ്ഞു് ഹോസ്റ്റലിലേക്കു തിരിച്ചുപ്പോൾ...മറ്റൊന്നോ ഒരുരുന്ന മനസ്സിൽ ആ കണ്ണുകൾ തന്നെ പിന്തുടരുന്നതു ശ്രദ്ധിച്ചു...

അവസാനത്തെ അദ്ധ്യയനദിവസം—

ഹൃദയത്തെ കത്തിപ്പിളർക്കുന്ന കർത്തവ്യങ്ങളിൽനിന്നു രക്ഷപ്പെടാൻവേണ്ടി ലൈബ്രറിമുറ്റത്തിലെ ഇലഞ്ഞിമരച്ചോട്ടിൽ റാക്കിരുന്നു് പുസ്തകത്തിന്റെ താളുകൾ മറിക്കുകയായിരുന്നു.

"രജനീ..."

ഞെട്ടിപ്പിടഞ്ഞെണീറ്റു. നീട്ടിപ്പിടിച്ച മാസികയുമായി രാജീവു്...!!

ഇളം നീലനിറമുള്ള പേജിൽ കറുത്ത മഷിയിൽ കൊണ്ടെഴുതി— "യഥാർത്ഥ സ്നേഹം തിരിച്ചറിയപ്പെടുന്നില്ല..."

എന്തിനെഴുതിയെന്നറിയില്ല. ആ മുഖത്തു് ഒരു പുഞ്ചിരി പരക്കുന്നതു് ശ്രദ്ധിച്ചു.

ആദ്യമായും അവസാനമായും തന്നോടെന്തോ പറഞ്ഞതു്...

"എന്തൊക്കെയോ പറയണമെന്നു പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ടു്, പക്ഷേ..."

പുഞ്ചിരിക്കാൻ ഒരു വിഫലശ്രമം നടത്തുന്നതിനിടയിൽ പറഞ്ഞു:

"നാം ഇപ്പോൾ പിരിയുകയാണു്. എന്നെങ്കിലും കണ്ടുമുട്ടാം..."

വീണ്ടുമൊപ്പോകാതിരിക്കാൻ പുസ്തകം മടിച്ചുതിരി. ആ സ്റ്റുഡന്റ് അകന്നകന്നു പോകുന്നതു നോക്കി മിഴിച്ചുനിന്നു.

എന്തോ രജനീ... സപ്പം കണ്ടുകയാണോ...?"

ഓ, വസന്തി ഓഫീസിൽ പോകാൻ റെഡിയായിക്കഴിഞ്ഞിരിക്കുന്നു. താൻ എഴുന്നേൽക്കുമ്പോൾ ഈ കണ്ണാടിക്കുമുന്നിൽ നിൽക്കാൻ തുടങ്ങിയിട്ടു്...! തിരക്കിട്ടു ഡ്രസ്സും ചെയ്തു് അവളുടെ ഒപ്പം നടന്നു.

മലയാളനാട്

വാരിക

വരിസംഖ്യനിരക്കു്

ഒരു വർഷത്തേക്കു്	25-00
ആറുമാസത്തേക്കു്	11-50
ഓരോപ്രതി	0-40

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യനിരക്കിൽനിന്നും പോസ്റ്റേജു് കൂടുതലായിരിക്കുന്നതാണു്.

മാനേജർ,

ഇന്നു ഡേറ്റുതരുമോ...? ഓഗസ്റ്റ് ഇരുപത്തിയഴു്. താൻ ഉദ്ദേശിച്ചതിനുമുമ്പായിട്ടു് തികച്ചും രണ്ടുവർഷമായിരിക്കുന്നു. റിസൽട്ടു് അറിഞ്ഞുടൻ ജോയിൻ ചെയ്തതാണു്. ഒരു യു. ഡി. സി. ആകണമെന്നു് ഒരിക്കലും ആഗ്രഹിച്ചിരുന്നതല്ല, ലക്ചറാകണമെന്നതിനുള്ള മോഹം. ആഗ്രഹങ്ങൾ എല്ലായ്പ്പോഴും സഫലമാകണമെന്നില്ലല്ലോ.

എല്ലാം മറന്നു ജീവിക്കാൻ ഇങ്ങോട്ടയച്ചതാണു്, പക്ഷേ.....എല്ലാം തകിടംമറിച്ചുകൊണ്ടു് ഇന്നിതാ കർമ്മകർക്കു മുമ്പിൽ അടിയറവുപറയുന്നു. നടന്നിട്ടു കാർമ്മകർ.....

ഉച്ചയ്ക്കിരുള്ള ബസ്സിനു... ഒരു ജാഥയാണു്, ഉഗ്രൻ ജാഥ. ആണും പെണ്ണും വൃദ്ധന്മാരും കുട്ടികളും എല്ലാം ഉണ്ടല്ലോ. റോഡു് ക്ലോസ്സുചെയ്യുവേണം കാഹിനി ലെത്താൻ.

"അവർക്കു സമരം ചെയ്യാൻ കണ്ട ഒരു സമയം കണ്ടില്ലേ...ഇന്നിനി ലോറിപുക യേയുള്ളു..." വസന്തി പുറുപുറുക്കുന്നതു ശ്രദ്ധിച്ചു.

അവർ എന്തൊക്കെയോ വിളിച്ചുപറയുന്നു. ഒരു പക്ഷേ... ജീവിതം കരുപ്പിടിക്കുകയാവുമോ... തന്നെപ്പോലെ...? റോഡു വീണ്ടും ശൂന്യമായിരിക്കുന്നു. അടുത്ത കോട്ടുകാറിനുമുള്ള ദീർഘമായ ശൂന്യതയല്ലേ ഇതു്...! വീണ്ടും കൊട്ടുകാറു് ആഞ്ഞടിക്കുമോ...? ആവോ... ആർക്കറിയാം...!!

—ശുഭം—

പത്തു

പിറേറദിവസം നളിനി ആശുപത്രിയിൽനിന്നും മടങ്ങിവന്നപ്പോൾ പതിവുപോലെ രമേശിനെ വരാന്തയിൽ കണ്ടില്ല. ആശങ്കകളോടെ കോണികയറി.

പടിഞ്ഞാറേ ബാൽക്കണിയിൽ ചാരുകസേരയിൽ രമേശ് കിടപ്പുണ്ട്—അവൾ അടുത്തെത്തിയിട്ടും ഒറിഞ്ഞതേയില്ല. കണ്ണടച്ച് നിവർത്തിവച്ചപേനയുമായി നെറ്റിക്കു കൈയുംകൊടുത്തു ഞങ്ങിനെ സർവ്വവും മറന്നുകിടപ്പാണ്—കടലാസ്സിൽ എന്തൊക്കയോ എഴുതിവെട്ടിയിട്ടുണ്ട്. രമേശ് കവി ജനംകൊള്ളുകയാണെന്നു നളിനിമനസ്സിലാക്കി.

"കവി ഉണർന്നാലും—പ്രചോദനം" എത്തിയിരിക്കുന്നു."

തന്റെ ഫലിതം രമേശിനു രസിക്കുമെന്നാണ് കരുതിയതു.

"എന്താ നളിനി കളിയാക്കുകയാണോ? ഹൃദയത്തിൽ തലച്ചോറിൽ സ്പർശിയുടെ ഉദ്വേഗം എന്തുകൊണ്ടാണെന്നു നിനക്കറിയില്ല."

നീരസത്തോടെയുള്ള ആ പ്രസ്താവന നളിനിക്കു വല്ലാതെകൊണ്ടു. തന്റെ നേരെ മുഖം കറുത്തു. രമേശ് ആദ്യമായി എന്തെങ്കിലും പറയുകയാണ്. ഏതിലും ഒരു ഒട്ടും പുറത്തുകാട്ടാതെ താഴെപ്പോയി ചായയുമായി എത്തി.

സാറാതോമസ്

"ഇതാ—കുടിക്കു—ചായയുടെ പതിവു നേരം കഴിഞ്ഞിരിക്കുന്നു."

അപ്പോഴേക്കും രമേശിന്റെ മുഖഭാവവും മാറിയിരുന്നു.

പശ്ചാത്താപത്തോടെ നളിനിയെ അടുക്കലേയ്ക്ക് അണച്ചുപിടിച്ചു.

"എന്റെ തങ്കം ക്ഷമിക്കു—ഞാൻ ശരിക്കും അർഹനാണ്—ആശുപത്രിയിൽനിന്നു ജാലികഴിഞ്ഞു തളർന്നു എത്തിയ നിന്നോടു—ഗൗരവം കാണിക്കാൻ എനിക്കെങ്ങിനെ തോന്നി—എന്നോടു ക്ഷമിച്ചെന്നുപറയൂ."

നളിനിയുടെ നെഞ്ചിലെ വിങ്ങലുമാറി.



"തെറ്റ്! എന്നോടല്ല, കവി സർഗ്ഗ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുമ്പോൾ ശല്യപ്പെടുത്തരുതെന്ന് തന്നെ. ഞാൻ മറന്നിട്ടില്ല."

"നളിനി! വാസ്തവത്തിൽ ഇന്ന് മുഴുവൻ പരിശ്രമിച്ചിട്ടും മനസ്സിനെ ശുപ്പിയാക്കിവച്ചിട്ടും കവിതയ്ക്ക് ഉൾക്കരു കിട്ടുന്നില്ല. കവിതയ്ക്ക് ഉൾക്കരു കിട്ടുന്നതാകട്ടെ ചില വരികൾ രൂപം കൊടുക്കാൻ കഴിഞ്ഞിട്ടില്ല—"

"ആട്ടെ! ആ കലോസിൽ എന്തൊക്കെയോ കണ്ടിക്കുറിച്ചിരിക്കുന്നല്ലോ - ഞാൻ ഒന്നു നോക്കട്ടെ—"

"ഇതാ നളിനി! ഇപ്പോൾ ഇംപ്രോസിബിൾ ആയതു ആവശ്യപ്പെട്ടുകയാണല്ലോ സ്വഷ്ടിയുടെ അപൂർണ്ണതയും ആർക്കും കാണാനുള്ളതല്ല—എന്നെ എല്ലുമായ തെറ്റുതിനുപോലും!

നളിനിയുടെ മുഖം മങ്ങി.

"നോക്കൂ. ഇപ്പോൾ ഇങ്ങിനി കവി മർ അവരെയും തിരുകയാണ്—വേഗം ഡ്രസ്സ് മാറിവരൂ—നമുക്ക് ബീച്ചിൽ പോകാം—ഈ മുഖം ഇങ്ങനെ വാടികണ്ടാൽ എന്റെ പ്രചോദനം പിന്നെ എങ്ങനെ നിന്നാണ്—"

മഹേശ് പഴയ ഉന്മേഷത്തോടെ തന്നെ പറഞ്ഞു.

ആയിട്ടല്ലാണ് മഹേശന്റെ അമ്മ ഒരു തീർത്ഥാടനത്തിനുള്ള ആശ പ്രകടിപ്പിച്ചിട്ടു്. രണ്ടുമൂന്നു മുൻപ് മകന്റെ സൗഭാഗ്യത്തിനായി മനസ്സിൽ നേർന്നതാണ്. മഹേത്തിലെ പുണ്യസ്ഥലങ്ങൾ ഒക്കെ സന്ദർശിക്കുക—ഒന്നിച്ചുപോകാൻ തക്കതായ ക്ഷീണം ലഭിച്ചിട്ടില്ലത്രെ. മഞ്ഞിഎല്ലുമ്പോൾ ഒരു കഞ്ഞിക്കൽ കാണാനുള്ള ഭാഗ്യമുണ്ടാവും എന്ന് മക്കളെ ആശീർവദിച്ചിട്ടാണ് പുറപ്പെട്ടതു്.

ദിവസങ്ങൾ ഒന്നൊന്നായി കഴിഞ്ഞപ്പോൾ മഹേശിന്റെ പെരുമാറ്റത്തിലും മാറ്റം സംഭവിക്കുന്നതായി നളിനിക്കു തോന്നി. പണ്ടത്തെപ്പോലെ ആശ്ലേഷിച്ചുമ്പിയിൽനിന്നും വന്നകഴിഞ്ഞാൽ ഉള്ളുകഴിയാനുള്ള ആവേശം മഞ്ഞിയിരുന്നു. ആഹാരകാര്യത്തിലും അശ്രദ്ധയാണ്. ചില ദിവസങ്ങൾ ഉച്ചയൂണുപോലും വേണ്ടെന്നുവെച്ചുകളയും!

"അമ്മയില്ലാത്തതുണ്ട് ഇപ്പോഴത്തെ കഴപ്പും. ഇല്ലെങ്കിൽ എങ്ങിനെയെങ്കിലും നിർബ്ബന്ധിച്ചു് ഊട്ടിയേനേ എന്നു നളിനി പരാതിപ്പെട്ടപ്പോൾ മഹേശന്റെ മറുപടി നളിനിയെ അമ്പരപ്പെടുത്താതിരുന്നില്ല.

"തെങ്കണക്കിനു് അമ്മ ഇവിടെ ഇല്ലാത്തതു് ഒരു ഭാഗ്യമായി കരുതുന്നു. എനിക്കിപ്പോൾ വേണ്ടതു് ഏകാന്തതയാണു്. എന്നാൽ മാത്രമേ എന്റെ ബുദ്ധിക്കു്, മനസ്സിനു് ഏകാഗ്രത ലഭിക്കയുള്ളു."

ഒരിക്കൽ നളിനിയുടെ നിർബ്ബന്ധത്തിനു സിനിമകാണാൻ പുറപ്പെട്ടപ്പോൾ ആരോടെന്നില്ലാതെ പറഞ്ഞു:

"ഒന്നു് യജമാനന്മാരെ സേവിക്കാൻ സാദ്ധ്യർല്ലെന്ന ബൈബിളിൽ പറഞ്ഞിരിക്കുന്നതു് എത്ര വാസ്തവം!"

അപ്പോൾ തന്റെ ധാന്നിധ്യവും തന്റെ ശല്യമായി തോന്നിത്തുടങ്ങിയോ എന്നു ശങ്കിച്ചുപോയി, പ്രത്യക്ഷത്തിൽ തന്നോടപ്പോഴും സ്നേഹവായ്പോടെ മാത്രം പെരുമാറിയിട്ടുള്ള എങ്കിലും!

എങ്കിലും തന്നോടുള്ള ആ വാചാലതയ്ക്ക മങ്ങൽ സംഭവിച്ചതുപോലെ. ഒന്നിച്ചു് ആഹാരം കഴിക്കുമ്പോൾ എന്തെങ്കിലുമൊക്കെ പറയുമെന്നേയുള്ള. പണ്ടത്തെപ്പോലെ തന്റെ വിശേഷങ്ങൾ തിരക്കാൻ മിനക്കെടാറില്ല. പുറത്തുള്ള സർക്കിളുകളിലും ഉത്സാഹം കുറഞ്ഞു. പകലു മുഴുവൻ ആളൊഴിഞ്ഞിരിക്കുന്നതു് നളിനിക്കും സഹസവാടികൾ ഒന്നു കഴിച്ചുകൂട്ടാനാവാത്ത ആവശ്യമായി തോന്നിയിട്ടില്ല. പിന്നെ അമ്മയില്ലാത്തതുകൊണ്ടു് വീട്ടുകാര്യങ്ങളും കുറെയൊക്കെ ശ്രദ്ധിക്കേണ്ടിയിരുന്നു. ഒരുദിവസം വന്നകഴിഞ്ഞു് അവൾ ജഗ്ഗുനിറച്ചു് ചൂടുചായയുമായി മുകളിലെത്തുമ്പോൾ മഹേശന്റെ മുഖത്തു് പണ്ടുള്ള സന്തുഷ്ടഭാവത്തിന്റെ ഒരു നിഴലാട്ടം കണ്ടെന്നിരിക്കും.

"എന്നെ ഞാനായി മനസ്സിലാക്കാൻ കഴിവുള്ള ഒരു മനുഷ്യനെ കിട്ടിയതിൽ ഞാനെത്ര ഭാഗ്യവാനാണു്. സാധാരണ ദമ്പതൃജീവിതത്തിൽ പരിഭവങ്ങളും പരാതികളുമാണധികം എന്നാണു് പറഞ്ഞുകേട്ടിട്ടുള്ളതു്. എന്തായാലും നമുക്ക് അങ്ങനെയൊന്നു ഭാഗ്യദോഷം പിടിപെട്ടിട്ടില്ലല്ലോ തങ്കം?"

അങ്ങനെ പ്രസ്താവനകൾക്ക് മറുപടിപറയാതെ നളിനി ചിരിച്ചൊഴിഞ്ഞുകളയും. വാസ്തവത്തിൽ തനിക്കും പരിഭവങ്ങളും പരാതികളും തോന്നിയ ദിവസങ്ങൾ കവിതയെഴുതാനുള്ള ഏന്നവെച്ചു് കാച്ചുസമയംകൂടി തന്നോടൊത്തു ചിലവഴിച്ചുകൊണ്ടു് അമ്മയെ കാണാൻ ചേട്ടൻറെ വീട്ടിൽ കൊണ്ടുപോകാമെന്നു പറഞ്ഞതാണു്. അതും മറന്നിരിക്കുകയാണു്. പക്ഷേ, പരാതികളുടെ പട്ടികൾ നിരത്താൻ നളിനിയുടെ അഭിമാനം അനുവദിച്ചില്ല. ഭർത്താവിന്റെ ആഗ്രഹം മനസ്സിലാക്കി ജോലികളെയാൻ താൻ തയ്യാറായില്ലല്ലോ. അപ്പോൾപിന്നെ മഹേശ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്ന സംരംഭത്തിൽ തന്നെ കഴിച്ചുകൂട്ടുന്നതിൽ പരിഭവിക്കുന്നതിൽ അർത്ഥമില്ല. തന്നെപ്പോലെ പകച്ചതായ ഒരു സ്ത്രീയിൽനിന്നും അങ്ങനെ വിവരക്കേടു വന്നുകൂടാ.

ചായകുടികഴിഞ്ഞാൽ മഹേശ് സന്ധ്യമങ്ങുന്നതുവരെ ബാൽക്കണിയിൽ എന്തെങ്കിലും കുത്തിക്കുറിച്ചും വെട്ടിത്തിരുത്തിയും ഇരിപ്പാണു്. വെളിച്ചം തീർത്തും മങ്ങുമ്പോൾ കളിയുംകഴിഞ്ഞു് നടക്കാനിറങ്ങും. മൂന്നാലുദിവസങ്ങൾ നളിനിക്കുട്ടിയുടെ പേയേപ്പോൾ പറഞ്ഞു: "നളിനി വരണമെന്നില്ല—ആളൊഴിഞ്ഞുകിടക്കുന്നു് വേണ്ട നടപ്പുണ്ടല്ലോ—ഞാനാണെങ്കിൽ ഒരു വ്യായാമവുമില്ലാതെ ഇരുപ്പല്ലേ—കുറെ അധികംസമയം നടന്നില്ലെങ്കിൽ ഉറക്കംവരില്ല. അതിനൊപ്പം നടക്കുന്നതു നളിനിക്കു ബുദ്ധിമുട്ടാകും."

കുറെ നാൾകൊണ്ടുപോയാലും മഹേശ് വലിയ മിണ്ടാട്ടത്തിനു് ഒന്നും തുനിയുകയില്ല. മനസ്സിലൊന്നും വെച്ചിട്ടു വന്നതുപോലെയായിരിക്കും സംസാരം. അതുഴമുക്കഴിഞ്ഞാലും മഹേശ് കഥാസ്സും പേനയുമായി വരാന്തയിലേക്കു നടക്കും. പല പ്പോഴും നളിനി ഉറക്കംപിടിച്ചിട്ടാണു കിടക്കാൻവരുന്നതുതന്നെ.

എങ്കിലും നളിനി കവിതയെഴുതി എന്തെങ്കിലുംതന്നെ തിരക്കാൻ തുനിഞ്ഞിട്ടില്ല. മഹേശിനു് അങ്ങനെ ഇടപെടലുകൾ തടസ്സമായിട്ടില്ലെന്നു് ആദ്യംതന്നെ മനസ്സി

കമ്പനി രജി നമ്പർ 2370 സ്ഥാപിതം 1962 ഫോൺ 3158

ന്യൂകേരളാ ചിറ്റ്സ്

& ട്രേഡ്സ് [പ്രൈവറ്റ്] ലിമിറ്റഡ്

പ്രസ്സ്ക്ലബ് ബിൽഡിംഗ്, കൊല്ലം.

(ഒരു ദശവൽസരക്കാലത്തെ പ്രശസ്തസേവനപാരമ്പര്യം)

കമ്പനിയുടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം

ശാഖകളിൽനിന്നും വീണ്ടും ആരംഭിക്കുന്ന പ്രതിമാസലേലച്ചിട്ടികൾ

A Rs. 75×40 Rs. 3000	Rs. 375×40 Rs. 15,000	Rs. 400×25 Rs. 10,000
B Rs. 50×40 Rs. 2000	Rs. 250×40 Rs. 10,000	Rs. 200×25 Rs. 5,000
C Rs. 25×40 Rs. 1000	Rs. 125×40 Rs. 5,000	

★ ഉദ്യോഗസ്ഥർക്കും, മറുനാടൻമലയാളികൾക്കും, വ്യവസായികൾക്കും പ്രത്യേകം പ്രത്യേകം ചിട്ടികൾ.

★ വായ്പകൾ, ധനസഹായം, ഫയർപർച്ചേഴ്സ് അഡ്വാൻസ്

★ താമസംവിനാ ചിട്ടിപ്പണം നൽകുന്നു.

★ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ സബ്കാഫീസുകൾ പ്രവർത്തിക്കുന്നു.

ലാക്കിയിരുന്ന അപ്പോൾപിന്നെ ജീ
ജ്ഞാസയുടെകയാല്ല നല്ലത്?' എങ്കി
ലും മനസ്സിന്റെ അസ്വസ്ഥതയെ അമ
ർത്താൻ നളിനി നന്നേ പാടുപെട്ടു. മധുവി
ധുകാലത്തു് ലാളനകൾകൊണ്ടു തന്നെ ഒരു
കണക്കിനു ശമനം വരുത്തിക്കാറുണ്ടായിരുന്ന
രമേശിന്റെ അകന്നമാറിയുള്ള പെരുമാ
റ്റം നളിനിക്കു് എത്ര ശ്രമിച്ചിട്ടും മനസ്സി
ലാക്കാൻ കഴിഞ്ഞില്ല. തന്നെ സ്പർശി
ക്കുന്നതുപോലും എത്ര വിരളമായിട്ടാണു്,
അതും ഒരു ചുമതല നിർവഹിക്കുന്നതു
പോലെ—എങ്ങാനും വികാരത്തിനു് അ
ടിമപ്പെട്ടു പോയാൽപിന്നെ തിരിഞ്ഞുനോറി
ക്കേണ്ടിവരുമോ?'. എന്തോ കാരണം
അന്വേഷിക്കുന്നതുപോലെ—

ആദ്യരാത്രിയിൽ ആവേശംപൂണ്ട ആ
നേത്രവിരലുകൾ തന്റെ ശരീരത്തിൽതൊ
ന്നിയും തഴുകിയും നീങ്ങിയപ്പോൾ വിറയാ
ർന്ന അധരങ്ങൾ കവിളിലേയ്ക്കു ചേർത്തുവെച്ചു
മന്ത്രിച്ചതു് എപ്പോഴും ഓർത്തുപോകു
ന്നുണ്ടു്.

"നളിനി വെണ്ണയിൽ കടഞ്ഞെടുത്തതു
പോലെയുള്ള ഈ ശരീരം വെറും മാംസ
വും രക്തവും മാത്രമല്ല—തലച്ചോറിൽ പ
റ്റിക്കൂടുന്ന വികാരജ്വാലകൾ ഇവിടെ
കരിഞ്ഞുകൂടുകയാണു്. ഈ സ്പർശനം
ഞാൻതന്നെ ഒരു തീജ്വാലയായി മാറുന്നു
ണ്ടെന്നു്—നിന്നെ പടർന്നുപിടിക്കാൻ—
നിന്നെ ഉൾക്കൊള്ളാൻ!!"

തന്റെ ശരീരത്തിന്റെ വളവുകളെപ്പ
റ്റി, മൃദുലതയെപ്പറ്റി, സുഗന്ധത്തെ
പ്പറ്റി എപ്പോഴും വാചാലനായിരുന്ന ര
മേശ്!

പരസ്പരവിശ്വാസത്തിൽ ഉറച്ചു ഒരു
ദാമ്പത്യജീവിതത്തിൽ ഉന്മേഷമുള്ള ആകർ
ഷണം വാഞ്ഛിക്കുക എല്ലുന്നതുവരെ നിസ്സ
ഹായർക്കേതെന്നൊക്കെയാണു് ധരിച്ചിരുന്ന
തു്. തങ്ങളെ സംബന്ധിച്ചിടത്തോളം മ
റ്റൊരുതരത്തിലുള്ള ആശങ്കകൾ ഉണ്ടാ
യിരുന്നതേയില്ല. എന്നിട്ടു സംഭവിച്ചു
തോ? മധുവിധുവിന്റെ ലഹരിപോലും
എത്രവേഗം കെട്ടടിഞ്ഞിരിക്കുന്നു. മന്ദാ
വു് കവിയായിത്തീർന്നതുകൊണ്ടാണോ—?
ഇത്രയും പെരുമാറ്റം കവികളുടെ പൊതു
സ്വഭാവത്തിൽപെടുമോ? അതോ രമേ
ശ്വരന്റെരാത്രി പ്രത്യേകതരമോ? പക്ഷേ,
ആരോടും ഇതപ്പറ്റി സംസാരിക്കാൻ ഇ
ഷ്ടപ്പെട്ടില്ല. അനിഭഗൃവതിയായി
തന്നെ കണക്കാക്കിയ രീതിയെയാണ്
ഇതൊക്കെ സൂചിപ്പിച്ചു. എഴുതുന്നതു ശരി
യാണോ? ചോട്ടൻ അറിയാൻ ഇടവ
ന്നാൽ തന്നെ കുറപ്പെടുത്തുകയല്ലേയുള്ളൂ.
കവിതയെഴുത്തു് അവസാനിക്കുമ്പോൾ ര
മേശിന്റെ മാനവ്യഭ്യാസവും മറ്റെന്നു്
ആശ്വസിപ്പിച്ചു സമാധാനിക്കാൻ ശ്രമിച്ചു.

കരുതിവെച്ചതു മാത്രം ഏറെച്ചവച്ചിട്ടും ഉറ
ക്കംവരാതെ നളിനി കണ്ണുകൾ അടച്ചു കി
ടക്കുകയായിരുന്ന രമേശ് ശബ്ദമുണ്ടാ
ക്കാതെ അടുത്തുവന്നു് തന്നെ തൊടുകപോ
ലും ചെയ്യാതെ തിരിഞ്ഞുകിടന്നു. നളി
നിയുടെ മനസ്സു് വല്ലാതെ മുറിവേറ്റപ്പെട്ടു. അ
ന്നത്തെ ലഭിച്ചതുകൊണ്ടു് ജീവിതസായാഹ്നം
തന്നെ നേരിടുന്ന തരത്തിൽ പെരുമാറി
ക്കൊണ്ടിരുന്ന രമേശിൽനിന്നു് ഇത്തരം
അവഗണന ഉണ്ടാകാൻതക്കവണ്ണം താൻ
എന്തു പാപമാണു ചെയ്തതു്? എ
ന്തു അക്കോയിട്ടും തേങ്ങലുകൾ പുറത്തു
വന്നു. പൊടുന്നനെ രമേശ് തിരിഞ്ഞു കി
ടന്നു മനസ്സിലാകാത്തതുപോലെ തിരക്കി.

"എന്തു നളിനി ഇതു്—ഇത്രനേരം കീ
ഴിഞ്ഞിട്ടും ഉറങ്ങിയിട്ടില്ല—എന്തു പറ്റി—
ആസ്വസ്ഥം വല്ലതുമാണോ?'

ആത്മാർത്ഥമായ ഉല്ലണ്ഠയോടെയാണു
രമേശ് തിരക്കിയതു്.

"എന്നെ എന്തേ ഇതു രുവുക്കാൻ കാര
ണം? നളിനി വിങ്ങിപ്പൊട്ടിപ്പോയ.

രമേശ് അവളുടെ മുഖത്തു വിരൽവെ
ച്ചു. പറഞ്ഞുമുഴുപ്പിക്കാൾ സമ്മതിച്ചില്ല.

"എന്താ നളിനിയിപ്പറയുന്നതു—മന
സ്സിൽനിന്നതന്നാണോ—ഞാൻ നളി
നിയെ വെറുക്കുകയോ."

"പിന്നെ—ഇതെന്തു പൊട്ടത്തരമാണു്—
എന്നെ ഒന്നു തൊടാനോമനസ്സുകാണി തോന്ന
ന്നില്ലേ—എനിക്കു സഹിക്കുന്നില്ല."

നളിനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി!
രമേശ് പശ്ചാത്താപാർദ്രതയോടെ അവ
ളെ വാരിക്കോരി ദേഹത്തോടു ചേർത്തുപി
ടിച്ചു. നനഞ്ഞ കൺപോളകളിലും ക
വിളുകളും അധരങ്ങൾ അമർന്നി.

"എന്റെ തങ്കം—എന്നെ ഇത്രയധികം
തെറ്റിദ്ധരിച്ചല്ലോ—ഞാൻ എങ്ങിനെയാ
ണു് പറഞ്ഞു മനസ്സിലാക്കേണ്ടതു്? എ
ന്റെ എല്ലാ ചേതനകളുടേയും ഉറവിടം
നളിനിയല്ലേ—നോക്കൂ—നിന്നെ ഇങ്ങനെ
അലോലക്കുമ്പോൾ, നീ എന്ന സൗഭാ
ഗ്യം എനിക്കു യഥാർത്ഥമായിരിക്കു
മ്പോൾ മനസ്സു് മറെറന്തിൽ ഉറയ്ക്കും?
ഹൃദയത്തിന്റെ കവാടങ്ങൾ മുഴുവനും
തുറന്നിട്ടുച്ചു് ബാഹ്യമായ എല്ലാ പ്രേ
രണശക്തികളിൽനിന്നും മനസ്സു് പിൻതിരി
ഞ്ഞു് ഉള്ളിലേയ്ക്കു വലിഞ്ഞുകൂടിയാൽ
മാത്രമേ എന്നിലുള്ള കവി ഉണർവ്വപ്രാപി
ക്കയുള്ളൂ. അതുകൊണ്ടായവല്ലല്ലോ! എ
ന്റെ മനസ്സിൽ ഗൂഢമായ്ക്കരുന്ന സൗന്ദ
ര്യസങ്കൽപ്പങ്ങൾ മൊന്നായി ദേവനയുടെ
തീജ്വാലകളിൽ ഉരുക്കി സ്ഫുടം ചെയ്തു.
എന്റെ പ്രചോദനത്തോടു നീതികേടുണ്ടാ
കുന്നു, എന്റെ മനസ്സിൽ സംതൃപ്തി നൽകുന്ന കാ
വ്യരൂപം നൽകണം—ഇതൊരു ഉഗ്രതപ
സ്യയാണു തങ്കം! ഏകാഗ്രതയിൽനിന്നും
തെന്നി നീങ്ങിയാൽ ചായം തെറി
ച്ചുവീണ ഒരു സുന്ദരകലാശില്പംപോലെ
എന്റെ കവിതയും വികലമാകും — എ
ന്റെ ധർമ്മസങ്കടം നീ മനസ്സിലാക്കിയി
രുന്നെങ്കിൽ. രമേശ് പറഞ്ഞതു പൂർണ്ണ
മായും മനസ്സിലായില്ലെങ്കിലും ആ വാക്കു
കളിലെ ആത്മാർത്ഥത, ആ വാക്കുകളുടെ
വികാരതീവ്രത നളിനിയുടെ മനസ്സിനെ
തണുപ്പിക്കുകതന്നെ ചെയ്തു താൻ മനപ്പൂർ
വ്വം അവഗണിക്കപ്പെടുകയല്ല.

"രമേശ് എന്നോടു ക്ഷമിക്കൂ—ഞാൻ
ഒരു സാധാരണ സ്ത്രീ മാത്രമാണു്—കൂടി
പ്പോയാൽ മനഃശാസ്ത്രത്തിന്റെ പ്രവ
ർത്തനത്തെപ്പറ്റി കുറെയൊക്കെ അറിയാ
വുന്ന ഒരു ഡോക്ടർക്കു് കവിഹൃദയം ഇ
ത്ര സങ്കീർണ്ണമാണെന്നു് എനിക്കു മനസ്സി
ലാക്കാൻ കഴിയാതെപോയതു ക്ഷമിക്കൂ."

ആയിടയ്ക്കാണു കോളേജിൽ ഡി.
ജി. കാ. കോഴ്സു് ഉണ്ടായിതു്. താൻ
ഇടയ്ക്കു പഠിക്കുന്നതു രമേശിനു് ഇഷ്ട
പ്പെടുകയില്ലെന്നുള്ള കാര്യമായിരുന്നു. പക്ഷേ
ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ എതിർ
പ്പൊന്നും പറഞ്ഞില്ലെന്നു മാത്രമല്ല, അനു
കൂലിച്ചാണു സംസാരിച്ചതു്!

"നളിനിക്കു് അങ്ങിനെ ഒരാഗ്രഹമുണ്ടെ
കിൽ മടിക്കണ്ട—എന്റെ ലക്ഷ്യത്തിൽ
എത്തിച്ചേരാൻ എത്രസമയം വേണ്ടിവരു
മെന്നു് എനിക്കു നിശ്ചയമില്ല—മാസങ്ങ
ൾ? ചിലപ്പോൾ ഈ വർഷം തന്നെയും?
എന്നെ സമ്പൂർണ്ണമായി കീഴടക്കിയിരി
ക്കുന്ന ഈ സർഗ്ഗപ്രക്രിയയിൽനിന്നും വി
ടുതൽ നേടാതെ പിൻവാങ്ങാൻ എനിക്കു
കഴിയുകയില്ല—ഞാനതു മനസ്സിലാക്കിയി
രിക്കുന്നു. അപ്പോഴേക്കും നളിനിയുടെ പ
ഠിത്തവും കഴിയുമല്ലോ—"

നളിനിയ്ക്കു ഡി. ജി. കാ. യ്ക്കു ചേർന്നു
സീതയ്ക്കു് അതിശയമായിരുന്നു.

"രമേശിന്റെ സ്വഭാവത്തിനു വിരു
ദ്ധം കഴിഞ്ഞാൽ നിന്നെ ഇടംവലം വിടു
കയില്ലെന്നാണു ഞാൻ വിചാരിച്ചതു—ആ.
പിന്നെ കവിതയെഴുതുമ്പോൾ നീ അ
ടുത്തില്ലാതെതന്നെ വല്ലതു്. ഡിസ്ട്രേ
ക്ഷൻ ഉണ്ടാവില്ലല്ലോ—തങ്ങളെപ്പോ
ലെയുള്ള സഹൃദയർക്കു് അല്ലാതെന്ന നാ
ട്ടുകാർ കവിയിൽനിന്നും ഒരു മാസ്റ്റർപീസു് പ്രതീക്ഷിക്കും—"

നളിനിയും അങ്ങിനെ ആശിക്കാൻ ശ്ര
മിച്ചെങ്കിലും ചിലപ്പോഴൊക്കെ മനസ്സു്
ആശങ്കാകുലമാകും — എന്തിനൊക്കെയോ
വേണ്ടിദാഹിക്കുന്നതായ്തോന്നും, പക്ഷേ,
നളിനിയുടെ പ്രായോഗികബുദ്ധി പല
കൊപ്പമുക്കെ തടവപോക്കി. തങ്ങളുടെ ജീ
വിതത്തിൽ എന്തോ സംഭവിച്ചുപോയിരി
ക്കുന്നു എന്നുള്ള തോന്നലിനു് അടിമപ്പെ
ട്ടു, വ്യാകുലപ്പെട്ട കിഴിഞ്ഞിട്ട കാര്യമി
ല്ല. രമേശ് എത്ര ഏകാഗ്രതയോടെയാ
ണു തന്റെ ഉദ്യമത്തിൽ ഏർപ്പെട്ടിരിക്കു
ന്നതു്—അതിന്റെ ഒരു ചെറിയ പങ്കു്
പ്രയത്നം നടത്തുകയാണെങ്കിൽ തനിക്കും
രണ്ടാമതൊരു പുസ്തകം കഴിയുകയില്ലേ—
നളിനിയുടെ ശ്രദ്ധ ക്രമേണ പഠിത്തത്തി
ലേയ്ക്കു തിരിഞ്ഞു.

അതിവിശ്വർഗ്രഹമെന്ന് അറിയപ്പെടുന്ന ആപേക്ഷികതാസിദ്ധാന്തത്തെപ്പറ്റി മാക്സ്വെൽസ്റ്റാറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥം സ്വന്തം അനുഭവമായിരിക്കുമെന്ന മുൻവിധിയോടെയാണ് ഞാൻ ഏ. നാ. വാസു രചിച്ച "ഐൻസ്റ്റീനിന്റെ ആപേക്ഷികതാസിദ്ധാന്തവും" ഞാൻ വായിക്കാൻ തുടങ്ങിയത്. ഏതാണ്ടു കഴിഞ്ഞ മൂന്നു ദശാബ്ദങ്ങളായി ഞാൻ കഴിവിനനുള്ള മനസ്സിലാക്കൽ നിമന്തരം ശ്രമിച്ചുപോന്ന ഈ സിദ്ധാന്തത്തെപ്പറ്റി മറ്റൊരാളിൽനിന്നും ഒരു ഗ്രന്ഥം, മാക്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അധികാരമുദ്രയോടെ കൈവന്നപ്പോൾ, കാര്യമെന്തെല്ലാം ഞാൻ ആഹ്ലാദിച്ചുപോയി. അധികവായനയ്ക്കായി ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധം ചെയ്തിട്ടുള്ള ഗ്രന്ഥങ്ങളിൽ ഏറിയ പങ്കും ഞാൻ വായിച്ചിട്ടുണ്ട്. അപ്പോഴെല്ലാം, ശാസ്ത്രസാഹിത്യരചനകണ്ടിരുന്നതായി, ഈ വിഭാഗം, ഒരുപോയപ്പെടുത്തുന്നതെന്തെന്നും!

ഈ പുസ്തകം എന്റെ കൈവശം വന്നുചേർന്നത് ഏതാണ്ട് ആ മാസങ്ങൾക്കുമുമ്പാണ്. പുസ്തകം ശ്രദ്ധിച്ചു വായിച്ചപ്പോൾ ഞാൻ തെറ്റിപ്പോയി. (തെറ്റിയതുകൊണ്ടാണ് മാക്സ് ഇൻസ്റ്റിറ്റ്യൂട്ട് ഇതു പ്രസിദ്ധം ചെയ്തതുമെന്നുമാണ്. ഈ ഗ്രന്ഥത്തിലേക്കു നിങ്ങിയിറങ്ങുന്നതിനേക്കാൾ കൂടുതൽ പണ്ഡിതവിസ്തീർണ്ണങ്ങൾ മലയാളത്തിൽ, ആപേക്ഷികതാസിദ്ധാന്തത്തെപ്പറ്റി ഞാൻ വായിച്ചിട്ടുണ്ട്. അതു ഞാൻ കൂട്ടുന്നില്ല.) സാമാന്യവികമായി ഈ ഗ്രന്ഥത്തിന്റെ രചയിതാവിന്റെ വിദ്യാഭ്യാസപരമായ പശ്ചാത്തലം മനസ്സിലാക്കാൻ ഞാൻ ശ്രമിച്ചു. ഗണിതശാസ്ത്രത്തിൽ എം. എസ്സ്. സി. നേടിയ ഒരു യുവാവാണ് ശ്രീ വാസു എന്നും, മലയാളം ഏൻസൈക്ലോപീഡിയയിൽ ഗണിതശാസ്ത്രവിഭാഗത്തിന്റെ ആധിപത്യം വഹിക്കുന്നു വ്യക്തിയാണ് അദ്ദേഹമെന്നും അറിഞ്ഞപ്പോൾ, ഞാൻ മിതിഷ്കനിശ്ചയം പോഴിച്ചുപോയി. അതുമതും!

പ്രസിദ്ധീകരണംവിനിവയ്ക്കേണ്ടതെങ്ങനെ

ശരി, ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിലേക്കു കടക്കാം. നാലു് അദ്ധ്യായങ്ങൾ, രണ്ടുറാട്ട പേജുകൾ, മന്ദഗതിയുടെ പന്ത്രണ്ടുപേജുകളിൽ. ഐൻസ്റ്റീന്റെ ജീവിതകഥ ചുരുക്കിവിവരിച്ചിരിക്കുന്നതേ. ഈ പന്ത്രണ്ടുപേജുകളിൽ ഐൻസ്റ്റീന്റെ ജീവിതവും കാണുന്നില്ല. കഥയും കാണുന്നില്ല.

അതെന്ത് സത്യം. "ഇരുപത്തിമൂന്നാം വയസ്സിൽ വിവാഹിതനായി. (ആരെ വിവാഹം കഴിച്ചെന്ന് അജ്ഞാതം) ബേൺ എന്ന സ്ഥലത്തു താമസം ഉറപ്പിച്ചു. (എന്തിനെന്നവ്യക്തം) രണ്ടുപുത്രന്മാരുണ്ടായി. 1909-ൽ സ്വിറ്റ്സർലാന്റിലെ ജർമ്മൻ സർവകലാശാലയിൽനിന്ന് ക്ഷണം കിട്ടി. (എന്തിനോ?, 1955-ൽ ആ മഹാപുരുഷൻ യശശ്ശരീരനായി." ഇത്രയും ജീവിതകഥ

ഐൻസ്റ്റൈൻ പുരുഷൻ

ല്ലാതെ അസൂക്ഷ്മമാണ്. ആപേക്ഷികതാസിദ്ധാന്തം വിവരിക്കുമ്പോൾ ആരും അവതരിപ്പിക്കേണ്ടുന്ന ക്ലേശകരമായ വിഷയങ്ങളാണോ?

ആശയപരമായും ചരിത്രപരമായും രൂക്ഷിപരമായും പശ്ചാത്തലബന്ധവും കെട്ടുറപ്പും ഉള്ള തന്നെയാണ് ആപേക്ഷികതാസിദ്ധാന്തത്തിലെ വിവിധങ്ങളായ അടരുകൾ, സ്ഥിരം വേഗത്തിലുള്ള ചലനവും വേഗവർദ്ധനയോടുകൂടിയ ചലനവുമാണ് പ്രസ്തുത സിദ്ധാന്തത്തിലെ മുഖ്യമായ പ്രതിപാദ്യം. വിവിധങ്ങളായ മറ്റു അടരുകൾക്കുതന്നെങ്കിൽ എല്ലാം തന്നെ, ഈ ചലനസിദ്ധാന്തത്തിൽ നിന്ന് ഉടലെടുത്തിട്ടുള്ളവയുമാണ്. ചലനസിദ്ധാന്തം വിശദീകരിക്കാൻ ഒരേ

പ്രമാദമൂടിലമായ ഒരു ഗ്രന്ഥം

സംക്ഷിപ്തമായി പറഞ്ഞാൽ, ഐൻസ്റ്റയിന്റെ ജീവിതകഥയല്ല നമ്മെ മറിച്ചു് ഒരുവിധം കഥകഴിക്കലാണ് ഈ അദ്ധ്യായത്തിൽ അങ്ങേയിരിക്കുന്നു.

രണ്ടാമദ്ധ്യായത്തിനു് നൽകിയിരിക്കുന്ന പേരു് ആപേക്ഷികതാസിദ്ധാന്തമെന്നാണ്. പതിനഞ്ചു പേജുകളുള്ള ഈ അദ്ധ്യായത്തിൽ ആദ്യത്തെ എട്ടുപേജുകളിൽ, ഐൻസ്റ്റയിന്റെ ആപേക്ഷികതാസിദ്ധാന്തമല്ല, നേരമറിച്ചു്, നമ്മുടെ നിത്യജീവിതത്തിലുള്ള ചില ചില്ലറ ആപേക്ഷികതകളെയാണ് വിവരിച്ചിരിക്കുന്നു. കട്ടികൾക്ക് അല്പം പ്രയോജനകരംതന്നെ പക്ഷേ, ഉത്തരനിഷേധത്തിൽ അവരെ സങ്കടപ്പെടുത്തുന്നു. 240000 കിലോമീറ്റർ വേഗം സഞ്ചരിക്കുന്ന ഐൻസ്റ്റയിൻ ട്രെയിനിൽ പ്രവേശിപ്പിക്കുകയാണ്. എന്തെന്നോ? ക്ലോക്കിലെ വിരോധാഭാസം കാണിക്കാൻ. "ക്ലോക്കിലെ വിരോധാഭാസം" എന്ന ഉപശീർഷകത്തിലുള്ള ഭാഗം അക്കിൽസൻ-ടോർട്ടോയിസ് പരീക്ഷണശാലയിലെ മനസ്സിലാക്കണം, അക്കിൽസൻ— ടോർട്ടിപരീക്ഷണം ശരിക്കു മനസ്സിലാക്കണമെങ്കിൽ, പ്രകാശത്തിന്റെ തരംഗസിദ്ധാന്തം സൂക്ഷ്മമായി ധരിക്കണം. ആശയപരവും ചരിത്രപരവുമായ ഈ പൗർവ്വാപരിവിസ്മയിച്ചു്, ഗ്രന്ഥകാരൻ ഈ അദ്ധ്യായത്തിൽ കാട്ടിക്കൂട്ടിയിരിക്കുകയാണ്, സെക്കണ്ടിൽ 240000 കിലോമീറ്റർ വേഗമുള്ള ഒരു ട്രേയിനിൽ അതു വായകനെ പ്രതിഷ്ഠിച്ചുകൊണ്ട് ഗ്രന്ഥകാരൻ എഴുതുന്നു പ്രകാശത്തിന കേവല വേഗമാണുള്ളതു്. അതുകൊണ്ടാണ് വണ്ടിയിലെ ആൾക്ക് യാത്രചെയ്ത സമയം കുറയുന്നു! പ്ലാറ്റ്ഫോമിലെ ആൾക്ക് കൂടുതലായും അനുഭവപ്പെടുന്നു." "സത്യൻ കിഴക്കുദിക്കുന്നു. അതുകൊണ്ടാണ് പടിഞ്ഞാറേക്കു് കുതിക്കുന്നു!" എന്നു പറയുന്നതിൽക്കവിഞ്ഞു പൂർവ്വാപരബന്ധമൊന്നും ഈ പ്രസ്താവനകൾക്കില്ല.

"ഭൂമിക്കുചുറ്റും" എന്ന ഉപശീർഷകത്തിലുള്ള ഭാഗവും തികച്ചും അസംതൃപ്തികരമാണ്. ചലിക്കുന്ന എല്ലാ സൂക്ഷ്മതരമായ ചലനങ്ങളിൽ ഒരെണ്ണം "ഭൂമിക്കുചുറ്റുമുള്ള സഞ്ചാരം" എന്ന നിഗമനം ശരിയാണ്. പക്ഷേ, ഇതു സമർത്ഥിക്കാൻ മാറിനിന്ന ദൃഷ്ടാന്തമല്ല ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്നത്. ആപേക്ഷികതയെ അധികാരത്തിൽ ചലിക്കാത്ത പ്രതലമായ അന്തരീക്ഷത്തിന്റെ ചിത്രം സമർപ്പിച്ചു പ്രകാശവേഗത്തേക്കാൾ അല്പമെന്ന വേഗത്തിൽമാത്രം അനുഭവപ്പെടുന്ന ഭൂമിയുടെ സഞ്ചാരം പ്രതിരോധമില്ലാത്ത സംഭവമാണെന്നു പറയുന്നതു് അബദ്ധമെന്നതുമാത്രം ചൂണ്ടിക്കാണിക്കട്ടെ.

"ഭൂമിക്കുചുറ്റുമുള്ള ഒരു "വസ്തു"യല്ല, നേരെമറിച്ചു യാത്രക്കാരന്റെ നേരെമുമ്പായി മാത്രമാണ്" ഗ്രന്ഥകാരൻ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്.

ഈ അദ്ധ്യായത്തിൽ 24-ാം പേജിൽ വിചിത്രമായ ഒരു വാക്യമുണ്ട്. അതിലെ രണ്ടു വാക്കുകൾ ഉദ്ധരിക്കട്ടെ. "വിദൂരതയിൽ കാണുന്ന കോടാനുകോടി നക്ഷത്രങ്ങൾ ദൃശ്യമാകുന്നു" പ്രകാശം അവിടെ എത്തിച്ചേരുന്നതിന്, 40 വർഷമെടുക്കുന്ന ഒരു ദൂരത്തിലുള്ള നക്ഷത്രങ്ങൾ ഉണ്ട്. "കാണാവുന്ന നക്ഷത്രങ്ങൾ ദൃശ്യമാകുന്നു"കിലെ ശൈലീദോഷം പോകട്ടെ. എവിടെനിന്നു പുറപ്പെടുന്ന പ്രകാശമാണ് അവിടെ എത്തുന്നത്?

ഇതുപോലെ അബദ്ധജടിലമായ ഒരു പ്രസ്താവന എവിടെയും ഈ ശാസ്ത്രഗ്രന്ഥത്തിൽ—അല്ല മഷോളൻസ്റാറ്റർ പ്രസിദ്ധപ്പെടുത്തിയ ഒരു ശാസ്ത്രഗ്രന്ഥത്തിൽ കണ്ടെക്കുമോ? പ്രകാശം അവയിലെത്തിതിരിച്ചു പ്രതിഫലിക്കപ്പെടുമ്പോൾ പ്രകാശവേഗമെന്നതു് ദുർഗ്രഹമായ ആശയമാണെന്നല്ല് അഭിപ്രായം. അല്ല് ഉറ്റുനോക്കിയാൽ അബദ്ധമാണെന്നുമല്ല. അതു് ഉറ്റുനോക്കുന്നതിനുള്ള ക്ഷമയുടെ പരിമിതികൊണ്ടു മാത്രമാണ്. സംഭവിക്കാവുന്ന ഒരു തെറ്റല്ലിതു്.

"ലോകത്തിലെ ആദ്യ സൂര്യോദയം കണ്ടിട്ടില്ല" എന്ന വിശ്രുതനായ ശിൽപ്പിയുടെ പ്രസ്താവനയുടെ പരിഷ്കൃതരൂപമാണ് ഈ ഉപശീർഷകത്തിലുള്ളതു്. ഇതിലെ ചില തത്വങ്ങൾ അങ്ങിങ്ങായി ചിതറിക്കിടക്കുന്നുണ്ടു്. എന്നാൽ അശ്രദ്ധമായിട്ടാണു് ഇതിലെ പ്രതിപാദനമെന്നതിനു് ചില ദൃഷ്ടാന്തങ്ങൾമാത്രം കാണിക്കാം.

1. "ശബ്ദതരംഗങ്ങൾ വായു മുതലായ മാധ്യമങ്ങളെ പ്രകമ്പനം കൊള്ളിക്കുന്നു" (പേജു 28) വായുവിനെ പ്രകമ്പനം കൊള്ളിക്കുന്നതു് ശബ്ദതരംഗങ്ങളാണോ? വായുവിലുണ്ടാകുന്ന പ്രകമ്പനമല്ലേ ശബ്ദതരംഗങ്ങളായി അന്തരീക്ഷത്തിൽമാത്രം അനുഭവപ്പെടുന്നതു്. തരംഗപ്രതിഭാസമെന്ന ഗ്രന്ഥകാരന്റെ ശരിക്കു മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു.

2 മൈക്കിൾസൺ—മോർലി പരീക്ഷണം വിശദീകരിക്കുമ്പോൾ, വളരെ വിചിത്രമായ ഒരു വാക്യം കാണാം. "പുതിയ സ്ഥാനങ്ങളിൽ പരീക്ഷണം ആവർത്തിക്കുമ്പോൾ മൈക്രോസ്കോപ്പിലെത്തുന്ന തരംഗങ്ങളുടെ അവസാനസ്ഥാനങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു" പരോക്ഷത്തിൽ "രേഖപ്പെടുത്തുക" എന്നൊരു ക്രിയയേ ഇതു പരീക്ഷണത്തിലില്ല. ഇതു ഭാഗം വിശദീകരിക്കാൻ അവലംബമായി ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നതു് കോൾമാന്റെ റിലേറ്റിവിറ്റി ഫോർ ലേമാൻ"എന്നതാണെന്നു വ്യക്തം. അതിൽ "note the finishing positions" എന്നുണ്ട്. ആശയം മനസ്സിലാക്കാതെ ഗ്രന്ഥകാരൻ ആ പ്രയോഗം തെറ്റായി വിവർത്തനം ചെയ്തിരിക്കയാണ്. പ്രകാശതരംഗങ്ങളുടെ സഞ്ചാരവിശേഷങ്ങളെ വ്യത്യാസമാണ് മൈക്രോസ്കോപ്പിലൂടെ നിരീക്ഷിക്കപ്പെടുന്നതു്. കോൾമാനോടു്, "finishing positions" എന്നതു് ഉദ്ദേശിച്ചതു് ചലനത്തെക്കുറിച്ചുള്ള ശ്രുതിഭേദങ്ങളായിരുന്നു. തരംഗങ്ങളുടെ സന്ധിപ്രതിഭാസം (Interference phenomena) ശരിക്കു മനസ്സിലാക്കിയിട്ടുണ്ടായിരുന്നെങ്കിൽ, ഈ പിശക് ഒഴിവാക്കാമായിരുന്നു. ഗ്രന്ഥകാരൻ എഴുതുന്നു, "അവസാനസ്ഥാനങ്ങളുടെ സ്ഥാനദൃശ്യം നിശ്ചയിക്കാൻ ഇൻർഫെറോമീറർ ഉപയോഗിച്ചു. സൂപ്രസിദ്ധമായ മൈക്കിൾസൺ-മോർലി പരീക്ഷണത്തിനു് ഉപയോഗിച്ച ഉപകരണത്തിനു നൽകപ്പെട്ടിരിക്കുന്ന പേരാണു് ഇൻറർഫെറോമീറർ. അല്ലാതെ ഗ്രന്ഥകാരൻ എഴുതിപ്പിടിപ്പിച്ച ചിത്രീകരണമുപോലെ, അവസാനസ്ഥാനങ്ങളുടെ സ്ഥാനദൃശ്യം മിച്ചയിക്കാൻവേണ്ടി മാത്രം ഇറക്കുമതി ചെയ്യപ്പെട്ട മന്ത്രമല്ല അതു്.

ഈതർകാറ്റു തിട്ടപ്പെടുത്തുവാനുള്ള പരിശ്രമങ്ങളുടെ പരാജയത്തിനു സാദ്ധ്യമായ നാലു വിശദീകരണങ്ങൾ ഈ ഗ്രന്ഥത്തിൽ നൽകിയിട്ടുണ്ട്. അവയും കോൾമാന്റെ ഗ്രന്ഥത്തെ അവലംബമാക്കിയാണെന്നു് വ്യക്തം. ആദ്യത്തെ വിശദീകരണം ഇങ്ങനെയാണ് ഗ്രന്ഥകാരൻ. "ഭൂമിയും ഈതറും സ്ഥിരമായതിനാൽ, അതിൽ സഞ്ചരിക്കുന്ന എല്ലാ ഇവരണ്ടിനേയും അപേക്ഷിച്ചാണു നീങ്ങുന്നതു്. പ്രപഞ്ചത്തിലാകെയുള്ള ഒരു പ്രതിരോധമായതിനാൽ ഭൂമിയിൽവെച്ചു നടത്തുന്ന പരീക്ഷണങ്ങൾ ഇതൊഴിഞ്ഞാൽ അവസരത്തിലെവിടെയും കണക്കാക്കാൻ നിവൃത്തിയില്ല" വായനക്കാർക്ക് എന്തെങ്കിലും മനസ്സിലാകുമോ? ഈ വാക്യത്തിൽ 'സ്ഥിരമായതിനാൽ" എന്ന പ്രയോഗത്തിന്റെ അർത്ഥമെന്താണു്? "അതിൽ" എന്ന സർവ്വനാമം എന്തിനുപകരം നടക്കുള്ളതാണ്? കോൾമാന്റെ ഒരു വാക്യം ശരിക്കു മനസ്സിലാക്കാൻ കഴിയാതെപോയതാണ് ഇവിടെയും കുഴപ്പം. "The easiest explanation was that the earth was fixed in the ether and that everything else in the universe moved with respect to the earth and the ether." ഇവിടെ 'fixed' എന്ന പ്രയോഗത്തെ "നിശ്ചലം സ്ഥിതി" ചെയ്യുന്ന എന്നു പറഞ്ഞാലേ ആശയം സൂക്ഷ്മമല്ലാതെ ഉപക്ഷേ, 'സ്ഥിതി'യിൽ "നിശ്ചലത" അന്തർഭവിച്ചിട്ടുണ്ടെങ്കിലും, ആശയാവശ്യത്തിനു വേണ്ടി "നിശ്ചലം സ്ഥിതി" ചെയ്യുന്ന എന്നതന്നെ പറയാമല്ലോ. മൈക്കിൾസൺ മോർലി പരീക്ഷണത്തിന്റെ ഫലദായകത്വത്തിന്റെ ഫലമായി ശാസ്ത്രജ്ഞന്മാരുടെ ആശയക്കുഴപ്പത്തിന്റെ "ഭൂമിക്കുമുകളിലും ചലിക്കുന്നു" അറിയുന്ന വർക്ക് കോൾമാന്റെ വാക്യത്തിന്റെ ആശയം നിഷ്പ്രയാസം മനസ്സിലാകും. ഈതറിലുള്ള വിശ്വാസം അത്രയ്ക്കു പ്രബലമായിരുന്നതിനാൽ, അതിന്റെ അസ്തിത്വം നിഷേധിക്കുന്നതിലേറെ യുക്തിക്കുചേരുന്നു", ഭൂമിയുടെ ചലനസിദ്ധാന്തം തന്നെ തള്ളിക്കളയുകയാണെന്നു് ചില ശാസ്ത്രജ്ഞന്മാർ കരുതി. അതാണു് ഈ വാക്യങ്ങളിലെ മുഖ്യമായ ആശയം. സർവ്വസാധാരണമായ ഇതരതിൽ ഭൂമി നിശ്ചലം സ്ഥിതിചെയ്യുകയും, മറ്റു സമസ്തവും ചലിക്കുകയുമാണെങ്കിൽ, മൈക്കിൾസൺ – മോർലി— പരീക്ഷണത്തിന്റെ ഫലാനുഭവത്തിനും പേരിൽ ഇതരത്തിലുള്ള വിശദീകരണമുണ്ടാകേണ്ടതില്ല. ഇപ്പറഞ്ഞതിലധികമുപയോഗപ്പെടുത്തിയ വാക്യങ്ങൾ അങ്ങിനെയുണ്ടാകുമ്പോഴാണ്, ഈ ഗ്രന്ഥത്തിലെ മറ്റു പല വണ്ടികളുടെയുംപോലെ, അബദ്ധമാണു്, സംശയമുണ്ടെങ്കിൽ കോൾമാന്റെ ഗ്രന്ഥത്തിലെ പ്രസക്തഭാഗവുമായി തട്ടിച്ചുനോക്കുകയേ വേണ്ടൂ.

ഈ ഗ്രന്ഥത്തിലുടനീളം കണ്ടെത്താവുന്ന ഒരു പൊതുന്യൂനത, വ്യക്തമായ ആശയാവബോധവും ഭാഷാപ്രാവീണ്യവുമില്ലാതെ പരിഭാഷകന്മാർ ഉള്ളവാക്കുവാൻ പരുവപ്പെടുത്തുന്ന പൊള്ളപ്രയോഗങ്ങളുടെ ആധിക്യമാണു്. ദൃഷ്ടാന്തങ്ങൾകൊണ്ടു് സമർത്ഥിക്കാൻ മുതിർന്നാൽ, ഗ്രന്ഥത്തിന്റെ പകുതിയോളം ഭാഗത്തെങ്കിലും ഉദ്ധരിക്കേണ്ടിവരും. ഒന്നോ രണ്ടോ ഉദാഹരണങ്ങൾ മാത്രം കാണിക്കാം. "ആദ്യത്തിൽ (അങ്ങിനെയൊന്നുണ്ടെങ്കിൽ, സൃഷ്ടാവിനു ആവശ്യമായ ദൃശ്യങ്ങളും ശക്തികളും ചേർന്ന പ്രപഞ്ചമണ്ഡലം ദൈവം സൃഷ്ടിച്ചു അതുതന്നെ. അതിനപ്പുറമെല്ലാം ഉപാധേയമാക്കിച്ചു (deduction) മനുഷ്യന്റെ ഗണിതമാർഗ്ഗങ്ങളുപയോഗിച്ചുണ്ടായതാണ്. ഐൻസ്റ്റൻ ക്രാഡിക്കൽ ശാസ്ത്രപൂർവ്വയുടെ ചരിത്രമാണു്. പത്തൊമ്പതു ശതകത്തിലെ ഈ അടിസ്ഥാനവിശ്വാസത്തിനു കേടുണ്ടാക്കുന്നതായി, അല്ലെ സത്യമെന്നു." ഇങ്ങിനെ പോകുന്ന പ്രതിപാദനത്തിലായതുകൊണ്ടു്, ഒരുപക്ഷേ അവയും ആദ്യം സൃഷ്ടിച്ചിരിക്കണം. അതിനുശേഷം, സൃഷ്ടാവിന്റെ ആശയത്തെയനുസരിച്ചു ദൃശ്യങ്ങളും, ശക്തികളും, ചലനനിയമങ്ങളും സൃഷ്ടിച്ചിരിക്കണം. പ്രപഞ്ചത്തിലും ഗണിതശാസ്ത്രങ്ങളുടെ വളർച്ചയുടെയും തിരിക്കണം ഉണ്ടായിട്ടുള്ളതു്. ഇതരത്തിൽ ഐൻസ്റ്റീന്റെ ക്രോസികരിച്ച ശാസ്ത്ര

വളർച്ചയുടെ ചരിത്രം. വിചിത്രമെന്നല്ലാതെ എന്തു പറയാൻ!

ഇതാ, മറ്റൊരു വാക്യം. "പ്രകാശവേഗത്തെക്കാൾ കുറഞ്ഞ ഏതെങ്കിലും സ്ഥിരവേഗത്തിൽ സഞ്ചരിക്കുന്നതിന്റെ നിയമങ്ങൾ സ്വതന്ത്രമാണെന്നും തമ്മിൽ പരസ്പരം അസംഗതമാണെന്നും" (പേജ് 46) ഈ വാക്യങ്ങൾ അർത്ഥഹീനമാണ്! ഈ വാക്യങ്ങൾ ഉൾക്കൊള്ളുന്ന ഖണ്ഡികപോലെ അസൂക്ഷ്യവും.

ഇതാ നല്ലൊരു ദേഷ്യംപിടിപ്പിക്കുന്ന ഒരു വാക്യം "ഏകദേശം ഒരു നൂറാണ്ടുകളായി ശാസ്ത്രലോകത്തെ അടക്കിഭരിച്ചിരുന്ന സൂട്ടന്റെ ഭൗതികനിയമങ്ങളെ ചോദ്യം ചെയ്യുന്ന ഒരു വിപ്ലവം, ജർമ്മനിയിൽനിന്ന ഫിറന്മാരുടെ നാസിസത്തെ വെറുത്ത് അമേരിക്കയിൽ അഭയം തേടിയ അനുഗ്രഹീത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റയൻ സൃഷ്ടിച്ചു." എന്തു തോന്നുന്നു? ആപേക്ഷികസിദ്ധാന്തത്തെപ്പറ്റി ആവിഷ്കരണം ഐൻസ്റ്റയിൽ അമേരിക്കയിൽ അഭയം തേടിയ ശേഷമാണെന്നല്ലേ അനവധാനവായനക്കാർ ധരിച്ചിട്ടുള്ളൂ.

ഒന്നുകൂടി "ജ്യോതിർഗോളങ്ങൾ ആകർഷിക്കുന്നതുകൊണ്ട് ഗുരുത്വാകർഷണമേഖലയിൽ കൂടി കഴുകുന്ന പ്രകാശരശ്മികൾ വളഞ്ഞുപോകുമെന്ന് ഐൻസ്റ്റയിൻ പ്രവചിച്ചു." ഐൻസ്റ്റയിന്റെ തത്പാവിഷ്കരണത്തിൽ "ആകർഷിക്കുക" എന്നതിനെ പ്രക്രിയയെയല്ലെന്നതാണ് സത്യം.

ഉദ്ധരണികൾ മുഴുക്കുന്നു. ശാസ്ത്രീയമായ സൂക്ഷ്മതയുടെ മാനദണ്ഡംവെച്ച് അളന്നാൽ ഈ ഗ്രന്ഥത്തിൽ ആപേക്ഷികതയുടെ മൂഢമായ ആശയങ്ങളെ പരാമർശിക്കുന്ന ഏതെങ്കിലും വാക്യം അന്യനായിട്ടുണ്ടോ എന്ന സംശയമുണ്ട്. അതിശയോക്തി സ്പർശം ഇടകലരാതെ പറയുകയാണ്, കഷ്ടിച്ചു അനുനൂറുപേരേയേ കൃതികൾ ലൈബ്രറികളിലല്ലാതെയുണ്ടായിരുന്നുള്ളൂ. മൂഢമായ വാക്യങ്ങളെ സംബന്ധിച്ചിടത്തോളം അന്യനായ ഒരു ഖണ്ഡികയും ഈ ഗ്രന്ഥത്തിലില്ല. "1919-ൽ എഡ്ഡിങ്ടൺ നേതൃത്വത്തിൽ ബ്രിട്ടനിൽവെച്ച് നടത്തപ്പെട്ട

(ശേഷം 52-ൽ)

കഥ

സുകുമാർ

കിഴക്കേ നാട്ടുകാരനായ പരിപാടിയുടെ ഇടുങ്ങിയ മുഖം, കണ്ടവരുടെ കേട്ടവരുടെയൊക്കെ അനുഭാവം അതിനെക്കണ്ടപ്പോൾ കണ്ണും കൂർപ്പിച്ചു—നമുക്കെന്തുവേണം, ആരോ എങ്ങനെയോ പോയ്പ്പോട്ടെ. നമ്മുടെ കാര്യമേ ഇവിടെ ആരുക അവതാളത്തിലാണ്, നേരേ ചൊവ്വേ നോക്കാൻ നേരമില്ല പിന്നെയാണ് അന്യരുടെ കാര്യം. തന്നെയുമല്ല, ഈ ലോകത്തെയും അതിലധിവസിക്കുന്ന സർവ്വമാനജനങ്ങളേയും ഒരൊറ്റ വെള്ളിയാഴ്ചകൊണ്ട് മുഴുവനേയങ്ങ് നന്നാക്കിയെടുത്തുകളയാമെന്ന മൂഢവിചാരവും നമുക്കില്ലല്ലോ?

എങ്കിലും പരിപാടിയുടെ അങ്ങേയറ്റമായ പുരോഗമനംകൊണ്ട് സഹികെട്ട സ്ഥലത്തെ എതാനും ചെറുപ്പക്കാർ തമ്മിലാലോചിച്ച് രണ്ടുദിവസം മൊസൃതായി തെറ്റച്ച നിലപാടെടുത്തു—തങ്ങളുടെ മുക്കുകൾക്ക് താഴെ ഇത്തരത്തിലൊരു സമ്പ്രദായവുമായി നടക്കുന്ന അവനെ മൂക്കുകൊണ്ടൊന്ന് "ക്ഷ" എഴുതിക്കണം.

അങ്ങനെ വിധാനിച്ചിട്ടായകണ്ടയ ആ കരാളരാത്രി വന്നണഞ്ഞു. മണി പന്ത്രണ്ടു കഴിഞ്ഞു.

അതാ ഇടവഴിയുടെ അങ്ങേയറ്റത്തുനിന്നും ഒരുത്തൻ പതുങ്ങിപ്പതുങ്ങി നടന്നുവരുന്നു. കള്ളിമുണ്ടും കള്ളിച്ചട്ടയുമണിഞ്ഞ ഒരു കള്ളൻ. തലയും മുഖത്തിന്റെ മുക്കാലും മറച്ചിട്ടൊരു വട്ടക്കെട്ട്. കയ്യിലൊരു ടോർച്ച്ലൈറ്റ്. മതിലിനോട് ചേർന്ന് രണ്ടടിഷം നിന്നിട്ട് അവൻ ഇടവഴിയുടെ ഇരുവശങ്ങളിലും സൂക്ഷിച്ചൊന്നു നോക്കി. ഇല്ല. ആരുമില്ല. മഴപെയ്ത് പായൽപിടിച്ച മതിലിൽ മെല്ലെ തപ്പിപ്പിടിച്ച് കേറി മറുപുറത്തേക്ക് എട്ടിത്തൊറ്റിച്ചാട്ടം! "ഖ്ഡേം!" വീണ ഉടൻ ചാണകക്കഴിയിലായിരിക്കണം. കരണം, അനക്കമില്ലെങ്കിലും അവിടെനിന്നും ആവി പൊങ്ങി.

അല്പംകഴിഞ്ഞ് അതാ മതിലിനകത്തുള്ള വട്ടിന്റെ പിൻവശത്തെ അട്ടക്കളവാതിൽ മെല്ലെ തുറക്കുന്നു. കള്ളൻ ഉള്ളിൽക്കേറി. വാതലടഞ്ഞു.

ഇരുപതു മിനുട്ട്.

പുറത്തു സംഭവം വേറെ നടക്കുന്നു.

മെയിൻറോഡിൽക്കൂടി ടോർച്ചും ബഹളവുമുണ്ടാക്കി ഒരു കൊട്ടമേളം ജാഥ അതാ ഗേറിന്റെ അടുപ്പമെത്തിയപ്പോൾ കഴഞ്ചക്കാരെയും കൊണ്ട് ജാഥയിൽ ഏതാണ്ട് പത്തഞ്ഞൂറാളുകളായിരുന്നു. ഉറങ്ങിക്കിടന്ന വീട്ടുകാർ ഒന്നടങ്കം ബഹളംകേട്ട് കണ്ണും കാതും തിരുമ്മി ചാടിപ്പിടഞ്ഞെഴുന്നേറ്റു പുറത്തേക്ക് എത്തിനോക്കി.

പ്രകടനം പൊടുന്നനെ നിലച്ചു.

ഇനിയെന്ത് എന്നു് എല്ലുപേരും ഉൾക്കണ്ണുകലങ്ങി നോക്കിനില്ലുമ്പോൾ വീട്ടിനുള്ളിൽനിന്നും കള്ളനേയും കൊണ്ട് യുവതി

വരുന്നു, നാലഞ്ചു ഗ്യാസ്ലൈറ്റുകൾ. ക്ഷണം തിമിലകൾ നാദസ്വരം ഗിഞ്ചിറ ഡോലക് ഷെഹ്നായ് ബുൾബുൾ ഇലത്താളം പഞ്ചവാദ്യം ബാൻഡ് ബ്യൂഗിൾഡ്രം ഡ്രം എന്നുവേണ്ട സർവ്വവിധമായ സംഗീതോപകരണങ്ങളേയും ഇവയൊക്കെപ്പോരാഞ്ഞു വായ്പാട്ടുകാരുടേയും ജനസംഘോഷങ്ങളുടേയും വായ്ക്കരവിക്കാരുടേയും കൂട്ടിക്കഴഞ്ഞ് അലവലാതിമേളമായ ഒരു നാദപ്രപഞ്ചം.

ജാഥ ഇടവഴിയിൽ പ്രവേശിച്ചു. കള്ളൻ ചാടിയ മതിലിടത്തു ചേർന്നുള്ള

യേയും നാലു കരുത്തന്മാർ പുറത്തേക്ക് ആനയിച്ചുകൊണ്ടുവന്നു. ജാഥാനേതാവു് ഇരുമ്പർക്കം മാരേ റോസാപ്പൂമാലകൊണ്ടു മൂടി, അവരുടെ മുഖത്തു വിറച്ചു വണ്ടി.

"വൺ, ടു, ത്രീ!" നേതാവു് ആജ്ഞാപിച്ചു.

ഇരുവരും ഫാരങ്ങൾ പരസ്പരമണിഞ്ഞു. കണ്ടുനിന്നവർ ഉറക്കെ മുദ്രാവാക്യങ്ങൾ മുഴക്കി. കോട്ടമേളങ്ങൾ മുറുത്തു സമയത്തു് തകിടംമറിഞ്ഞ ഒരു വാദ്യവാരി.

നേതാവു് കൊടുത്ത ഒരു ഫോറം കള്ളൻ വാങ്ങി അതിൽ പേരെഴുതി ഒപ്പു വെച്ചു. കള്ളന്റെ നവരാത്രയും അല്ലപോലെ ചെയ്തു.

ചടങ്ങു കഴിഞ്ഞു. ജനം പിരിഞ്ഞു.

രണ്ടുദിവസംകഴിഞ്ഞു് ഒരു വൈകുന്നേരം ജനമദ്ധ്യത്തുകൂടി തെളിഞ്ഞുപിടിച്ചു് നടന്നുപോകുന്ന കള്ളനെക്കണ്ടപ്പോൾ ജനനേതാവു് തല താഴ്ത്തിപ്പിടിച്ചു. കള്ളൻ അതുകണ്ടു് ഉറക്കച്ചിരിച്ചു.

കാരണമന്വേഷിച്ച ഒരനുയായിയോടു് നേതാവു് പറഞ്ഞു:—

"എടാ അവൻ നമ്മളെ എല്ലാപേരെയും വെല്ലുകളഞ്ഞു! ഫോത്തിൽ സഭക്ഷിയുടെ കോളത്തിലാണു് അവൻ ഒപ്പു വെച്ചിരിക്കുന്നതു്!"

"ശൊ മനുഷ്യനു! ചേട്ടനു് അവനെ അറിഞ്ഞുകൂടേ? അവൻ ഇല്ലപോലെ എതു ഫോറത്തിൽ കണ്ടതാണെന്നു?"

'കള്ളബ്ബുദ്ധുവാ!'

"എനിക്കതല്ല വിഷമം. അവൻ എന്നെയും ആപ്പിലാക്കിക്കളഞ്ഞു."

"ങ്ഹേ! അതെങ്ങനെ?"

സാക്ഷിയായ എന്റെ ഒപ്പു പ്പോൾ കിടക്കുന്നതു് വരന്റെ കോളത്തിലാണു്! ഇപ്പൊ പെണ്ണിന്റെ തന്ത്യാൻ എന്റെ പേരിൽ പെറ്റീഷൻ കൊടുത്തിരിക്കയാണു്, അവൾക്കു് ഞാൻ ചിലവിനുകൊടുക്കണമെന്നു്! പോരേ?"

★

മേമ്പൊടി

"അല്ല! എന്നെ മറന്നോ?"

"കൊള്ളാം! മറക്കാവുന്ന പ്രവൃത്തികൾ വല്ലതുമാണോ നിങ്ങളെനിക്കു് ചെയ്തുവെച്ചിട്ടുള്ളതു്?"

—0—

വായിക്കുക! രസിക്കുക!! ശ്രേഷ്ഠചിത്രശാസ്ത്രഗ്രന്ഥങ്ങൾ!!!

1. ജാലവിദ്യ! ചീട്ടുകൾ, നാണയങ്ങൾ, മുവലെ etc. കൊണ്ടുള്ള ജാലവിദ്യകൾ, ചെപ്പുവിദ്യകൾ, തന്ത്രങ്ങൾ, മാജിക് ചിത്രഗ്രന്ഥം. വില 6 00
2. പ്രേമലേഖനങ്ങൾ! ശോകപര്യവസായിയായ ഒരു പ്രേമകഥ ധാരാളം പ്രേമലേഖനങ്ങൾ സഹിതം. വില 3 00
3. സംഖ്യാശാസ്ത്രം! പേരു്, ഇനിഷ്യൽ, ജന്മദിനം തുടങ്ങിയവയിൽ അടങ്ങിയിട്ടുള്ള രഹസ്യങ്ങളും മാശിഫലവും ചിത്രഗ്രന്ഥം. വില 2 00
4. സാമുദ്രികശാസ്ത്രം! മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ, അവയുടെ ഗുണദോഷഫലങ്ങൾ ചിത്രഗ്രന്ഥം. വില 2 00
5. ഷിറോയുടെ ഹസ്തരേഖാശാസ്ത്രം! മഹാന്മാരുടെ കൈരേഖാചിത്രങ്ങൾ അടങ്ങിയിട്ടുള്ള രേഖാശാസ്ത്രം. വില 2 00
6. മുഖലക്ഷണശാസ്ത്രം! ആകൃതി, രൂപം, വലുപ്പം, ലക്ഷണം ഇവ നോക്കി കഴിവുകളും ഫലങ്ങളും. ചിത്രഗ്രന്ഥം. വില 2 00
7. മെസ്മറിസം! മനുഷ്യനെ ഉറക്കുക, മരവിപ്പിക്കുക, വശംവദരാക്കുക പ്രാഥമികപാഠങ്ങൾ. വില 2 00
8. മാജിക്കും മാസ്മരവിദ്യയും! കൺകെട്ടുവേലകൾ, രഹസ്യക്കണക്കുകൾ, ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ. വില 2 00
9. ഫിപ്നോട്ടിസം! പരചൈതന്യവാദശ്രുശാസ്ത്രം. വില 1 00
10. മരിച്ചവരുമായി സംസാരിക്കുക! ശ്രുശതത്വശാസ്ത്രം. വില 1 00
11. അത്ഭുതവാർത്തകൾ! രസകരമായ വാർത്തകളുടെ സമാഹാരം. വില 2 00
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും! ചികിത്സാഗ്രന്ഥം. വില 1 00

എല്ലാറ്റിനും V. P. ചെലവു പുറമേ. കാറ്റലോഗ് സൗജന്യം.

P. P. A. I. Thariannagar, P. O. (Via) Eruvalla S. M. S. Kerala

ഇയ്യിടെ എന്തോ ഒരാവശ്യത്തിനു വിദേശയാത്ര നടത്തി, ഇറാലിയിലെ ഒരു കോൺഫറൻസിൽ പങ്കുകൊള്ളാനും ഇംഗ്ലണ്ടിലെ ഒരു യൂണിവേഴ്സിറ്റി സന്ദർശിക്കാനുമായി, ആഴ്ച ഇറാലിയിലാണു പോയതു്. അവിടത്തെ കോൺഫറൻസിൽ പ്രസംഗിച്ചതു് ലോകപ്രസിദ്ധിയാർജ്ജിച്ച ശാസ്ത്രജ്ഞന്മാരായിരുന്നു. അവരിൽ ഭൂരിപക്ഷവും താടിമീശ വളർത്തിയിരുന്നു. അല്പപേരെങ്കിലുമെന്നെ കോൺഫറൻസിൽ പങ്കുകൊണ്ടവരിൽ പലരും.

കോൺഫറൻസ് "വൻറാറി"ലാണു് നടന്നതു്. ശരിയായ "ഫിറാറിംഗ്" സിസ്റ്റത്തിലുള്ള താമസസ്ഥലം കണ്ടെത്താൻ പ്രയാസമുണ്ടായതുമൂലം ചേർന്നമാത്രം ചൂടുകേറുന്ന ഒരു മുറികൊണ്ടദ്ദേഹത്തിനു തൃപ്തിപ്പെടേണ്ടിവന്നു. രാവിലെ തണുപ്പിൽ ഷേവുചെയ്യുന്ന പ്രയാസംകൊണ്ടോ അദിവസം അദ്ദേഹത്തിനാരുശയം തോന്നി, മീശവളർത്തിയാലെന്തെന്നു്. നരകൊണ്ടു മുക്കാലും വെളുത്ത മീശ വളർന്നപ്പോൾ അത്തരം മീശ മുഖത്തിനു നന്നായി യോജിക്കുമെന്നു സുഹൃത്തുക്കളഭിപ്രായപ്പെട്ടു. യോജിച്ചില്ലെങ്കിലും ഷേവുചെയ്യാതിരിക്കുന്ന സുഖമാലോചിച്ചപ്പോൾ മീശവളർത്തുന്നതുതന്നെ നല്ലതെന്നു് അദ്ദേഹം തീർച്ചപ്പെടുത്തി. അല്പപോലെതന്നെ തലമുടിയും. ചുരുക്കത്തിൽ, രണ്ടുമാസം കഴിഞ്ഞു് ഇറാലിവിട്ടപ്പോൾ അദ്ദേഹത്തിനു കുറെ അധികം വളർന്ന മീശയും കുറച്ചു നീണ്ട തലമുടിയുമുണ്ടായിരുന്നു.

വളർന്ന മീശയും തലമുടിയുമായി ഇംഗ്ലണ്ടിലെ ഭേദപ്പെട്ട ഒരു യൂണിവേഴ്സിറ്റിയിൽ ചെന്നുകയറാൻ അദ്ദേഹത്തിനല്പം മടിതോന്നി, അത്തരമൊരു പറയട്ടെ. അവിടെ ചെന്നപ്പോൾ കണ്ടതിൽ ഭൂരിപക്ഷവും മുഖത്തിൽ തലമുടി തോൽവരെ വളർത്തിയവർ, അല്ലെങ്കിൽ മീശവളർത്തിയവർ അല്ലെങ്കിൽ രണ്ടും വളർത്തിയവർ, ശരിയായി തലമുടിവെട്ടി മുഖവടിച്ചു് വൃത്തിയായി നടക്കുന്നവരുടെ എണ്ണം വിരലിലൊതുങ്ങും. ഏതായാലും ഇംഗ്ലണ്ടിൽ താമസിക്കുന്നിടത്തോളംകാലം മീശയും തലമുടിയും വെട്ടേണ്ടകാര്യമില്ലെന്ന അദ്ദേഹത്തിനു് മനസ്സിലായി. ഇറാലിയിൽവച്ചു് വല്ലപ്പോഴും മീശയൊന്നു വെട്ടി "ഷേപ്പു്" വരുത്തേണ്ടിവന്നു. ഇംഗ്ലണ്ടിലെ ആ യൂണിവേഴ്സിറ്റിയിലുമാവശ്യമില്ല.

രണ്ടാമാണ്ടത്തെ ഇംഗ്ലണ്ടിലെ താമസം കൂടികഴിഞ്ഞു് എന്റെ അത്താവു് ഇൻഡ്യയിലേക്കു മടങ്ങുമ്പോൾ നാലുമാസത്തെ മീശയും തലമുടിയും വലിയ നഷ്ടം വരാതെ സൂക്ഷിച്ചിരുന്നു. ഈ വിവരമൊന്നുമറിയാത്ത ഞാൻ അദ്ദേഹത്തെക്കണ്ടപ്പോൾ തലയിൽ കൈവച്ചിശ്വരനെ വിളിച്ചു. എന്നോടൊപ്പമുണ്ടായിരുന്നവരെല്ലാമദ്ദേഹത്തിന്റെ വിദ്യാർത്ഥികളായിരുന്നതിനാൽ അവർക്കുണ്ടായ അത്ഭുതം



മറച്ചുവച്ചു. ഞങ്ങളുടെ ഒമ്പതുവയസ്സുള്ള മകൻ മാത്രം ആശ്ചര്യത്തോടെ പറഞ്ഞു: "അമ്മേ, ഇനി എനിക്കു മുടിവളർത്തണം. രണ്ടുപേരുമച്ഛനായി ഞാൻ അമ്മയോടു പറയുന്ന എനിക്കു മുടിവളർത്തണമെന്നു്, അപ്പോഴെല്ലാം അച്ഛനങ്ങനെയാണും ചെയ്യുന്നില്ലല്ലോ എന്നുപറഞ്ഞു് അമ്മ സമ്മതിച്ചില്ല." എല്ലാവർക്കും പൊട്ടിച്ചിരിച്ചു.

വീട്ടിലെത്തിയപ്പോൾ ഞാൻ പറഞ്ഞു ഈ മീശയും മുടിയുമുള്ളപ്പോൾ ഞാൻ കുറെ എണ്ണം വരില്ലെന്നു്. ഉള്ളതിൽ പതിനഞ്ചുവയസ്സുകിട്ടിയാൽ കുറഞ്ഞതു മൊന്നിക്കുന്ന നരച്ചുവെളുത്ത മീശ. ഒരൊറ്റ മുടിപോലും നരയ്ക്കാത്ത കാൽക്കു് ഇതുപോലൊരു നരച്ചമീശ എങ്ങനെയുണ്ടാകും! അദ്ദേഹം വീട്ടിൽ നില്പുണ്ടാകുമ്പോൾ എനിക്കെന്തെന്നില്ലാത്ത ഒരു ഭയം, ഏതോ അന്യപുരുഷൻ വീട്ടിൽ കടന്നുകൂടിയതുപോലെ. കിടന്നാലുറങ്ങുന്നതു കാണുമ്പോഴാണെങ്കിൽ പറയാനുമില്ല. ഏതോ മിക്കവാർ

റേയിൽവേ സ്റ്റേഷനിൽ കിടക്കുന്നതു കണ്ട മർത്ത, മറിയ ബെഥ്‌ലഹേമിൽ" കടിക്കുമ്പോൾ മനസ്സും കണ്ണും നല്ല രംഗ, ശാന്തിയും സമാധാനവും സ്പർശിക്കുന്ന മത ഗതപ്രജ്ഞനായിരുന്നു രൂപം മനസ്സിൽ കണ്ണടച്ചും മണ്ണിലെയും നിശബ്ദനായിരുന്നു' മറിയയിലെ മനസ്സും കൊച്ചുകുട്ടിക്കുന്നു' പണ്ടേ അദ്ദേഹത്തിന്റെ സ്വഭാവമാണ്'. മീശകൂടി ആയപ്പോൾ ആ ഇതപ്പുകണ്ടാൽ മുന്നിൽ സാക്ഷാൽഭംഗം വിണ്ട നമസ്കരിക്കാൻ തോന്നും.

സുഹൃത്തുക്കളെയും പരിചയക്കാരെയും കണ്ടപ്പോയിരുന്ന വലിയ പ്രശ്നം. നാലുമാസം വിദേശത്തായതു നടത്തിയതു കൊണ്ടുദ്ദേഹത്തെ വർക്കുംമൊക്കെ നോട്ടപ്പുള്ളിയായിരുന്നു. മീശകൂടി ആയപ്പോൾ ആരു കണ്ടാലുമൊരു നിമിഷം ഉറിച്ചുനോക്കും, പിന്നാട്ട ചൊട്ടിച്ചിരിക്കും, അതിനുശേഷം മീശയെക്കുറിച്ചു സംസാരിക്കും. ഇതായി പതിവു'. നരച്ചുവളർന്ന മീശ അനവധി വർഷത്തെ അറിവും പാകതയും മുഖത്തു നൽകുന്നതുപോലെ അറിവും പാകതയുമൊന്നുമില്ലാത്ത കുട്ടികളെ ഭയപ്പെടുത്താനും ഇതുകൊണ്ട്' എന്റെ പ്രാർത്ഥന. ഇതുകേട്ട്' എന്റെ പരിചയക്കാരിയായ അധ്യാപികമാർ സങ്കടപ്പെടുകയായി. "എത്ര നാളായി ഞാൻ എന്റെ മർത്തമറിയത്തോടു പറയുന്നു മനുഷ്യരെ മയക്കുന്ന ഒരു മീശവളർത്താൻ. അദ്ദേഹം കുട്ടിക്കുന്നില്ല. ഭയമായി തിങ്ങളുടെ മർത്തമറിയത്തിന്റെ മീശ എടുക്കാതിരിക്കേ. അതുകൊണ്ട് നന്നായി യോജിക്കുന്നു'" ഇതുപോലെയായിരുന്ന എല്ലാപ്പരിചയക്കാരുടെയും അഭിപ്രായം. മുടിവളർത്തിയ ചെറുപ്പക്കാരനെങ്കിൽ എന്തൊരായാസമായേനെ ഈ മനുഷ്യന്റെ മുഖത്തുനോക്കിയതു'.

അടുത്തദിവസം ഇംഗ്ലണ്ടിൽ നിന്നൊരാൾ കൊടുത്തയച്ച പ്രസന്റുകൊടുക്കാനായി ഞങ്ങളുടെ പരിചയക്കാരനായ ഒരു പ്രൊഫസ്സറെക്കാണാൻ അദ്ദേഹം പോയി. പ്രൊഫസ്സറാണെങ്കിൽ അറുപതു വയസ്സിൽ "റിട്ടയർ മെന്റു" കഴിഞ്ഞു' നാലാണ്ടത്തെ വർഷം എക്സ്റ്റൻഷനിൽ നിലുകയാണ്'. ഞങ്ങൾ മൂന്നുപേരെ ദിവസവുമായതുകൊണ്ടു സ്വാഭാവികമായും പ്രൊഫസ്സറെ രോഗിൽവച്ചുകാണുകയും കുശലം പറയുകയും പതിവായിരുന്നു. പക്ഷേ, പ്രൊഫസ്സർക്ക് സ്നേഹനിധിയായിച്ചെന്ന എന്റെ മർത്തമറിയത്തെ മനസ്സിലായില്ല. പലപ്പോഴും പേരുമറന്നുപോകുന്ന പ്രൊഫസ്സറോട്' പേരും ഡിപ്പാർട്ടുമെന്റും പറഞ്ഞിട്ട്' പ്രയോജനപ്പെട്ടില്ല. ഒരിക്കൽ ഭാരം രോഗകുന്നതുവും പലദിവസവും കണ്ടുമുട്ടിയതും കുശലം പറഞ്ഞതുമൊക്കെ സ്വന്തം മർത്തമറിയത്തിച്ചിട്ടും യാതൊരു ഭേദവുമുണ്ടായില്ല. ഒടുവിൽ പ്രസന്റെൽപ്പിച്ചിട്ട്' അടുത്തിചിന്തനായി അദ്ദേഹത്തിനടുത്തു നിന്നു മടങ്ങിവന്നു. ഞാൻ കൂടെ ഉണ്ടായിരുന്നെങ്കിൽ എന്റെ മർത്തമറിയമാണെന്നു പറഞ്ഞെങ്കിലും പരിചയപ്പെടുത്തുമായിരുന്നെന്നാലോചിച്ചപ്പോൾ എന്നെക്കുറെ കൊണ്ടുപോകുന്നതിൽ അദ്ദേഹത്തിനൊരിക്കലെങ്കിലും നിരാശതോന്നാൻ ആ മീശ ഇടയാക്കിയല്ലോ.

ഇതിനിടയിൽ ഞങ്ങളുടെ പോസ്റ്ററിനു വലിയ ആപത്തുണ്ടായി. എന്റെ മർത്തമറിയം' ഇറാഖിയിലായിരുന്നപ്പോൾ അവിടെ മൂന്നുമാസം പോസ്റ്റൽ സ്റ്റൈറക്കായിരുന്നതിനാൽ എനിക്കയച്ച കത്തുകളെക്കെ കിട്ടാതെപോയി. അവസാനിന്നിടയ്ക്കൊന്നായി കിട്ടിയുടനെയിയും' അദ്ദേഹം നാട്ടിൽ വന്നൊഴിച്ചു കഴിഞ്ഞാണ്'. പോസ്റ്ററുമായി വീട്ടിൽ വരുമ്പോൾ മീശവളർത്തിയ അദ്ദേഹം വീട്ടിലുണ്ട്'. എനിക്കുവരുന്ന കത്തുകളുടെ പിന്നിൽ അദ്ദേഹത്തിന്റെ പേരുള്ളതുകൊണ്ടു' അദ്ദേഹമിപ്പോഴും ഇറാഖിയിലാണെന്നുഹിക്കുകയും, വല്ലാത്ത ആശയക്കുഴപ്പം. ഒരു ദിവസം ഇറാഖിയിൽനിന്നുവന്ന ഒരു കത്തുമായി പോസ്റ്ററുമായി എന്നെക്കാത്തു നിന്ന ചോദിച്ചു വീട്ടിലുള്ള ആ താടിക്കാരൻ ആരാണെന്ന്'. ആത്മഗതത്തോടെ ഞാൻ പറഞ്ഞു എന്റെ മർത്തമറിയമെന്ന്'. അപ്പോൾ അതുമല്ലെന്നു തെളിഞ്ഞിക്കാനെന്നപോലെ ഇറാഖിയിൽനിന്നു വന്ന കത്തെടുത്തു പോസ്റ്ററുമാനെന്റെ നേർക്കു നീട്ടി. ഞാൻ ചിരിച്ചിട്ട്' ഇറാഖിയിലെ പോസ്റ്റൽ സ്റ്റൈറക്കിന്റെ കാര്യം വിശദമാക്കി. ആശ്വാസത്തോടെ പോസ്റ്ററുമാൻ പറഞ്ഞു മനുഷ്യരെഴുപ്പായി തനിക്കു വലിയ ആശയക്കുഴപ്പമായിരുന്നെന്ന്'. ഏതായാലും ഇതു ചൂണ്ടിക്കാണിച്ചു ഞങ്ങളെന്റെ മർത്തമറിയത്തോടുവശ്യപ്പെട്ട്' ആളുകൾക്കാശയക്കുഴപ്പമുണ്ടാക്കുന്നതു നിർത്താൻ വേണ്ടി എങ്കിലും ആ മീശയൊന്നെടുക്കാൻ.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം മീശ എടുത്തു. കാരണം തിരക്കുന്നതിനുമുമ്പ്, ആധുനികയോഗത്തു' താടിയിശയ്ക്കുള്ള സ്ഥാനം മനസ്സിലാക്കാത്ത അനവധി അപരിഷ്കൃതർ കാണുമ്പോൾ ചോദിക്കുകയായി അദ്ദേഹത്തിനെന്തെങ്കിലും രോഗമാണോ എന്ന്'. ചുരുപാടും ഇത്ര അധികം അപരിഷ്കൃതരുണ്ടെന്ന്' അപ്പോഴാണദ്ദേഹത്തിനു മനസ്സിലായതു'. യൂറോപ്പിൽ പഠിപ്പുണ്ടെങ്കിൽ പുറത്തിറങ്ങിയാൽ മുഖത്തു മീശ ഉള്ളതായി തനിക്കോ അന്യർക്കോ തോന്നിയതായി മനസ്സിലാക്കുമ്പോൾ അപമാനപ്പെട്ടിട്ടില്ല. ഇവിടെ എന്തൊരു ശരാശരിമലയാളിയുടെ മുഖത്തും

മീശ എടുത്തതിനുശേഷം പിന്നെയും ചെറിയ "കൺഫ്യൂഷനു"ണ്ടായി. മീശ എവിടെ എന്ന സംശയത്തോടെ സുഹൃത്തുക്കളും പരിചയക്കാരും വീണ്ടുമൊരുനൂറു പ്രാവശ്യം ഇപ്പിച്ചു നോക്കുക പതിവായി. അവരോടെല്ലാം മീശ എടുക്കേണ്ടിവന്ന പ്രത്യേക പരിസ്ഥിതിയെക്കുറിച്ചദ്ദേഹത്തിനു സംസാരിക്കേണ്ടതായിവന്നു. ടൈസ്റ്റർമാൻ മാത്രം ചിരിച്ചുകൊണ്ടു പറഞ്ഞു. "ഏതായാലും സാഹിബ് മീശ എടുത്തതു വളരെ നന്നായി." എന്നു്.

—0—

പ്രസിദ്ധികരണംപിൻവലിക്കേണ്ട പ്രമാദജടിലമായ ഒരു ഗ്രന്ഥം

(46-ൽ നിന്നു തുടർച്ച)

"ഗ്രഹണപദയാത്ര"യെപ്പറ്റി 91-ാം പേജിൽ പറയുന്നതു്. ഇത്രയും നിസ്സാരകാര്യങ്ങളിൽപ്പോലും തെറ്റു വരുത്തുന്നതു് ശ്രദ്ധയായോ, അനവധാനതയായോകൊണ്ടാവില്ല; ഉത്തരവാദിത്വമില്ലായ്മകൊണ്ടാവാനേ തരമുള്ളു. എന്താണു് ഈ "ഗ്രഹണപദയാത്ര?" "Solar Expedition" എന്നതിനു നൽകിയിരിക്കുന്ന പരിഭാഷയിൽനിന്നു സമ്പൂർണ്ണസൂര്യഗ്രഹണം നിരീക്ഷിക്കുവാനും, ഫോട്ടോ എടുക്കുവാനും റോയൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ രണ്ടു ജ്യോതിശ്ശാസ്ത്രസംഘങ്ങൾ സന്നദ്ധമായി, എ സി. ക്രോമ്മെലിന്റെ നേതൃത്വത്തിൽ ഒരു സംഘം ഉത്തരധ്രുവത്തിൽ ബ്രോണ്ടായിലേക്കും എഡിങ്ടന്റെ നേതൃത്വത്തിൽ മറ്റൊരു സംഘം വടക്കേ ആഫ്രിക്കയിൽ ഗിനിയഉൾക്കടലിൽ സ്ഥിതിചെയ്യുന്ന പ്രിൻസിപ്പിപിലേക്കും പോയി. ഇതാണു സത്യം. ഈ വസ്തുതയുണ്ടായിട്ടും ബ്രിട്ടന്റെ വടക്കുനിന്നുള്ള ഗ്രഹണപദയാത്രയായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു, പുതകത്തിൽ പ്രസിദ്ധീകരണം പിൻവലിക്കേണ്ട പ്രമാദജടിലമായ ഒരു ഗ്രന്ഥം! അത്രതന്നെ.

മൈൻസ്റ്റററിനും ആപേക്ഷികതയും. ഗ്രന്ഥകർത്താവു്: എ. സി. വാസ്സ്. മാക്സ്മില്ലൻസ്റ്റാറിന്റെ പ്രസിദ്ധീകരണം.

—0—

കയറു്

(25-ൽ നിന്നു തുടർച്ച)

ആ പെണ്ണിന്റെ മുഖം അതിനുമുമ്പുവരെയായി ആണിന്റെ മുഖത്തോടു ചേർന്നുപോകെ, അതിനുമപ്പുറമെന്നോ മൃത്യുതന്നെന്നോ എല്ലാ വേണ്ടതുകിൽ പറഞ്ഞുകൊള്ളുക.

കൊച്ചിടിച്ചിരിക്കുമ്പോഴായ്ക്കു പുടവകൊടുത്തിരുന്ന പോറ്റി, കുട്ടൻ മൂസതു പോയി ആഴ്ചയും കുറെ പായതെ. പിന്നെയാൾ വന്നിട്ടില്ല. അവർ എപ്പോഴെങ്കിലും ആരെപ്പറ്റിച്ചു് ഒന്നും മിണ്ടിയില്ല.

പട്ടിണികിടന്നു മുട്ടി ചുരുണ്ടു നിവർത്തിയില്ലാതെയായി് അയൾ പോയതു്.

തറവാട്ടിൽ ഒരു ബ്രാഹ്മണൻ പട്ടിണികിടക്കുന്നുപോലുമുണ്ടു്, അയൾ പോയതു് എല്ലുവർക്കും ആശ്വാസമായി.

ആ ബ്രാഹ്മണന്റെ വായ് നാറുന്നതായി.

★

രുപ്പത്തഞ്ചു് ഉണ്ണാം ഒരു വലിയ സംഖ്യയാണു്. ആ ബ്രാഹ്മണനു് അതു കിട്ടി.

രണ്ടുനാളത്തേയ്ക്കു് അതിലും കേമപ്പെട്ട കണ്ണകശ്ശാർ തന്നെ കൊണ്ടുകൊടുത്തു.

കോന്നോത്തുവീട്ടിലെ അളുകളുടെ പടിഞ്ഞാറെ മുറിയിൽ കൊച്ചിടിച്ചിരിക്കുന്നതായാണു് അയാൾ ഉണ്ടാക്കിയും ചെയ്തു.

കൊച്ചിട്ടിച്ചിരിക്കുന്നതായുടെ മാനം രക്ഷിക്കപ്പെട്ടു.

കണ്ണകശ്ശാർ പറഞ്ഞുവുള്ളവനാണു്; അയാൾ കൈമലർത്തിയില്ല.

പണത്തിൽ അമ്പതു് അയാൾക്കു ചിലവായി.

കൊച്ചിടിച്ചിരിക്കുന്നതായ്ക്കു് എത്രയാധമോ കുറെ മെയ്ക്കും കൈവന്നു.

പോറ്റിയെ അന്വേഷിച്ചു കണ്ടുപിടിച്ചു മുപ്പത്തഞ്ചും, പണവും കൊണ്ടുപോയി പിടിയാലെ കോന്നോത്തു കൊണ്ടുവന്നു കൊച്ചിട്ടിച്ചിരിക്കുന്നതായുടെ മുറിക്കുള്ളിലാക്കി. അതു നന്നായിയില്ലെങ്കിലോ?

ഉണരുക ഉണരുക

നീലമ്പേരൂർ

പുൽക്കൊടിത്തുമ്പിലും പുതുതൻ
പ്രഭാതത്തിൻ
മുത്തുമണികളിണക്കി നായ്ക്കുവാൻ!

*

എങ്ങനെ വീണ്ടും സഹിപ്പൂ നീ!
ജ്വലിക്കയാം
നെഞ്ചിലെ രോഷം,
തമൻ കണ്ണിലെയഗ്നി, യെൻ—
നെഞ്ചിലെ രോദനം,
തെൻ പോരടരുമ്പിലെ—
യുജ്ജ്വലസംഘാതമാവം സംഗ്രാമിയിലുഷ്ണിച്ചുനില്പൂ ഞാൻ സംഗ്രാമപൗരുഷം!

*

നിറിപ്പതെന്തെൻ—
ക്രോധത്തെ നേർക്കുവാൻ
നിനിപോരുന്നതല്ലോ?
തുക്കമതല്ലോ?

—0—

ചിതലരക്കട്ടിൽക്കരങ്ങു, വിലക്കിലൻറെ
രണ്ടുങ്ങളറുകലങ്ങി, കീട്ടയ്യ മഹ—
കല്ലുകൾക്കുള്ളിൽനിന്നുണ്ടായി വശപ്പിശകു
യുഷ്ണമാറുള്ളുരുകി, കടന്നിരു
കുട്ടുവാനില്ലാതെതന്നെ, അലക്ഷ്യത
പൊള്ളുന്നമരിയായ്മാറി, ആകാശവും
മണ്ണുമൊരുപോൽ വിയർക്കുമികലത്തി—
ന്നകലത്തിൽക്കിടന്നെ പുളയുമ—
ന്നന്തരംഗത്തിലെയഗ്നിഗർഭങ്ങളിൽ—
നിന്നോരുതീക്ഷ്ണപ്രഭാവം, നിശ്ശേഷയിൽ
നിന്നൊരു ധീരനിശ്ചേധം, സംഗ്രാന്തിയിൽ
നിന്നൊരു സംഹാരഭാവം, പിറകയെ—
ന്നെന്നെന്നവിലങ്ങാൻ തുടങ്ങുമങ്ങള—
ലെന്നെത്തളയ്ക്കുവാൻപോല്ലാ ഭാവനതാൻ?
ക്ഷുഭ്ധമനപൗരുഷ, മുഴിവനങ്ങളെ
ചുട്ടെരിച്ചിടാനായുതമൻ സഹസം,
മുഷ്ടിചുരുട്ടുപ്പേഞ്ഞെണീക്കുമ്പോഴും—
മുഷ്കനേരിട്ടെന്നതിർക്കുവാൻ
പോന്നതാർ?

*

കള്ളരുവങ്ങളുണിഞ്ഞവർ മാനുഷരാ
കുള്ളുദ്ധികാരം കൈയ്യേറ്റു കൊ—
ണ്ടെത്തുകയാണെവിടെ
തോളിൽ ചവിട്ടുവാ—
നച്ചിയിൽ ശ്രമിതരായ്ക്കുവാൻ! കരക്കു—
മെൻപോരി, ലെൻവഴി
മുടക്കത്തെളിക്കുവാൻ!
വർഷത്തിലൊന്നവരെത്തിടാറുണ്ടെൻറെ—
കരം കടിച്ചുതരിച്ചുരി മണ്ണിലെ

കണ്ണകശ്ശാരോടു കൊച്ചിടിച്ചിരിക്കുന്നതു ആ സന്ധ്യക്കു് ഇങ്ങനെ പറയുകയായ്ക്കുന്നതു വയ്ക്കേ,

"ഞാൻ കുടെ വരുവാണു്."

അളും അയൾ സമ്മതിക്കുമെയിരുന്നു.

★

കൊച്ചിടിച്ചിരിക്കുന്നതു പറഞ്ഞു.

"ഞാൻ കുട്ടിക്കാലത്തു പുത്തൻതിരുവാതിരയ്ക്കു പോവുകയാ. ഒരു ദിവസമെങ്കിലും വയറു നിറയട്ടെ."

എല്ലും കുന്നതുമുതും അതിലൊന്നും തെറ്റുമില്ലെന്നു പറഞ്ഞു.

ചാമയരിക്കുന്നതിൽ കടിക്കുന്നതിൽ ദുഷ്ടില്ല."

"അരിയിട്ടു തിളപ്പിച്ചുതിനേ കറുപ്പുള്ളു."

"ആരുവച്ചു തിന്നുവാതിരിപ്പുഴക്കം കഴിക്കണം."

പുതിയ മുദ്രാവാക്യങ്ങളാണു്, മറുന്നകാലത്തിന്റെ മുദ്രാവാക്യങ്ങൾ!

കോന്നോത്തുകെട്ടിനകത്തു് അവ മുഴങ്ങി.

പുഴുക്കം ചാമകുഞ്ഞിയും ചാമയ്ക്കുന്നതാരു്? കോന്നോത്തു കുഞ്ഞമ്മമാർ!

മൃത്തകുഞ്ഞമ്മയും മറ്റും മിണ്ടിയില്ല. അവർ എല്ലാം കണ്ടും കേട്ടുംകൊണ്ടിരുന്നു.

കോന്നോത്തു കുഞ്ഞമ്മമാർ എങ്ങോട്ടു?

—0—

സാഹിത്യവാരഫലം

(20-ൽനിന്നും തുടർച്ച)

Alejo carpentier എന്ന മഹാനായ സ്പാനിഷ് സാഹിത്യകാരന്റെ "Journey Back to the Source" എന്നതൊരു കൊടുംകഥ എന്നുകൂടി പറയിക്കാൻ കഴിഞ്ഞു. അല്ല വായിച്ചുതീർന്നപ്പോൾ അഹന്തയില്ലാത്തവരെ പ്രശംസിക്കാൻ മടികാണിക്കുന്ന ജെ. ബി. പ്രീസ്റ്റ്‌ലി "Carpentier is a great writer" (കാർപ്പന്റിയർ ഒരു മഹാനായ എഴുത്തുകാരനാണ്) എന്നു പറഞ്ഞതിന്റെ സത്യത്തെക്കുറിച്ചും എനിക്കു ബോധപ്പെട്ടു. കാർപ്പന്റിയറുടെ The Lost steps എന്ന നോവൽ നിരൂപണം ചെയ്യുന്ന അവസരത്തിലാണു പ്രീസ്റ്റ്‌ലി അങ്ങനെ പ്രഖ്യാപിച്ചതു്. "Here, I will swear, is one of the major works of our time" എന്നാണു അദ്ദേഹം The Lost steps എന്ന നോവലിനെ കുറിച്ചു പറഞ്ഞതു്. ആ നോവലിനെ ഞാൻ ഇംഗ്ലീഷിലേക്കു മൊഴിമാറ്റം നടത്തിയതിനുശേഷമാണു് Journey Back to the Source എന്ന പൊടിപ്പും തൊങ്ങലും വച്ചുള്ള പുഴുത്ത പേരിൽ പ്രസിദ്ധീകരിച്ചതു്. വിചിത്രമായ പ്രതിപാദ്യവിഷയവും പ്രതിപാദനരീതിയുമാണു് ഈ കഥയ്ക്കുള്ളതു്. ശവക്കല്ലറയ്ക്കുള്ളിൽ കിടക്കുന്ന ഡോൺ മാർക്വിസിന് ചലനംകൊണ്ടു. കല്ലറയിലെ കല്ലുകൾ നാലുപാടും തെറിച്ചുവീണു. മരണശയ്യയുടെ ചുറ്റും കത്തിച്ചുവച്ചിരുന്ന മെഴുകുതിരികൾ തറയിൽ കിടന്നു കത്തുകയാണു്. അവ പുണ്ണും പത്തിലെത്തിയപ്പോൾ തന്റെ കൺമുമ്പിൽ നിന്നിരുന്ന സ്ത്രീയോടു് കേട്ടതു്. അയാൾ കണ്ണുതുറന്നു. മരുന്നുകുപ്പികൾ, കിടക്ക എന്നിവയൊക്കെ ഹൃദ്രോഗത്തിൽനിന്നെന്നപോലെ പ്രത്യക്ഷങ്ങളായി. ഡോക്ടർ ചിത്രാംഗദയുടെ തല കല്ലുകൊണ്ടാണു്. അല്ല അതു് മാർക്വിസിന്റെ ഉറക്കം. ഉറക്കം കഴിഞ്ഞു. അയാൾ ചാടിയെഴുന്നേറ്റപ്പോൾ അല്ലെ കിടന്നേടത്തുതന്നെ നഗ്നയായ സ്ത്രീ പൊറിഞ്ഞുകിടപ്പുണ്ടു്. ബോഡിസ്സും അനേകം ലക്ഷം കോടിയാണു്. ഇങ്ങനെ എല്ലാം തിരിച്ചു പ്രതിപാദിക്കപ്പെടുന്നു. മാർക്വിസ് ആത്മാവാകുന്നു. കല്ലറയാകുന്നു. ആ കല്ലറയിലെ പ്രാഥമികാവശ്യങ്ങളെയ്ക്കുചെല്ലുന്നു. കാർപ്പന്റിയറുടെ വർണ്ണന കേട്ടാലും:—

"വിശപ്പു്, ദാഹം, ചൂടു്, വേദന, തണുപ്പു്. ഈ സംപ്രധാന സതൃങ്ങളിലുള്ള മാർക്വിസ് തന്റെ അവഗണ്ഡിതത്തെ ചുമക്കിക്കൊണ്ടു് വന്നതുള്ളൂ. അതിനുശേഷം അയാളുടെ ചോദ്യം പ്രകാരത്തെ അയാൾ നിരാകരിച്ചു. തന്റെ പേരു് എങ്ങനെയാണു് അയാൾക്കു് ഓർത്തുകൂടാ. നാമകരണം ചെയ്യുന്നതിന്റെ ഔചിത്യം മാറി. ഗന്ധം, ശബ്ദം, കാഴ്ച എന്നിവയെ സംബന്ധിച്ചു് കൊയാർക്കു് കാര്യമായുണ്ടില്ല." ഇങ്ങനെ മരിക്കുവിസ് ബിജമായി മാറുന്നു. ജനനമുതൽക്കുള്ള മരണത്തിലേക്കു് —അതായതു് എല്ലാ കലാകാരന്മാരുടെയും മരണത്തിലേക്കു്. കാർപ്പന്റിയറാകട്ടെ മരണത്തിനപ്പുറമുള്ള ജനനത്തിലേക്കും അവിടെനിന്നു ബീജത്തിലേക്കും പോകുന്നു. ഈ വിപരീതമാർഗ്ഗങ്ങളുടെ വർണ്ണനയോ? ഗ്രന്ഥകാരന്റെ ജീവിതാവബോധംകൊണ്ടു തികച്ചും ശ്രേഷ്ഠമെന്നുതന്നെ പറയിക്കുന്നു. കേരളത്തിലുള്ള നമ്മുടെ എഴുത്തുകാരെ ഇതൊക്കെ ഒന്നു വായിക്കണം.

■ ■ ■

ഗുൻപു് "എംപ്ലോയ്മെന്റു് എക്സ്ചേഞ്ചു്" അയച്ച പന്ത്രണ്ടു പേരിൽനിന്നു് തൊട്ടടുത്ത മലയാളം ലക്ചറായി തെരഞ്ഞെടുക്കേണ്ട ജോലി എനിക്കു വന്നുചേർന്നു. പ്രിൻസിപ്പലാണു് നിയമനം നടത്തുക. ആളിനെ തിരഞ്ഞെടുക്കാൻ അദ്ദേഹം എന്നോടു് ആവശ്യപ്പെട്ടു. ജോലിക്കായി എത്തിയവരിൽ എട്ടുപേരും എം. എ. പരീക്ഷയ്ക്കു് ഒന്നാംക്ലാസ്സു നേടിയവർ ആയിരുന്നു. നാലുപേർ രണ്ടാം ക്ലാസ്സിൽ ജയിച്ചവരും. ബ്രാഹ്മണനായ പ്രിൻസിപ്പൽ "കൃഷ്ണൻനായർ, ഉള്ളൂരിനെക്കുറിച്ചു" ഇവരോടു ചോദിക്കൂ" എന്നു് ആജ്ഞാപിച്ചു ഞാൻ മറുപടി നല്കി:— "വേണ്ട സർ. ഈ കേട്ടെഴുത്തുകൊട്ടെ. ആരും ശരിയായി എഴുതുകയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്. ഏറ്റവും കുറച്ചു തെറ്റുവരുത്തുന്നവനെ നമുക്കു നിയമിക്കാം. പ്രിൻസിപ്പൽ സമ്മതിച്ചു. കേട്ടെഴുത്തു നടന്നു. ഞാൻ

പറഞ്ഞുകൊടുത്ത വാക്കുകൾ ഇതാ:— "യോഗം, രാഗിണി, പ്രഗല്ഭം, അത്രമാത്രം, അനന്തരഗുണം, പതിവ്രത, പ്രസിദ്ധമായ, തൽപരൻ, ഹൃസ്വം, പുഞ്ചിരി ഇത്രയും വാക്കുകൾ പറഞ്ഞുകൊടുത്തിട്ടു് മഹാവിദ്വാനായിരുന്ന അവരുടെ അവതാരത്തിന്റെ പേരെഴുതുക എന്നും ഞാൻ പറഞ്ഞു. പന്ത്രണ്ടു് അപേക്ഷകരിൽ "യൗവനം" എന്നതിനെ ശരിയായി എഴുതി. യൗവനം എന്നതിനെ തെറ്റായി ആരും എഴുതിയില്ല എന്നാൽ എട്ടുപേർ "രാഗിണി, പ്രഗത്ഭം, അത്രം, അസന്നിഗ്ദ്ധം, അവിഭക്തം, വാത്സല്യം" എന്നു തെറ്റിച്ചാണു് എഴുതിയതു്. പന്ത്രണ്ടു പേരും മഹാകവി "ഖണ്ഡ"നാവിന്റെ പത്താമത്തെ അവതാരത്തിന്റെ പേരു "ഖണ്ഡ"ി" എന്നു തെറ്റിച്ചു തന്നെ എഴുതിയിരുന്നു. കല്ലി എന്നതാണു് ശരിയായ രൂപം, അതുവർക്കു് അറിഞ്ഞുകൂടായിരുന്നു. തെറ്റുകൾ അധികമെഴുതാത്ത ആളിനെ പ്രിൻസിപ്പൽ ലക്ചററായി നിയമിച്ചു. "...is selected എന്നു് ഓർഡർ എഴുതുമ്പോഴും അദ്ദേഹം "ഉള്ളൂരിന്റെ "മഗ്ദലനമറിയത്തെക്കുറിച്ചു് നിങ്ങൾ മനനം ഇവരോടു ചോദിച്ചില്ലല്ലോ" എന്നു പരാതി പറയുന്നുണ്ടായിരുന്നു. ഭാഗ്യം. ഉള്ളൂരെഴുതിയ "മഗ്ദലനമറിയ"ത്തിൽ "നല്ല ഹൈമവതഭൂവിലേറെയായ് കൊല്ലുമെങ്കാന വിഭാതവേളയിൽ" എന്നു് കേകയിലെഴുതിയ ഒരു ശ്ലോകമുണ്ടു്. അതിന്റെ അർത്ഥം പറയാൻ ആവശ്യപ്പെട്ട എന്നു് പ്രിൻസിപ്പൽ പറഞ്ഞില്ലല്ലോ. ഭാഗ്യം! മഹാഭാഗ്യം!

■ ■ ■

സഹൃദയന്റെ നേത്രവഴുവു് തകർക്കുന്ന ഉത്കൃഷ്ടഭാഷയെ വിനോദമാധികയെന്നു ശ്രീ. കേളുദേവന്റെ "അസംയു" അതിൽ ശ്രീമതി സുഭദ്ര എഴുതിയ "ആശാന്റെ ദുരവസ്ഥ" എന്നൊരു കവിതയുണ്ടു്. കമനീയശൈലിയെ മഹാകവിയെയും മാത്രം കണ്ടാൽ മതി എന്നു് വിനയപൂർവ്വം പറഞ്ഞ എന്നെ പരിഹസിക്കുന്നതെന്തിനാണു് ആ കവിതയിൽ കണ്ടതു്.

"ഇന്നലക്കണ്ണുനീർവാഴുമിലത്തിലോ
പൊക്കണംനിന്നുള്ളുരുകുവതിനുമിലോ
പല്ലും നഖങ്ങളും കൊണ്ടുകടിക്കുന്ന
ക്രൗഞ്ചമേലാവർണ്ണനെഴുതിയതുള്ളൂ"

ഇതെഴുതിയ സുഭദ്രയോടു് എനിക്കു നീരസമില്ല. എന്നാലെനിക്കു ചോദ്യമുണ്ടു്. പല്ലുകൊണ്ടും നഖങ്ങൾകൊണ്ടും ക്രൗഞ്ചത്തിനു് അധികം കടിക്കാമോ?

* * *

ഫാദർ "ഗ്രന്ഥ"ചതോപാധ്യായയുടെ എഴുതിയ Window എന്ന നാടകം പിച്ചുപാത്രമാകുന്നു. തൊഴിലില്ലാളികളുടെ കണ്ണീരിലുന്നല്ലാളിക ഗവൺമെന്റുകളിലുള്ള പുച്ഛം തീയിലെരിക്കുന്നു. സൂര്യപ്രകാശത്തെ കരം കൊടുക്കണം, കൊടുങ്കാറ്റിനെ ജനലുകളിൽ കിലുവിച്ചു് പ്രകാശം തരണം, തൊഴിലാളികൾ തയ്യിച്ചുചേർന്നു് ആലോചിച്ചു. അവർ വിപ്ലവത്തിനു സന്നദ്ധരായി. കൈയുയർത്തി അവരെ കണ്ണാടികൾ ഇടിച്ചുപൊട്ടിച്ചു. / ഭൂമിയും ചുവപ്പുള്ള സൂര്യരശ്മികൾ രചനങ്ങളിലേക്കു കടന്നുവരുമ്പോൾ നാടകം അവസാനിക്കുന്നു. തുടക്കത്തിലുള്ള ഈ നാടകം പോംപെയിൽ അഗ്നിയുയിച്ചപ്പോൾ ആളുകൾ തിങ്ങിക്കൂടി. നാടകശാലയിൽ സ്ഥലമില്ലാതെയായപ്പോൾ അവർ വരാന്തയിൽനിന്നുനിന്നു് നാടകത്തെക്കു് എത്തിനോക്കി. ആഹ്ലാദത്തൽ കൈയടിച്ചു. "ഇൻറിലക്ചുവി"നു് (ബുദ്ധിജീവി എന്നു് ഇന്നത്തെ പ്രയോഗം) രസിക്കുന്നതെന്തും ബഹുജനത്തിനും രസിക്കും. സത്യജിത്റേയുടെയും ശങ്കരാടിയുടെയും ചലച്ചിത്രങ്ങൾ ബഹുജനത്തിനും ആഹ്ലാദകരങ്ങളായിരിക്കും. ആ ലക്ഷ്യമാർത്ഥവിസ്മരിച്ചിട്ടു് "ഞങ്ങൾ സംഭാഷണക്കാർക്കുവേണ്ടി എഴുതുന്നു" എന്നു് നമ്മുടെ സാഹിത്യകാരന്മാർ പറയുന്നു. അല്ല ശരിയല്ല.

—0—

നീണ്ടകഥ–4

അച്ഛൻ

ഉറക്കം എണീറ്റപ്പോൾ തന്നെ മന്ത്രി കൊണ്ട് നൂറുവർഷം ജീവിച്ചിരുന്നപോലെ തോന്നി ദേവകിഅമ്മയ്ക്ക്.

ധാരാളം അനുഭവങ്ങൾ. ആ അനുഭവങ്ങൾ ഏല്പിച്ച അനവധി ആഘാതങ്ങൾ.

വളരെ വളർന്നപ്പോയതുപോലെ, വളർന്ന വൃദ്ധയായതുപോലെ, ശരീരത്തെ പൊതിഞ്ഞിരുന്ന ഉടുതലമായ വെളുത്ത തൊലി ചുക്കിച്ചുളിഞ്ഞിരിക്കുന്നു. സിരകളിലൂടെ ഒഴുന്ന രക്തത്തിന്റെ ചൂടില്ലായ്മ തന്നെപ്പറ്റി, ഇനി അധികനാൾ ജീവനമില്ല എന്ന തന്നെ തോന്നൽ ശക്തമായി തലച്ചോറിൽ അറിയുന്നുണ്ടായിരുന്നു. പിറകോട്ടു നോക്കുമ്പോൾ നടന്നുവന്ന പാത നീണ്ടു നീണ്ടു കിടക്കുന്നു. ഇനി നടക്കാനുള്ള പാത അവസാനിക്കാൻ നിമിഷങ്ങൾമാത്രം മതി എന്നു മനസ്സിലാക്കുന്നു.

മറവിടത്തേയ്ക്ക് മാറി പോകൽ നില്ക്കുന്നു. അവളെയോർത്ത് വളരെ ദുഃഖം. അവളുടെ സമീപത്തെത്താൻ വളരെ ദൂരം നടക്കേണ്ടിവരും. പിറകോട്ടില്ല, മുമ്പോട്ടില്ല, മറ്റൊന്നും മാർഗ്ഗമില്ല.

അകലെ ചക്രവാളത്തിന്റെ അറ്റത്ത് ഒരു പ്രകാശബിന്ദുപോലെ, അകലെ ആകാശവിതാനത്തിൽ ഒരു സപ്തർഷിനക്ഷത്രംപോലെ ലളിത നില്ക്കുന്നു.

അവളോടു സംസാരിക്കണമെന്നുണ്ട്. പക്ഷേ, അവൾ കേൾക്കണമെങ്കിൽ ഉറക്കെ സംസാരിക്കണം. ഉറക്കെ സംസാരിക്കാനാണെങ്കിൽ ശക്തിയില്ല. എത്ര ഉറക്കെ സംസാരിച്ചാലും അവൾക്ക് കേൾക്കുവാൻ കഴിയുമോ. കേൾക്കാൻ കഴിഞ്ഞാലും, അതവൾക്ക് മനസ്സിലാകുമോ, അതോ തലമുറകൾതമ്മിലുള്ള അന്തരമോ?, ഒരു തലമുറയുടെ ഭാഷ മറ്റൊരു തലമുറയ്ക്ക് മനസ്സിലാകുമോ.

രണ്ടുപേരും രണ്ടുപേരേയുമായുള്ള രണ്ടു ലോകങ്ങളിൽ ജീവിക്കുന്നു. അനന്തവിസ്തൃതവും അജ്ഞാതവുമായ ശൂന്യാകാശപഥങ്ങളിൽ, താനും തനിക്കും തന്നെപ്പോലെ ഒരു ലോകങ്ങൾ ഉണ്ടാകുന്നു, അവ തമ്മിലുള്ള ബന്ധമില്ല, അടുപ്പമില്ല, അകലമാണ്.

അമ്മ മകളെ അറിയുന്നില്ല. ലളിതയുടെ അമ്മയായ ദേവകിഅമ്മ മകളെ അറിയുന്നില്ല. മകൾ അമ്മയെ അറിയുന്നില്ല. ദേവകിഅമ്മയുടെ മകളായ ലളിത അമ്മയെ അറിയുന്നില്ല.

സ്വന്തം ചിന്തകളുടെ തൊണ്ടുകൾക്കുള്ളിൽ സ്വന്തം ദുഃഖങ്ങളുടെ മുഖവും പുഴുത്തു, ആമയെപ്പോലെ അവർ ജീവിക്കുന്നു.

ഉറക്കം ഉണർന്നതിന്റെ മൂലയിൽ, മൂകതയിൽ അമ്മ മകളെ മർത്തു.

അവൾ എഴുന്നേറ്റുകാണുമോ. ദിനകൃത്യങ്ങൾക്കശേഷം കോളേജിൽ പോയിക്കാണുമോ.

എം. ഡി. രാജൻ

മകളെ അന്വേഷിച്ച് അടുക്കളയ്ക്കപ്പോയതു പോലുമില്ലാതെ, അവളെ കണ്ടതായിപ്പോലുമില്ല. മണി എത്രയായി? എട്ടുമണി കഴിഞ്ഞിരിക്കുന്നു. എന്നാലിതുവരെയും ഇരുന്നേടത്തുനിന്ന് അവൾ എവിടെയും പോയില്ല.

കോളേജിലേക്ക് പോയതാണ്. ഗോപിയെ കാണാനായിരിക്കും നേരത്തെപോയതു്. കഴിഞ്ഞ രാത്രിയെക്കുറിച്ച് അവർക്ക് വളരെ വിശേഷങ്ങൾ പറയാനുണ്ടല്ലോ.

അവൾ വരട്ടെ. ഒരു പക്ഷേ, പതിവിലുംനേരത്തെ അവൾ വരുമായിരിക്കും?

ശിക്ഷയുടെ അവസാനദിവസം അല്പമുള്ള വരുന്നതു മനസ്സിലാക്കുന്ന ഒരു ജയിൽപ്പുള്ളിയുടെ ആനന്ദം, ദേവകിഅമ്മയുടെ മുഖത്തു തെളിഞ്ഞു. മുഖത്തു തുങ്ങിക്കിടക്കുന്ന മാംസപ്പുളവുകൾക്കിടയിലൂടെ ആനന്ദത്തിന്റെ ഉറുമ്പുകൾ അരിച്ചുരിച്ചു നീങ്ങിയപ്പോൾ അസ്വസ്ഥത തോന്നി. ജയിലിൽനിന്നു കഴിയാൻകൊതിക്കുന്ന തടവുപുള്ളിക്ക് വിമോചനദിനം മുന്നിൽക്കാണുമ്പോൾ തോന്നുന്ന അതേ അസ്വസ്ഥത.

ശിക്ഷ കഴിഞ്ഞാൽ ജയിലിൽ നിന്നു പുറത്തിറങ്ങുന്ന പോലെ തന്നെ. അതോ ജയിലിൽക്കിടന്നു കഴിയുന്നോ.

പെട്ടെന്ന്, ദേവകിഅമ്മ ഗോപിയുടെ അച്ഛനെ ഓർക്കാൻ ശ്രമിച്ചു. ഒരിക്കലും കണ്ടിട്ടില്ലാത്ത ആളെ ഓർക്കാൻ കഴിയുമോ. എല്ലാ അച്ഛന്മാരെയുംപോലെ ഗോപിയുടെ അച്ഛനും ഒരു മുഖം ഉണ്ടായിരിക്കുമല്ലോ. ആ മുഖം എങ്ങിനെയിരിക്കും.

ഒരു പക്ഷേ, ആ മനുഷ്യൻ ഇന്നു വന്നേക്കുമോ? വന്നാൽ, ചോദിച്ചാൽ, എന്തെങ്കിലും സമാധാനം പറയേണ്ടിവരുമല്ലോ. എന്തു സമാധാനമാണു പറയുക.

ഗോപിയുടെ അച്ഛൻ വരുമെന്ന വിചാരം ദേവകിഅമ്മയെ അസ്വസ്ഥയാക്കി. ആ അസ്വസ്ഥതയുടെ അറ്റങ്ങളിൽ ആടിയുലഞ്ഞുനിൽക്കുമ്പോൾ ഗേറ്റു തുറന്ന് കാർ കയറിവരുന്നതു കണ്ടു.

ഗോപിയുടെ അച്ഛനാണോ?

ആളിനെ തിരിച്ചറിഞ്ഞപ്പോൾ, ബോധക്ഷയത്തിന്റെ വക്കിൽ പിറുപിറുത്തുനിന്നപോയി ദേവകിഅമ്മ. സിരകളിലെ രക്തം സ്തംഭിച്ചുപോലെ. സിരകൾക്കു മുകളിൽ മഞ്ഞുകട്ടകൾ നിരന്നു കനത്തു തണുത്തുറയുന്നതുപോലെ.

ആരാണെടാ? ആരാണെടാ?

അതേ

ലളിതയുടെ അച്ഛൻ!

കാർ തന്നെ പ്രേരിപ്പിച്ചുപോയതിനു്, ആ പ്രേരകനിലനിന്നു പറഞ്ഞുപോയതിനു്, ജീവിതം എന്നെ ശിക്ഷ വിധിച്ച ആ മനുഷ്യൻ. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ജീവിതം എന്ന അഭിനയം തന്നെ

ലളിത എന്ന മകളെ സമ്മാനിച്ച അതേ മനുഷ്യൻ.

വന്നകയറിയ ഉടൻ തന്നെ ചിരിച്ചു. ദുഃഖത്തിന്റെ ലേശങ്ങൾ പോലുമില്ലാതെ, ആത്മാവിന്റെ ആകാശം പോലെ, ആ ചിരിയിൽ പ്രകാശം കറന്നുതിങ്ങുന്നു.

"ദേവകിഅമ്മ എന്നെ അറിയുമോ?

ആ ചോദ്യം കേട്ടു. ആ ചോദ്യത്തിന്റെ അർത്ഥം മനസ്സിലാക്കി. അല്പകാലം ബോധക്കേടുണ്ടായില്ല എന്ന ബോധമുണ്ടായി ദേവകിഅമ്മയ്ക്ക്.

ആ ചോദ്യത്തിനു് ഉത്തരം പറയണം. അല്പനേരത്തിൽ അതേ ചോദ്യം വീണ്ടും ഉണ്ടാകും. ആ ചോദ്യത്തിനു് ഇപ്പോഴല്ലെങ്കിൽ, എപ്പോഴെങ്കിലും ഉത്തരം പറയണം. എന്നെങ്കിലും ആ ചോദ്യം ചോദിക്കാൻ ആ മനുഷ്യൻ സ്വന്തം ജീവിതത്തിനുമുമ്പിൽ പ്രത്യക്ഷപ്പെടുമെന്നു പ്രതീക്ഷിച്ചിരുന്നതല്ല ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു്. പ്രതീക്ഷിക്കാത്ത ചോദ്യം ചോദിച്ചിരിക്കുന്നു. പ്രതീക്ഷിക്കാത്ത ചോദ്യം ആയതുകൊണ്ടു് ഉത്തരം പറയാൻ വിഷമിക്കേണ്ട വരുന്നു.

വിചാരിച്ചതുപോലെ സംഭവിച്ചു. അതേ ചോദ്യം, കുറച്ചുകൂടി ശക്തമായി, ആവർത്തിക്കുന്നു.

"ദേവകിഅമ്മ എന്നെ അറിയുമോ എന്നു്."

"ഇല്ല. അറിയില്ല."

ആ മനുഷ്യൻ പിന്നെയും ചിരിച്ചു. പ്രകാശമില്ലാത്ത അതേ ചിരി. പ്രതീക്ഷിക്കാത്ത ചോദ്യം ആവർത്തിക്കുന്നതു പോലെ, പ്രകാശമില്ലാത്ത ചിരിയും ആവർത്തിക്കുന്നു.

"ലളിതയെ അറിയുമോ. സ്വന്തം മകൾ ലളിതയെ."

ഉഗ്രൻ ചോദ്യം!

ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതു പോലെ, വിഷമകരമായ മറ്റൊരു കാര്യമില്ല. മകളിൽനിന്നു ചോദ്യമുണ്ടാകുമെന്നു പ്രതീക്ഷിക്കാതായി, മകളോടു് ഉത്തരം പറയേണ്ടിവരുമെന്നു്, മകളോടു ചോദ്യങ്ങൾ ചോദിച്ചു കേൾപ്പിച്ചു.

ഇപ്പോൾ ഉത്തരം പറയേണ്ടിവന്നിരിക്കുന്നു. ആ മകളുടെ അച്ഛനോടു്.

ലളിതയെ അറിയുമോ? സ്വന്തം മകൾ ലളിതയെ...

അതേ ചോദ്യം.

മകൾ വെളിയിലാണെ വീണ്ടുവിചാരിക്കുന്നു, മകൾ കരഞ്ഞുകലങ്ങിയ മുഖത്തോടെ നിൽക്കുന്നു.

അറിയും എന്നു പറഞ്ഞാൽ, ഉടനെ ആ മനുഷ്യനെ പറഞ്ഞേക്കാവുന്ന മറുപടി ദേവകിഅമ്മ നേരത്തേ മനസ്സിലാക്കി.

"ആ ലളിതയുടെ അച്ഛനാണു ഞാൻ." അങ്ങനെ മറ്റൊരു മറുപടി തീർച്ചയായും ഉണ്ടാവും,

അറിഞ്ഞുകൂടാ എന്നു പറഞ്ഞാലും, അതേ മറുപടി ഉണ്ടാകും. കൂടുതൽ അറിയിക്കാൻ, പരിചയത്തിന്റെ ശക്തി എത്രകൂടുതലുണ്ടു് എന്നു വ്യക്തമാക്കാൻ.

"ലളിതയുടെ അച്ഛനാണു ഞാൻ" എന്ന മറുപടിയിൽ എന്തെല്ലാം കുടുങ്ങിയിരിക്കുന്നു. ദേവകിഅമ്മ ആ മനുഷ്യനെ അറിയുകയില്ലെങ്കിൽ, അവൾക്ക് എങ്ങനെ ലളിത എന്ന ഒരു മകൾ ഉണ്ടായി?

ആ ചോദ്യം ആവർത്തിക്കാതിരിക്കാൻ അപ്പോൾ മനസ്സിൽ തോന്നിയ ഉത്തരം പറഞ്ഞു.

"ലളിതയെ അറിയും. സ്വന്തം മകൾ ലളിതയെ അറിയുകയില്ല."

ദേവകിഅമ്മയുടെ മറുപടി ആ മനുഷ്യനെ തൃപ്തിപ്പെടുത്തിക്കാണണം.

കണ്ണിലേക്കു് ആ മുഖത്തേക്കു നോക്കി. മുഖം നിറയെ ചുളിവുകൾ. നരച്ചുചെളുത്ത തലമുടി. വാർദ്ധക്യത്തിന്റെ വരകൾ വീണ വികൃതമായ ആ മുഖത്തുനിന്നു്, സന്തോഷം വലിച്ചെടുത്തപ്പോൾ, സ്വന്തം മുഖം കാണാൻ കഴിയാത്തതിൽ ദേവകിഅമ്മ വിഷമിച്ചു. അവരുടെയും വാർദ്ധക്യത്തിന്റെ വരകൾ ഇല്ല. ആ മുഖത്തു സന്തോഷവുമുണ്ടായിരുന്നില്ല.

"നിങ്ങൾക്കറിയാവുന്ന ലളിത നിങ്ങളുടെ മകളല്ല."

നിങ്ങളുടെ മകളായ ലളിതയുടെ അച്ഛനാണു ഞാൻ എന്ന ഉത്തരം പറയുവാൻ വേണ്ടി, വളരെ ചോദ്യങ്ങൾ ചോദിക്കുകയാണു് ആ മനുഷ്യനെന്നു് ദേവകിഅമ്മ പെട്ടെന്നു മനസ്സിലാക്കി. ലളിത മകളാണെന്നു്, ഒരിക്കലും പറഞ്ഞുപോകരുതു്. ദേവകിഅമ്മ നിശ്ചയിച്ചു.

"എന്റെ മകളാണു ലളിത. ഇപ്പോൾ അവൾ ഒരു സ്ഥലത്തിരിക്കുന്നു. ഒരു യുവാവിനെ കണ്ടുമുട്ടിയിരിക്കുന്നു."

"എനിക്കറിയാം" എന്നു പറഞ്ഞിട്ടു് മറ്റൊരു ചോദ്യം. "ഞാനിവിടെ വന്നിരിക്കുന്നതെന്തിനാണെന്നു്."

ഇതിനെപ്പറ്റി പറഞ്ഞിട്ടില്ലല്ലോ എന്നു കരുതി ദേവകിഅമ്മ അല്പനേരം കാത്തു.

"ഇതിനെപ്പറ്റി അനാവശ്യമായി ചോദിക്കണം."

"ഇവിടെ ഇതിനെപ്പറ്റി അനാവശ്യമായി ചോദിക്കണം."

"പുകിൽ ഇതിനുവേണ്ടിയാണു്."

ദേവകിഅമ്മ പറഞ്ഞു.

അയാൾ ഇരുന്നു.

"കുറച്ചു കാപ്പി എടുക്കട്ടെ."

"വിരോധമില്ല."

അതേസമയത്തിനിടയിൽ ഒരുപാടുചോദ്യങ്ങൾ ചോദിക്കുന്നതിനുവേണ്ടിയാണു് ഇതിനെപ്പറ്റി പറഞ്ഞതു്. ദേവകിഅമ്മ നിശ്ചയിച്ചു.

എന്തായാലും സ്വന്തം മകളുടെ അച്ഛനെ ഇപ്പോൾ ഈ വീട്ടിൽ കിട്ടിയിരിക്കുന്നു. ഒരു അതിഥിയുടെ പദവിയിൽ. അനുഭവമുള്ള ആ അച്ഛനിൽനിന്നു്, അനുഭവമുള്ള ആ അച്ഛനിൽനിന്നു്, ലളിതയുടെ ജീവിതത്തിനുവേണ്ടി എന്തെങ്കിലും സൂക്ഷിക്കുവാൻ ആതിഥേയ ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു. സ്വന്തം ശരീരത്തിൽ ഒരുപാടു മുറിവുകൾ, സ്വന്തം മകൾ ഇന്നും നഷ്ടപ്പെടാത്ത മനുഷ്യനായ, അനുഭവിച്ച അതിഥി.

കാപ്പി തയ്യാറാക്കുന്നതിനിടയിൽ ദേവകിഅമ്മ ആലോചിച്ചു.

മാതൃകാ വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും, എത്രയോ കുട്ടികളുണ്ടു്. അവർ എന്തുചെയ്യുന്നു, പഠിക്കുകയാണോ, പഠിക്കുകയാണെങ്കിൽ ഏതു ക്ലാസ്സിൽ പഠിക്കുന്നു, ഇങ്ങനെ എന്തുവേണമെങ്കിലും കാര്യങ്ങളുണ്ടു ചോദിച്ചറിയുവാൻ.

കാപ്പിയുമായി അടുക്കളയിൽനിന്നു തിരിച്ചെത്തുമ്പോൾ എങ്ങിനെ സംഭാഷണം ഇതിലേക്കെന്നും ഇടണമെന്നും ദേവകിഅമ്മ ആലോചിച്ചു.

"ഇപ്പോൾ വിശേഷിച്ചു് ഇങ്ങോട്ടു"

അങ്ങനെ ചോദിച്ചുറപ്പിക്കുകയാണോ നടക്കുന്നതിനിടയിൽ ദേവകിഅമ്മ ചിന്തിച്ചു.

സത്യത്തിൽ എന്തിനാണ് ആ മനുഷ്യൻ ഇപ്പോൾ ഇങ്ങോട്ടുവന്നത്. കഴിഞ്ഞതവണ മറ്റാരോടെയായിരുന്നല്ലോ, ഗോപിയുടെ അച്ഛനെ, വന്നതറിയിച്ചത് ലളിതയുടെ അച്ഛനായിരുന്നല്ലോ. ലളിതയുടെ അച്ഛൻതന്നെയാണോ ഗോപിയുടെ അച്ഛനും?

എങ്കിൽ...?

ദേവകിഅമ്മയുടെ കൈകളിൽ കാപ്പിപാത്രം വിറച്ചു. തലകറങ്ങുന്നു.

വാതിലിൽ തലതാങ്ങി, വിറയ്ക്കുന്ന കയ്യിൽ കാപ്പിപ്പാത്രവുമായി നില്ക്കുന്ന ദേവകിഅമ്മയെക്കണ്ട് അയാൾ കാടി അല്ലെങ്കിൽ കാപ്പിവാങ്ങി, എന്നിട്ടു പറഞ്ഞു.

"ഓരോരോ കാര്യം ഓർക്കുമ്പോൾ, ആകെയൊരു തലചുറ്റലുണ്ടാകും."

ദേവകിഅമ്മ അനുകേട്ടു. മനം ഉണ്ടോ പറഞ്ഞില്ല ഓരോ കാര്യം ഓർത്തതുകൊണ്ടാണ് തലചുറ്റലുണ്ടായതെന്ന്.

പക്ഷേ, മാത്തൂ എന്താണാ?

ലളിതയുടെ അച്ഛൻ!

ഗോപിയുടെ അച്ഛൻ!

രണ്ടു ശരീരങ്ങൾക്ക് ഒരു തലമാത്രം

ഉള്ള ഒരു വിചിത്രജീവി കണ്ണുകൾക്കു മുമ്പിൽ വികൃതരൂപത്തെ നഗ്നമായ മീകരദൃശ്യം കണ്ടിട്ടെന്നോ തലചുറ്റലുണ്ടായത്, ആ ഭീകരദൃശ്യം കണ്ടെന്നപോലെ, ആ മനുഷ്യനെനോക്കി, ദേവകിഅമ്മ കണ്ണുകൾ മിഴിച്ചുനിന്നു.

"എന്റെ മോളെ കാണണോണ്ട് ഞാൻ വന്നതാ, എത്രവർഷങ്ങളായി വിചാരിക്കുന്നു."

ഫാസ്തേഖാശാസ്ത്രം, ഗ്രഹപ്രശ്നം, മോഹിഫലം, ദ്രാക്ഷ, അപസ്മാരം, ഭൂതപ്രേതപിശാച്ബാധ ഉപദ്രവങ്ങൾ ഉദ്ദിഷ്ടകോടുനിവൃത്തി. അനുഭവത്തിൽ മനസ്സിലാക്കാവുന്നതും, പരിപൂർണ്ണഫലംകൊടുക്കുന്നതുമാണ്. മറുപടി സ്റ്റാമ്പുസഹിതം അപേക്ഷിക്കുക—

നേരിട്ടുവരുന്നവർ—പഴഞ്ചാഴൂർറോഡിൽ ബസ്സ് ഇറങ്ങി വരിക. തൃശ്ശൂർ തൃപ്രയാർ ചേർപ്പ്വഴി റോഡ്.

എന്നു്, എൻ. എസ്. ശങ്കരൻകുട്ടി,
ശ്രീചോറാനിക്കര ദേവിദർശനമഠം,
P. O. പഴുവിൽ തൃശ്ശൂർ Dt.

വരൻ അപ്രത്യക്ഷനായി

കാരണം; പൊന്തിയ പല്ലുകൾ;
പൊന്തിയ പല്ലുകളെ താഴ്ത്തികൊട്ടക്കുന്നു.

സമയം — 6 മാസം; സന്ദർശനം — മാസത്തിൽ രണ്ടിക്കൽ;
ചാർജ്ജ്—100 രൂപ

സമീപിക്കുക—

പുള്ളോലിക്കൽ ഇലക്ട്രോ
എക്സ്റേഡൻറൽ ക്ലിനിക്ക്
സുൽത്താൻപേട്ട, പാലക്കാട്-1.

തല തരിക്കുന്നതിനിടയിലും, ദേവകിഅമ്മ അതു ശ്രദ്ധിച്ചുകേട്ടു.

"ദേവകിഅമ്മ എന്താ മനസ്സിലാക്കിയത്?"

ആ ചോദ്യവും കേട്ടു.

"എന്റെ വിശേഷങ്ങൾ മുഴുവൻ പറയണമെന്നും, ദേവകഅമ്മയുടെ വിശേഷങ്ങൾ മുഴുവൻ കേൾക്കണമെന്നും ആഗ്രഹമുണ്ട്."

അതും കേട്ട ദേവകിഅമ്മയുടെ കണ്ണുകൾനിറഞ്ഞു.

"ഇരിക്കുന്നില്ല കാപ്പികുടിക്കുന്നില്ലേ?"

"ദേവകിഅമ്മയും ഇരിക്കൂ..."

തന്റെ കസേരയിൽ ദേവകിഅമ്മ ഇരുന്നു. കാപ്പുമാറി മറ്റാരുടെ കസേരയിൽ ലളിതയുടെ അച്ഛനും ഇരുന്നു.

"താങ്കൾക്ക് വിശേഷം വല്ലതുമില്ലേ?" ദേവകിഅമ്മ ചോദിച്ചു.

"ഒന്നുമില്ല."

"എത്ര കുട്ടികളുണ്ട്?"

"ആൺകുട്ടി?"

ആ ചോദ്യം അർത്ഥവത്താണെന്ന് ദേവകിഅമ്മയ്ക്ക് മനസ്സിലായി. അയാൾക്കുണ്ടോ, അയാളുടെ ഭാര്യക്കാണോ എത്ര കുട്ടികൾ?

വെറുതെ, ദേവകിഅമ്മ ചിരിച്ചു. ആ ചോദ്യം മനസ്സിലായി എന്നമട്ടിൽ.

"ലളിതയെക്കൂടാതെ എത്ര കുട്ടികൾ ഉണ്ട്?"

"അഞ്ചു", മുന്നുതവണ ആണും രണ്ടു പെണ്ണും എല്ലാം പെൺകുട്ടികൾ. എല്ലാവരും പഠിക്കുന്നു. മൂത്തവൻ കോളേജിൽ പഠിക്കുന്നു."

മൂത്തമകന്റെ പേര് ചോദിക്കണോ? ചോദിച്ചാൽ ഗോപി എന്നുതന്നെയാണെങ്കിൽ! എങ്ങിനെ അതു കേട്ടുകൊണ്ടുനില്ക്കും.

"ലളിതയ്ക്ക് വിവാഹാലോചന ഒന്നും ആയില്ലേ?"

വീണ്ടും ചോദ്യം.

ആ ചോദ്യം വിഷയത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രാരംഭമായിരിക്കും എന്ന് ദേവകിഅമ്മ വിചാരിച്ചു.

"അവളുടെ വിവാഹത്തെപ്പറ്റിയുള്ള ആലോചനയൊക്കെ അവൾക്കുതന്നെയാണ്."

എന്നിട്ട് ഇത്രകൂടി പറഞ്ഞു ദേവകിഅമ്മ.

"അവൾ ആരെയോ സ്നേഹിക്കുന്നു."

ഈ സംഭാഷണം ഇവിടെ അവസാനിപ്പിക്കണമെന്നു് ദേവകിഅമ്മ ആഗ്രഹിച്ചു സ്വന്തം മകളെക്കുറിച്ച് ഇതിൽക്കൂടുതൽ പറയുവാൻ ആ സ്ത്രീ ആഗ്രഹിച്ചില്ല.

അപ്പോൾ മറ്റൊരു ചിന്ത ദേവകിഅമ്മയെ ഭേദനപ്പിച്ചു.

ലളിതയെപ്പറ്റി, ലളിതയുടെ വിവാഹത്തെപ്പറ്റി, അവൾ സ്നേഹിക്കുന്ന ചെറുപ്പക്കാരനെപ്പറ്റി, ചോദിക്കാനും കാര്യങ്ങൾ അറിയുവാനും ആ മനുഷ്യനു് അധികാരമുണ്ടല്ലോ തന്റെ സ്വന്തം മകളാണ് ലളിതയെങ്കിലും, ആ സത്യം മകളുടെ അച്ഛനല്ലേ അയാൾ.

ജന്മനല്ല! എന്നതുകൊണ്ടു മാത്രം ഒരാൾ ഒരാളുടെ അച്ഛനാകുമോ. അങ്ങനെയെങ്കിലുള്ള കുഞ്ഞുങ്ങളും നിർവ്വചിക്കേണ്ടതുണ്ടു. ജന്മംനൽകുകമാത്രം ചെയ്യുകയും, കുഞ്ഞുങ്ങൾ നിർവ്വചിക്കപ്പെടുകയും ചെയ്തതിൽ, അച്ഛനെന്ന വേറൊരു പറയുമെന്നല്ലാതെ അച്ഛനെന്ന അവകാശം ഉന്നയിക്കുന്നതെങ്ങനെയാണ്?

"അവൾ സ്നേഹിക്കുന്ന യുവാവിനെ അറിയുമോ?"

ദേവകിഅമ്മയുടെ ചിന്തയുടെ ചരടു് ആ ചോദ്യം കൊണ്ടുവിണ്ടും പൊട്ടി.

"അവൾക്കറിയാം." മറുപടി പറഞ്ഞു.

"നമ്മളും അതറിയേണ്ടേ?"

ദേവകിഅമ്മ ആ മനുഷ്യന്റെ മുഖത്തേക്ക് സൂക്ഷിച്ചുനോക്കി. മുഖത്തു കറുപ്പു ദേഹത്തു, തലയിൽ വെളുത്ത നരയും ഉള്ള ആ മനുഷ്യൻ ലളിതയുടെ അച്ഛനാണു്. ലളിതയുടെ അച്ഛൻ! സ്വന്തം മകളായ ലളിതയുടെ അച്ഛൻ.

തന്റെ ശരീരം വിറകൊള്ളുന്നതിന്റെ സുഖം അനുഭവിച്ചുതുടങ്ങുകയാണ്. അതു് ആ മനുഷ്യനോടു ചേർന്നുകിടന്നപ്പോൾ മാത്രമാണു്. ഹൃദയം മാത്രമേ ഇന്നുവരെ സുഖിക്കുന്നതിനറിഞ്ഞിട്ടുള്ളൂ. ഹൃദയസുഖം അനുഭവിക്കാനുള്ള ശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ള ശരീരസുഖം മാത്രമാണു്. ആ ശരീരസുഖം അനുഭവിയ്ക്കുന്ന മനുഷ്യൻ, രക്തബന്ധത്തിന്റെ അധികാരത്തോടെ ചോദിക്കുന്നു, നമ്മളും അതറിയേണ്ടേ, എന്നു്.

നമ്മൾ എന്നതുതന്നെയാണു പറഞ്ഞതു്, ഞാനും നീയും ഉൾപ്പെട്ട ആ "നമ്മൾ"ക്ക്

വലിയ ഒരർത്ഥമില്ല.

ആ ചോദ്യത്തിനു് അതെ എന്നു് ഉത്തരം പറഞ്ഞ തരുണ സുന്ദരികളെക്കയായിരുന്നു ചെയ്യുന്നതു്. അല്ല എന്നു പറഞ്ഞാൽ കള്ള ഭോസ്ത്തിയിന്റെ ശക്തിയെ നിഷേധമായിത്തീരും അതു്.

ശരീരത്തെ ചുട്ടുപൊള്ളുന്നതുപോലെ ദേവകിഅമ്മ കരുതി. ആ ചുടിൽ വികാരത്തെ ചെറുത്തുനിന്നിരുന്ന വിവേകത്തിന്റെ തുരുത്തുപാളികൾ ഉരുകുന്നു ഉരുകി മലിനമാകുന്നു.

ഒരു സർപ്പം പോലെ ആ ചോദ്യം മുന്നിൽ നിൽക്കുന്നു. തല ആട്ടുന്നു. തീക്കണ്ണുകൾ മിഴിക്കുന്നു. നാക്കുകൾ നീട്ടുന്നു.

ഉത്തരം പറഞ്ഞില്ലെങ്കിൽ, ആ സർപ്പം കൊല്ലും. പെട്ടെന്നു ദേവകിഅമ്മ ഉത്തരം പറഞ്ഞു.

"നമ്മൾ അറിയേണ്ട കാര്യമല്ല അതു്. അതിന്റെ മറ്റും അറിയേണ്ട കാര്യമാണു്."

ആ മുഖം മങ്ങിക്കാണും. ആ തല താഴ്ന്നുകാണും.

ആരോഗ്യവും ശോഭയുമുള്ള വെളുത്ത പല്ലുകൾക്കു് ക്ലിനിക്സു് ആനമരുന്നു് പൽപ്പൊടി ഉപയോഗിക്കുക.



Mfd by:
PHOENIX PRODUCTS
COCHIN-26
സ്റ്റോറാക്കിസ്റ്റുകളേയും ഏജന്റന്മാരേയും ആവശ്യമുണ്ടു്.

അനാജ്ഞാതി

"ശരി ദേവകിഅമ്മേ. ഞാൻ പോകുന്നു. എനിക്കു മകളെ കാണണമെന്നുണ്ടായിരുന്നു. കഴിഞ്ഞില്ല. അവർ നടന്നുവരുന്ന വഴിവക്കിൽ കള്ളുഷാപ്പിനു ഞാവളെ കണ്ടുകൊള്ളാം."

ആ മനുഷ്യൻ നടക്കുകയായിരിക്കും. പഴയ അകലത്തിലേക്കു നടന്നു നീങ്ങുകയായിരിക്കും.

എന്നിട്ടും തല ഉയർത്തിയില്ല.

തല ഉയർത്തിനോക്കിയപ്പോൾ ആ മനുഷ്യൻ പടിയിറങ്ങിപ്പോകുന്നതും മറവരാൽ പടികയറിവരുന്നതും കണ്ടു. സൂക്ഷിച്ചുനോക്കി.

രാജശേഖരൻ നായർ!

അവർ അന്യോന്യം നോക്കുന്നു. അന്യോന്യം മനസ്സിലാക്കുവാൻ ശ്രമിക്കുന്നു.

ദേവകിഅമ്മയ്ക്കു വീണ്ടും-മോഡയക്കേടുണ്ടാകുന്നതുപോലെ തോന്നി.

രണ്ടാലണ്ണു് തന്റെ എല്ലുമായിരുന്ന അതേ രാജശേഖരൻനായരല്ലേ കയറിവരുന്നതു്.

അപ്പോൾ ഇറങ്ങിപ്പോയതു് ആരാണു്.

എല്ലാം ഇന്നലെ എന്തിനു സംഭവിക്കണു?

ദേവകിഅമ്മ വീണ്ടും തല താഴ്ത്തി.

—0—

അങ്കച്ചമയം

(17-ൽ നിന്നു തുടർച്ച)

മനസ്സു സ്വസ്ഥമല്ല. ചിലപ്പോൾ ഇനി മയക്കരികിലും നാം തമ്മിൽ കണ്ടില്ലെന്നും വരും."

ഭഗീരഥി—

ദൈതുരാജാവായ വൃത്രനെ കൊല്ലുന്നതിനു് ആയുധമുണ്ടാക്കാൻ ദധീചിമഹർഷിയുടെ അസ്ഥികൾ ആയുധമാക്കണമെന്നു കല ഞങ്ങളെ അടുപ്പിച്ചിക്കാൻ വരും.

എന്റെ സഖാക്കളേ...

ഭീകരപുരുഷനെന്തിലെ ഇക്കാറസ്സിനെ ബലിനൽകുവാനോ?

ഇക്കാറസ്സു് ആത്മഹത്യചെയ്തു സന്ധ്യാദീപ്തിയിൽ വിരിഞ്ഞു് സൂര്യന്റെ നേർക്കു പറന്നു. ഇക്കാറസ്സിന്റെ ചിറകുകൾ കത്തിപ്പോയി. പോകട്ടെ ഇക്കാറസ്സു് നടത്തിപ്പുകയില്ല. സൂര്യന്റെ നേർക്കു പറക്കാൻ തന്നെയാണു് ദീർഘകാലം കാട്ടിൽ തപസ്സനുഷ്ഠിച്ചു ഇക്കാറസ്സു് ചിറകുകൾ സമ്പാദിച്ചതു്.

ഇക്കാറസ്സിന്റെ സാഹസികതയാണു് ശരിയും.

ലക്ഷ്യത്തിലേയ്ക്കുള്ള കുതിക്കലിൽ, കത്തിയ്ക്കുന്നതിലേയ്ക്കുള്ള കുതിപ്പിൽ സംഘടനം കടന്നിരിക്കുന്നു.

എന്റെ പെണ്ണേ,

ലക്ഷ്യത്തിനു പിന്നിലെ കാട്ടിൽ, അനുഭവങ്ങൾ നാം ഇനി തരിക്കലും തുടുകയില്ലയിരിക്കും.

എന്നാലും എന്റെ പെണ്ണേ, നീ എന്നെച്ചുറ്റിപ്പിടിച്ചു കണ്ണിലെഴുതുക.

വർഷങ്ങൾക്കു ശേഷം എന്നെ അറിയുന്ന, എന്നെ കണ്ടെത്തുന്ന ഒരു തലമുറയുണ്ടാകും. അവരോടു നിനക്കു പറയാം:

"പണ്ടു് എന്നെപ്പോലെ ഒരു കാമുകനുണ്ടായിരുന്നു..."

എന്റെ രക്തത്തിനുവേണ്ടി ദാഹിക്കുവർ ഇന്നുമില്ലെങ്കിൽ നാളെ എന്നെ പിടിച്ചു അവരുടെ നഖങ്ങൾ പിഴുതുകളും. എന്നെ തിളച്ചവെള്ളത്തിൽ മുക്കും. എന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കും. എന്റെ ജനനേന്ദ്രിയത്തിൽ പഴുപ്പിച്ച ഇരുമ്പുകമ്പി കയറ്റും. അവർക്കു ഭോഷ്കുപോലെയൊക്കെ ചെയ്യും.

ഫാദിംഗ്വേ ഒരിക്കൽ പറഞ്ഞു:

മനുഷ്യനെ നശിപ്പിക്കാൻ കഴിയും. പക്ഷേ, തോല്പിപ്പിക്കാൻ കഴിയില്ല.

എനിക്കറിയാം. എന്റെ രക്തം ഭൂമിയിൽ വറ്റിപ്പോകയില്ല. അതു ഭൂമിയിൽ അസംഖ്യം മനുഷ്യഹൃദയങ്ങളെ ഇളക്കും.

എന്റെ രക്തത്തിനുവേണ്ടി ദാഹിക്കുവരേയും അവരുടെ വർഗ്ഗത്തിന്റേയും രക്തത്തിനായി എന്റെ രക്തം കേഴും.

എനിക്കു മുമ്പായി കത്തിക്കഴിക്കപ്പെട്ട പല രക്തസാക്ഷികളുടേയും രക്തം കേഴും.

സോക്രട്ടീസിന്റെ രക്തം.

യേശുക്രിസ്തുവിന്റെ രക്തം.

ചെഗുവേരയുടെ രക്തം.

വർഗീസിന്റെ രക്തം.

ഈ ഭൂമിയിൽ മനുഷ്യന്റെ അന്തസ്സിനുവേണ്ടി വീഴ്ത്തപ്പെടുന്ന രക്തമെല്ലാം പാഴായിപ്പോകുന്നില്ല.

—ചരിത്രമെന്നു പറയുന്നതു് ആ സത്യത്തിന്റെ വാങ്മയരൂപമാകുന്നു.

എന്റെ പെണ്ണേ, എന്റെ കാട്ടുകിളി, മഹത്തായ കല മഹത്തായ വിപ്ലവമാകുന്നു. അതു് സകല കലകളേക്കാളും സുന്ദരമായ സൗന്ദര്യബോധം സൃഷ്ടിക്കും.

നീ നിന്റെ പേരക്കുട്ടികൾക്കു പാടിക്കൊടുക്കണം, നീ മരുമകളോടു പറയുമ്പോൾ—

"മഹത്തായ വിപ്ലവമാണു് മഹത്തായ കലയെന്നു വിശ്വസിച്ചു മരിച്ചുപോയിരുന്നു, പണ്ടു്. അയാളുടെ സ്നേഹിച്ചിരുന്നു."

മഹത്തായ വിപ്ലവത്തിന്റെ അനശ്വര സംഗീതം എന്റെ സിരകളിൽ, എന്റെ ഇന്ദ്രിയങ്ങളിൽ മുഴങ്ങിമരുകുന്നു, അതു സംഗീതത്തിൽ മുഴുകുകയുണ്ടു്.

ജനങ്ങളുടെ മുന്നേറ്റത്തിനാധാരം ഉള്ളിലുറഞ്ഞുതുള്ളുന്ന ചൈതന്യമായ ശക്തി സ്വന്തം ശിരസ്സിനുള്ള കൈയിൽ വച്ചുകൊണ്ടു ഗുരുത്വം ചെയ്യുന്ന ഒരു പുരാണകഥയുണ്ടു്. ആ പുരാണകഥയിൽ ഞാനപ്പോൾ ഒരു പുതിയ രംഗം കൂടിച്ചേർക്കുന്നു.

—ആത്മാവിഷ്കാരം ആത്മഹത്യയാകുന്നു. നാളെ, ഞാൻ പിടിക്കപ്പെട്ടു എന്നു കേട്ടാൽ നീയിനി സങ്കടപ്പെടുകയില്ലല്ലോ

ഭൂമിയുടെ ഞാൻ,

ഇക്കാറസ്സിന്റെ ഞാൻ,

സ്വന്തം ശിരസ്സിനുള്ള കൈയിൽവച്ചുകൊണ്ടു ഗുരുത്വമുന്നയിക്കുന്ന ശക്തിയുടെ ഞാൻ,

എന്റെ രക്തം നിന്റെ സഹോദരങ്ങളുടെ ചുവപ്പുനിറമാകും.

എന്റെ പ്രിയേ,

എന്റെ സഖാക്കളേ,

ഈ ഭൂമിയിൽ മനുഷ്യന്റെ നഷ്ടപ്പെട്ട അന്തസ്സു്, തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള വിപ്ലവത്തിൽ വീഴ്ത്തപ്പെടുന്ന രക്തമുള്ളിലെ രക്തംപോലും പാഴായിപ്പോകുന്നില്ല.

അതു തലമുറകളുടെ അന്തരാത്മാവുകളിൽ ചുവന്ന സന്ധ്യകൾ നിർമ്മിക്കും.

—0—

മുനാടൻമുത്തുകൾ

കൊച്ചുവാങ് മിടുക്കനാണ്! ചുണക്കുട്ടിയാണ്. നേരം വെളുക്കാറായാൽ കോഴി കൂവുന്നതുകൊണ്ട് ഉണർന്നുകിടക്കും. വാങ്ങിന്റെ കുറുമ്പൻ ചേട്ടൻ അടുത്തുള്ള മുഴുവൻ കുഴപ്പങ്ങളും വരുത്താറുണ്ട്. കുതിര നാലുമണിക്ക് അവൻ ഉച്ചത്തിൽ മൂന്നുപ്രാവശ്യം കൂവും. വാങ് ചാടി എഴുന്നേല്ക്കും.

"അപ്പാ അമ്മേ! നേരം വെളുത്തു. എണീക്കൂ. കുറുമ്പൻ കൂവിയിട്ട് എത്ര നേരമായി!"

"ഛേ! ഈ ചെറുക്കന് ഉറങ്ങാനും സമ്മതിക്കയില്ലല്ലോ."—ഈ ഉറക്കച്ചടവോടെ തിരിഞ്ഞുകിടക്കും.

വാങ് വിട്ടുമോ? "അമ്മ അങ്ങിനെയൊന്നും പറഞ്ഞാൽ പറ്റുകയില്ല. അച്ഛനും എനിക്കും പാടത്തു പണിക്കുപോകാനുള്ളതാ, വേഗം ആഹാരം തയ്യാറാക്കമ്മേ!" അമ്മയെ എഴുന്നേല്പിക്കും.

അച്ഛന്റെ പിന്നാലേ വാങ് മുറ്റത്തുകൂടി തുള്ളിച്ചാടി നടക്കുന്ന വാങ്ങിനെ നോക്കി അമ്മമാർ മടിയോടെ മക്കളോടു പറയും, "ആ കൊച്ചു വാങ്ങിനെ നോക്ക്! അങ്ങിനെ വേണം കുട്ടികളായാൽ."

ആ കർഷകകുടുംബം സന്തോഷത്തോടും സംതൃപ്തിയോടും കഴിഞ്ഞുവന്നു. വാങ് അച്ഛനമ്മമാരുടെ ഓമനക്കുട്ടിയായി വളർന്നു.

വിള്ളും വളവുമായി മഴക്കാത്തിരുന്ന കർഷകർ ജിജ്ഞാസയായി. പുന്നവർഷം തുടർച്ചയായി മഴ പെയ്തുതിമർത്തപ്പോൾ ആ ഗ്രാമം പട്ടിണിയുടെ പിടിയിലമർന്നു. മഴയുംകൊണ്ടു വീടുപൂട്ടിയ ഗ്രാമീണർ പല വഴിക്കും പോയി. വളരെ കുടുംബങ്ങൾ ചത്തൊടുങ്ങി.

വാങ് രണ്ടാഴ്ചയ്ക്കുശേഷം മാതാപിതാക്കളോടു ചോദിച്ചു.

"നമ്മൾ ഇങ്ങനെ വെറുതെ ഇരുന്നാൽ എന്തുചെയ്യും?"

"എല്ലാം വിധിയാണു മക്കളേ" അമ്മയുടെ മറുപടി പറഞ്ഞു.

"വിധിയെ പഴിച്ചിട്ടു കൊണ്ടാനും ആയില്ല അമ്മേ. ഞാൻ പട്ടണത്തിൽപ്പോകും. കൂലിവേല ചെയ്തു ഞാൻ നമ്മുടെ കുടുംബം പോറ്റും."

അതുവരെയും ചുറുചുറുക്കുള്ളൊരു ആൺതരിയായി വാങ് പട്ടണത്തിലേയ്ക്കു പുറപ്പെട്ടു. നടന്നു തളർന്ന് അവൻ വഴിവക്കിൽ കണ്ട ഒരു പാഴ്പുരയിലിരുന്നു. അപ്പോഴാണ് ഒരു വണ്ടിക്കാരൻ ആ വഴി വരുന്നതു കണ്ടത്. താങ്ങാവുന്നത്രയും ചുമടുമായി പാടുപെട്ടു നടക്കുന്ന വൃദ്ധനോടു വാങ് പറഞ്ഞു.

"അപ്പൂപ്പാ! ചുമട് ഞാൻ എടുത്തുതരാം കൊള്ളാം."

"വേണ്ട കുഞ്ഞേ! നിന്റെ കയ്യിൽ ഇപ്പോൾതന്നെ ഒരു കെട്ടുണ്ടല്ലോ."

"അതു സാരമില്ല അപ്പൂപ്പാ! എത്ര ഭാരം ചുമക്കാനും എനിക്ക് മടിയില്ല. ക്ഷീണം തോന്നുകയുമില്ല." കക്ഷിണത്തിന്റെയും തളർച്ചയുടെയും ലക്ഷണം ശരീരത്തിൽ കലശലായിട്ടും മനഃപൂർവ്വം സന്തോഷംനടിച്ചു വാങ് പറഞ്ഞു.

അവൻ വൃദ്ധന്റെ ചുമട് ഏറ്റുവാങ്ങി. അവർ നടന്നു.

അപ്പൂപ്പാ! എന്റെ തോളിൽ പിടിച്ചുകൊള്ളൂ." വാങ് പറഞ്ഞു.

അവർ മുമ്പോട്ടുപോയി. അല്പം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി ഇടിയും മിന്നലും മഴയും തുടങ്ങി. കണ്ണഞ്ചിക്കുന്ന മിന്നൽ വാങ്ങിനെ ഭയപ്പെടുത്തി. അവൻ പരുങ്ങിച്ചു പറഞ്ഞു.

"എന്തൊരു ഭയങ്കരമായ ഇടിയും മിന്നലും മഴയും! എനിക്കു പേടി തോന്നുന്നു അപ്പൂപ്പാ!"

"അയ്യേ മോൻ ഇത്ര മണ്ടനാണോ, മഴകണ്ടു പേടിക്കുമോ? ഈ അപ്പൂപ്പൻ ആരാണെന്നറിയാമോ? പേടിക്കാതെ അപ്പൂ.

ചൈനീസ് കഥ

ഗംഗാനരേന്ദ്രനാഥൻ

പ്പന്റെ കൂടെ വന്നാൽ മതി, ഈ മഴ പെയ്യിക്കുന്നവരെ കണിച്ചുതരാം."

വാങ് അത്ഭുതത്തോടെ വയസ്സന്റെ മുഖത്തു നോക്കി. ഇപ്പോൾ വയസ്സൻ മുൻപിലും വാങ് പുറകിലുമായി നടക്കുകയാണ്. "കണ്ണടച്ചുകൊള്ളുക്കൂ." വൃദ്ധൻ പറഞ്ഞു.

വാങ് അനുസരിച്ചു. എന്തൊരതിശയം! താൻ എവിടെ എത്തിയിരിക്കുന്നു! കുലുകൾ നിലത്തു തൊട്ടിട്ടില്ലല്ലോ! ആകാശത്തു പറക്കുകയാണോ!

ഒരു വടി ചൂണ്ടിക്കൊണ്ടു വൃദ്ധൻ പറഞ്ഞു. "ദാ, നമുക്ക് അവിടെ പോകാം."

ഒരു തൊട്ടുകൂടുന്നു രണ്ടു മുണ്ടന്മാർ ഇരുന്നു വെള്ളം തെറിപ്പിച്ചു കളിക്കുന്നു.

"വാങ് നീ പരിഭ്രമിക്കേണ്ട. ഞാനൊരു 'മഴമാന്ത്രികൻ.' ഇവർ എന്റെ മാസന്മാർ. നിനക്ക് എന്തുവേണം? എവിടെ മഴ പെയ്യിക്കണമെന്നു പറയൂ."

വാങ് സംശയിക്കാതെ പറഞ്ഞു. "അങ്ങുടെ വയലുകളിൽ! തോട്ടങ്ങളിൽ പുൽമേടുകളിൽ!"

"ഇത്രയേ ഉള്ളൂ? ദാ, ഈ തൊട്ടിയിൽ നീയും കയറിയിരിക്കൂ —ഞാനും വരാം," മാന്ത്രികൻ പറഞ്ഞു.

വെള്ളംനിറച്ച തൊട്ടി ആകാശത്തുകൂടി നീങ്ങിക്കൊണ്ടിരുന്നു. വാങ് താഴേക്കു നോക്കി ഇരിക്കയാണ്.

"ഇതാ നിന്റെ പാടത്തിനു മുകളിൽ എത്തിയിരിക്കുന്നു. തുടങ്ങാം! കറുത്തകയ മഴ പെയ്യിക്കുവിൻ!"

മാന്ത്രികൻ ആഞ്ഞുപേച്ചുയുടൻ തുണ്ടന്മാർ വെള്ളം ശക്തിയായി അടിച്ചു തെറിപ്പിക്കുവാൻ തുടങ്ങി.

ഇടിയും മിന്നലും മഴയും!

"എന്താ മതിയോ?" മാന്ത്രികൻ വാങ്ങിനോട്ട ചോദിച്ചപ്പോൾ ഈനാണ്ണാപ്പൂ നിറഞ്ഞ ഡ്രൈവുകളെ നോക്കി അവൻ പുഞ്ചിരിക്കുകയായിരുന്നു.

"ഇനി കടകാശപുഷ്പം കൂടി പറിച്ചുതന്നാൽ മതിയല്ലോ." നല്ലവനായ ബാലനു് ഗൽകിയ സഹായംകൊണ്ടു് ഉപ്പനാകാതെ മാന്ത്രികൻ പറഞ്ഞു.

വാങ്ങു് കൈയത്തിയതെ നക്ഷത്രംപോലെ അതെടുത്ത കയ്യിൽ സൂക്ഷിച്ചു "എന്തൊരു തിളക്കമാണു്! ഇതു കണ്ണുകളെ മോഹവിനയ മിന്നുത്സാൽ...!" വാങ്ങു് ആലോചിച്ചു.

അവൻ മുന്നു കണ്ണുച്ചെ ഉറപ്പിച്ചപ്പോൾ, —എന്തു്! താൻ വയലിൽ മുട്ടോളം വെള്ളത്തിൽ നില്ക്കുന്നു. മാന്ത്രികനെവിടെ പോയി? തന്നെ നന്ദിവാക്കുപോലും പറയാൻ കഴിഞ്ഞില്ലല്ലോ. അച്ഛനും അമ്മയുമെല്ലാം മടിവരുന്നുണ്ടു്? അവരുടെ മുഖം എത്ര ആനന്ദമാണു്!

"മകനേ, പൊന്നുമകനേ!" മടിവന്നു കെട്ടിപ്പിടിച്ചുകൊണ്ടു് അച്ഛനും അമ്മയും പറഞ്ഞു. "നീ ഈ വെള്ളത്തിൽ ഒഴുകിപോയിരിക്കുമോ എന്നുകൂടി ഞങ്ങൾ സംശയിച്ചുപോയി. അതുയ്ക്കു മയക്കമെഴുന്നേറ്റപ്പോൾ! ഇതുപോൽ നാൾ ചെയ്യുമോയെന്നു കാവുകയുണ്ടു്."

അപ്പോഴാണു് അവന്റെ കയ്യിലിരിക്കുന്ന തിളങ്ങുന്ന വസ്തു അവർ കണ്ടതു്. അതിൽ നോക്കിയപ്പോൾ അവരുടെ കണ്ണുമഞ്ഞിപ്പോയി! എന്തൊരു പ്രകാശം!

അച്ഛനമ്മമാരോടു് അവൻ, താനെങ്ങനെ കഥ വിസ്തരിച്ചു പറഞ്ഞു. അവർ അത്ഭുതസ്തബ്ധരായി. മകന്റെ ധീരസാഹസികതയിൽ അഭിമാനംപൂണ്ടു.

നക്ഷത്രം അന്നാട്ടിലെ മന്ത്രിയുടെ മകനു് അവർ സമർപ്പിച്ചു. രാജാവു് സന്തുഷ്ടനായി. വേണ്ടുവോളം കുതിരയും ധനവും അവർക്കു കൊടുത്തു.

വാങ്ങിന്റെ കുടുംബം അങ്ങനെ സമ്പത്തിയിലേയ്ക്കു വളരുന്നു പ്രതാപം നേടി,

അടുത്തലക്കത്തിൽ

സ്പാനിഷ് കഥ

വസന്തമാളിക

വീണ്ടും മെസ്സേനം കുടി. "ലേഡീസ് ഹോസ്റ്റൽ" എന്ന ചിത്രം കണ്ടു പുറത്തിറങ്ങിയപ്പോൾ മനസ്സിൽ തോന്നിയ കാര്യങ്ങളാണിതു്. അതിശക്തരായ ഒരു മീഡിയമായ സിനിമയെ ഇത്തരം ദുഃഖകഥാചിത്രങ്ങളുടെ നിഴലിൽ നിന്നകറ്റി നല്ല മനുഷ്യരെ നമുക്കു് നോക്കിക്കാണാനായും എന്നാവശ്യപ്പെടുന്നു് കഷ്ടമല്ലേ. ഈ വർഷം "ലേഡീസ് ഹോസ്റ്റൽ" വരെ മലയാളത്തിൽ ഇരുപത്തഞ്ചോളം ചിത്രങ്ങൾ പുറത്തുവന്നു. അവയിൽ ആ ഘടകം എന്നു വിശേഷിപ്പിക്കുവുന്ന നാലഞ്ചു ചിത്രങ്ങളെ മാറ്റിനിറുത്തിയാൽ ബാക്കിയുള്ളവയെല്ലാം കലാമൂല്യമോ ലക്ഷ്യബോധമോ ഇല്ലാത്ത ചവറുകളാണു്.

ലേഡീസ് ഹോസ്റ്റൽ

—മംഗലശ്ശേരി

അതിദുർബലമായ വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന ഇത്തരം ചിത്രം നിർമ്മിക്കുന്നവർക്കും അതു സംവിധാനം ചെയ്യുന്നവർക്കും റൊമാന്റിക്കായ മനസ്സുണ്ടായിരുന്നു. "കല എന്റെ മനസ്സിൽ കെട്ടുങ്ങിയിട്ടില്ല പക്ഷേ, ജീവിക്കയാണു് പ്രധാനം." ഈ ജീവിക്കൽ കളർഫിലിം പുറത്തായാൽപ്പോലും ആശാനൊരു മനഃപ്രയാസമുണ്ടാവുമോ? മലയാളചലച്ചിത്രങ്ങളിൽ ഉന്നതവും ശ്രേഷ്ഠവുമായ മാനദണ്ഡങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു. മൈതാനപൂർണ്ണമായ മാറാനുള്ള ആശയിച്ചിരിക്കും. നമ്മുടെ ചിന്താരീതിയിലും സൗന്ദര്യബോധത്തെക്കുറിച്ചുള്ള ആശയങ്ങളിലും വിപ്ലവാത്മകമായ മാറ്റങ്ങളുണ്ടാവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ലേഡീസ് ഹോസ്റ്റലിൽ ജയഭാരതി, അടൂർ

കേരളശരനായ കട്ടൻചായയുടേയും പേരമകൾ മല്ലിയേന്റെയും കഥയാണിതു്. പുരുഷവിദ്വേഷിയായ മല്ലിയേനെ പ്രേമം പഠിപ്പിക്കുകയും അതിനുശേഷം വിവാഹത്തിനു് സമ്മതിപ്പിക്കുകയും ചെയ്യുന്നതാണു് കഥ. ഈ റൊമാന്റിക് കഥയിൽ ക്ലൈമാക്സിൽ, ഉമർ, മാസിബഹദൂർ, ജയഭാരതി, സുജാത, സാധനയുടെ മുപ്പത്തിയഞ്ചോളം ഗുണ്ടകൾ റൊമാന്റിക് അന്തരീക്ഷം കുഴിച്ചുമൂടി ലേഡീസ് ഹോസ്റ്റലിനെ ഒരു റൊമാന്റിക് ചിത്രമാക്കിമാറ്റിയിട്ടുണ്ടു്. ആദ്യന്തം കൃത്രിമത്വം അനുഭവപ്പെടുകയും നിഴലിച്ചുനില്ക്കുന്ന ഈ ചിത്രത്തിന്റെ പോരായ്മകൾ സൂക്ഷ്മവീക്ഷണം ചെയ്താൽ ഞാൻ പറഞ്ഞുകഴിഞ്ഞിട്ടില്ല. സിനിമ നോക്കിക്കാണുന്നതിനുള്ള രണ്ടു കാരണങ്ങളിൽ മുഖ്യമെന്നു പറയുന്നതു് ഇതിലെ അഭിനയമാണു്. എന്നു് ആരെയും കാണിക്കാൻ മോഹമുണ്ടു് ഇതിലെ വിദേശരംഗങ്ങൾ കണ്ടപ്പോഴാണു്. ഇതുപോലുള്ള ചിത്രങ്ങൾ പ്രേക്ഷകർക്കുവേണ്ടിയല്ല എന്നു് കണക്കുകളുടെ പിൻബലത്തോടുകൂടി അവർ പറയും. ഈ പരിധിവരെ ചിലപ്പോൾ ശുദ്ധമനസ്കരായ നമ്മളിലും സന്ദേഹമുണ്ടാക്കുകയും ചെയ്യും, അറപ്പുണ്ടാക്കുന്ന അർത്ഥഗർഭിതങ്ങളും ശ്രവ്യലീലവുമുള്ള പദങ്ങൾ കേൾക്കുമ്പോഴുള്ള പല്ലുകടി, സ്ക്രീനിലും സെക്സും സമൃദ്ധമായി സന്നിവേശിപ്പിച്ചു് പുറത്തിറക്കുന്ന ഇത്തരം റൊമാന്റിക് ദുരന്തചിത്രങ്ങളുടെ മാർക്കറ്റിനെത്തിൽനിന്നും ഞാനും നിങ്ങളുൾപ്പെടെയുള്ള ആസ്വാദകലോകം അകന്നുനിന്നാലേ മാത്രമേ മലയാളസിനിമയ്ക്കു ഒരു കലയായി വളരാനാകൂ.

കേരളശരൻ കട്ടൻചായയായി അഭിനയിക്കുന്നു് ശ്രീ കുഞ്ചൻ. കട്ടൻചായയുടെ കഥാപാത്രത്തിന്റെ കൃത്രിമത്വവും സംഭാഷണത്തിലെ അരോചകത്വവും ഏറെക്കുറെ മാറ്റിയെടുക്കുവാൻ പരിചയസമ്പന്നനായ ബഹദൂറിനു് കഴിഞ്ഞിട്ടുണ്ടു്. ലല്ലു്മേൽ എന്ന ലക്ഷ്മിയെ ജയഭാരതിയാണു് അവതരിപ്പിക്കുന്നു്. മല്ലിയേനേ

അഖിലേന്ത്യാ ജനസമ്മതിയുള്ള മത്സരം

പ്രവേശനഫീസില്ല—നിങ്ങൾക്ക



ഒരു സമ്മാനം കിട്ടിയേ തീരൂ

ഒന്നാംസമ്മാനം:— ഒരു സ്പ്ലൂട്ടർ വെസ്സാ, അല്ലെങ്കിൽ അല്ലീവിൽ റഫ്രിജറേറ്റർ. അഞ്ചുകൾ മലിഹിഞ്ചൻ സൊറു". രണ്ടാംസമ്മാനം:—ഒരു ടേപ്പ്റിക്കാർഡർ അല്ലെങ്കിൽ ആട്ടോമാറ്റിക്ക്യാമറ. മൂന്നാംസമ്മാനം:—(100) ജപ്പാൻ 3 ബാൻഡ് ഷോർട്ട്വേവ് ആൾ വേൾഡ് ട്രാൻസിസ്റ്റേഴ്സ് (വില 275 രൂ.) മാരോ കളുഞ്ചെത്തിനും ഒരു സമ്മാനം.

നിങ്ങളെന്തു ചെയ്യണം?

ശ്രൂന്യമായി കിടക്കുന്ന ചതുരങ്ങളിൽ ഒന്നു മുതൽ പതിനേഴുവരെയുള്ള സംഖ്യകളുപയോഗിച്ച്, മുകളിലോട്ടും, ഇടതുവലതായും, കോണോടുകോണും കൂട്ടിയാൽ 38 കിട്ടത്തക്കവിധം എഴുതുക. ഒരു സംഖ്യ മുന്നിൽക്കൂടുതൽ പ്രാവശ്യം ഉപയോഗിക്കാൻ പാടില്ല. പെൻസിലുപയോഗിക്കുക.

അയയ്ക്കേണ്ട അവസാനദിവസം:6-9-'73. ഫലപ്രഖ്യാപനം: 8-9-'73

ഒരു മാതൃക ചുവടെ ചേർക്കുന്നു (കൂട്ടിയാൽ 34 കിട്ടത്തക്കവിധം)

5	8	11	10
12	9	6	7
14	15	4	1
3	2	13	16

മത്സരത്തിനുള്ള നിയമങ്ങൾ: (1) പരിശോധകന്മാരുടെ തീരുമാനം അവസാനത്തേതും നിയമപരമായിരിക്കുള്ളിൽ നില്ക്കുന്നതുമായിരിക്കും. ഇതു മത്സരത്തിന്റെ സുപ്രധാന വ്യവസ്ഥയാണിതു്. (2) ഔദ്യോഗികമായി മുദ്രവച്ച പൂരണത്തോടു തട്ടിച്ചുനോക്കിയായിരിക്കും തീരുമാനം കൈക്കൊള്ളുക. (3) സമ്മാനം പണമായി നൽകുന്നതല്ല. (4) ഒന്നാംസമ്മാനം (1) ഔദ്യോഗികപൂരണത്തോടു കണ്ടുനില്ക്കുന്നതിനു നൽകപ്പെടും. (5) രണ്ടാംസമ്മാനം മുകളിലത്തെ മൂന്നു് ഇടതുവലതു വരികളുടെ സാമ്യം നോക്കി നൽകപ്പെടും. (6) മൂന്നാംസമ്മാനം (100) ഔദ്യോഗികമായ പൂരണവുമായി ഏതെങ്കിലും നിരയിലോ, സംഖ്യയിലോ ഉള്ള സാമ്യം നോക്കി നൽകപ്പെടും. ഫലമറിയാൻ 45 പൈസയുടെ പോസ്റ്റൽസ്റ്റാമ്പുകൂടി അയയ്ക്കുക. (7) വിജയികൾ പോസ്റ്റേജ് പാക്കിംഗ്ചെലവു്, ലൈസൻസ്ഫീസ് എന്നിവ തങ്ങൾക്കു കിട്ടുന്ന സാധനത്തിനനുസരണമായി കൊടുക്കണം. (8)മൂന്നും നാലും സാധനങ്ങൾ വാങ്ങുന്നവർ അവരുടെ മുകളിൽ പറഞ്ഞ ചിലവുകൾ കൂടാതെ ട്രാൻസിസ്റ്ററിന്റെ പാതി വിലകൂടി കൊടുക്കണം. (9) മാവിയിലെ ഉപയോഗത്തിനു് ഈ നിയമങ്ങളുടെ ഒരു പ്രതി സൂക്ഷിച്ചുകൊള്ളുക.

PARKER AGENCIES (WMN-38)
P. O. Box No. 1279. Delhi-6.

ടു് ജയരാജനു് ഇങ്ങനെയൊരു ചുമല കൊടുക്കുന്നതിനു് ഇടയാക്കിയതു്. ചുമല കൊടുക്കുന്നതു് ഈ നടനെന്നും കുറച്ചിലാകുമെന്നു് പ്രത്യേകിച്ചു് "കട്ടമീശ ചുമലുകൊട്ടി കാറ്റലകൾ തമ്പലകൊട്ടി..." എന്നു പാട്ടുപാടി വരുമ്പോൾ, ലക്ഷ്മിയെ കാമുകനായി വരുന്നതു് പ്രേംനസീറാണു്, "തന്റെതിനേറെ വാണിജ്യരൂപത്തെപ്പറ്റിയുള്ള ചോദ്യം അയാളുടെ കലാസങ്കല്പത്തെ മോശമായി ബാധിക്കും. വാണിജ്യം മുന്നിൽ വരുമ്പോൾ കല പിന്നിലാകുന്നു." അശോകകുമാർ പറഞ്ഞിട്ടുള്ള ഈ വിലയേറിയ അഭിപ്രായം നസീറിന്റെ "ഈ കോണും—സമചതുരവുമെത്രനേരം കണ്ടുപോകും തോന്നിപ്പോകും ഭാസിയുടെ മനസ്സിന്റെ ഉമ്മറത്തിന്റെ ഗോപുരമുകളിൽ ഉപ്പുകരം, പക്ഷേ, അതിനെയതിജീവിയുള്ള ഈ നടന്മാർ മഷിക്കോലങ്ങൾ കെട്ടുമ്പോൾ ആത്മാർത്ഥമായി ദുഃഖിച്ചുപോകുന്നു. സൂപ്പർതാരങ്ങളുടെ മനസ്സിനെ ആകർഷിക്കുന്നു. റൗഡിറിത്തയായി വരുന്ന സാധനത്തിന്റെ മേനിക്കൊഴുപ്പും മേളക്കൊഴുപ്പുകൊണ്ടു് രക്ഷപ്പെട്ടു. എപ്പോഴും ചിരിച്ചുകൊണ്ടു് അഭിനയമെന്ന സപര്യയുമായി സപ്നം കാണുന്ന വിൻസന്റിന്റെ ആഗ്രഹവും "സഹതാപം" തേടുന്നു. സംക്രമണശക്തിയുള്ള ആകർഷകമായ പുഞ്ചിരിയാണു് മലയാളത്തിന്റെ വില. ആ പുഞ്ചിരി മനുഷ്യമുഖത്തിന്റെ ചൊല്ലലക്ഷണത്തെത്തന്നെ മാറ്റുന്നു. ഒരു നടനെ ചിരിയുത്സാഹിപ്പിക്കാൻ വിൻസന്റിന്റെ എത്ര ശ്രമങ്ങൾ പാഴായിട്ടുണ്ടു് അതോ ശ്രമങ്ങളോ? മുത്തയ്യ, മരത്തൻ, മുതുകളം, മധുമതി, മിന. ഫിലോമിന, ഖദീജ ഇങ്ങനെ അനേകം ഡസൻ തലങ്ങളുണ്ടിതിൽ.

മലയാളചിത്രങ്ങളുടെ വിജയത്തിനു് പാട്ടുകൾ ഇന്നൊരു പ്രധാന ഘടകമായിട്ടുണ്ടു്. ലേഡീസ്ഹോസ്റ്റലിന്റെ പ്രമേയത്തിനുമതെ വിജയത്തിനു് ഇതിലെ മൂന്നാലു പാട്ടുകൾ ഒട്ടൊക്കെ സഹായിക്കും. ഗാനങ്ങൾ കൊടുത്തിരിക്കുന്നതു് മലയാളസിനിമാവേദിയിലെ ഒരു ശക്തിയായി മാറിയിരിക്കുന്ന ശ്രീകുമാരൻതമ്പിയാണു്. ബാബുരാജു് അവസാനമായി മനോഹരമായ ഹൃദ്യമായ സംഗീതം പകർന്നതു കണ്ടു. "കട്ടമീശ ചുമലുകൊട്ടി കാറ്റലകൾ തമ്പലകൊട്ടി" "മീനത്തേ പരിഭവമെന്തേ പ്രേമലേഖനമെഴുതി ഓഗപ്പെണ്ണി ദേഷപ്പെട്ടിയിൽ ഗാനമെഴുതും ഭാവിനാ", "മുള്ളുചിപ്പിയുടെ നിറമുള്ളൊരു വീർത്ത, മുത്തമെന്നും നിറമെന്തിൽ യുദ്ധമാടിനടന്നു" എന്നിവ എത്ര കേട്ടു. മതിവരാത്തവയാണു്. ഇവ പോപ്പുലർ ഹിറ്റുകളായതിനുള്ള സാദ്ധ്യതയുള്ളവയാണു്. ഫർഹാനാണു് സംഗീതം. നിർവ്വഹിച്ചിരിക്കുന്നതു് അസ്പഷ്ടമാകുകൾ രൂപശരീരനും നിറഞ്ഞ ഈ ചിത്രം സ്പഷ്ടമാകുന്നതും അതുതന്നെയും നിഴലിക്കുന്ന രീതിയിൽ സംവിധാനം ചെയ്യണമെന്നു് ദൃഢവാശിപിടിക്കുന്നതു ശരിയല്ലല്ലോ. സിനിമയുടെ ജീവവായുതന്നെയാണു് ഒരു കഥാസംഗ്രഹം സ്ഥലമെന്നു വിശ്വസിക്കുന്ന ഫരിഹാരനിൽനിന്നും ലേഡീസ്ഹോസ്റ്റൽ പ്രതീക്ഷിച്ചുകൂടുന്നില്ലല്ലോ.

"മംഗലശ്ശേരിയുടെ നിരൂപണം പലപ്പോഴും കർക്കശമായിപ്പോകുന്നു. കുറച്ചൂടി മയപ്പെടുത്തുക" സിനിമാമംഗളത്തെ പ്രസിദ്ധമായ പംക്തിയും എന്നോടു പറയുന്നുണ്ടു്. സിനിമ ഒരു കലയായി വളരണമെന്നു് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന, പ്രത്യേകിച്ചും സംവിധായകന്റെ കലയാണെന്നു വിശ്വസിക്കുന്ന എന്റെ തലമുറയ്ക്കു് അവരിൽ ഒരംശമായ എനിക്കു ലേഡീസ് ഹോസ്റ്റലുകൾക്കുള്ള അഭിപ്രായമാറ്റമുണ്ടാക്കാനാവുമോ? ലേഡീസ്ഹോസ്റ്റൽ കണ്ടു് പലതും ആത്മഗതിച്ചിരിക്കുന്നതു കണ്ടു. ആ ചിരി വിളഞ്ഞു്, പരിഹാസമായി മാറുന്നതും ഞാൻ കണ്ടു. ഈ കരിഹാസച്ചിരി ഒരു സംതൃപ്തിയുടെ ജന്മമെടുക്കുന്നതെന്നാണാവോ?

—ഉ—

സ്ത്രീയുടെ മനസ്സ് ഒരു കടങ്കഥയാണ്, അതിനെ വിശകലനം ചെയ്യാനുള്ള ശ്രമം വരെയൊക്കെ പരാജയപ്പെടുമെന്നു പറയാറുണ്ട്. സ്ത്രീ അബലയായതുകൊണ്ടാവാം അവൾ സ്വയം വെയ്ക്കുന്ന വലയിലാണ് പുരുഷന്റെ ജീവിതം. എത്രയോ കിരീടങ്ങളും ചെങ്കോലുകളും അവൾ തട്ടിയെറിഞ്ഞിരിക്കുന്നു എത്രയോ സാമ്രാജ്യങ്ങൾ നിഷ്പ്രയാസം അവൾ സൃഷ്ടിച്ചിരിക്കുന്നു എന്നും കേൾക്കുന്ന, അവശ്യപ്പെടുന്ന സ്ത്രീയുടെ ഒരു പുതിയ മുഖം ഈ പ്രപഞ്ചത്തെ മുഴുവൻ അലട്ടിയിരിക്കാം, ഒരു കുടുംബത്തെ വിലയിരുത്തുന്നതും തകർക്കുന്നതും അവളാണ്. സ്ത്രീ സ്ത്രീകളുടെ മനസ്സിനെ, ആ മനസ്സിലെ സൗന്ദര്യത്തെയും വൈരൂപ്യത്തെയും ശക്തിയേയും ദൗർബ്ബല്യത്തെയും ഒരു പുതിയ കാഴ്ചപ്പാടിൽ കയറുടെ കഥനിയപരമ്പരയിൽ ആവിഷ്കരിക്കാൻ ശ്രമിക്കുകയാണ് ന്യൂ ഇൻഡ്യാ ഫിലിംസ് അവരുടെ മൂന്നാമത്തെ ചിത്രമായ മഴക്കാറിലൂടെ.

ഓലതാ, ശ്രീത എന്നീ കഥാപാത്രങ്ങളുടെ മനസ്സുകളാണ്. ആ മനസ്സുകളിലെ സൗന്ദര്യരൂപങ്ങളും, ശക്തിദൗർബല്യങ്ങളുമാണ് മഴക്കാറിന്റെ സംവിധായകനായ ചേച്ചിയോടുള്ള അതിരറ്റ സ്നേഹം, കുടുംബത്തിന്റെ സൗഭാഗ്യങ്ങൾക്കുവേണ്ടിയുള്ള ദാഹം, എന്നീ രണ്ടു മനോഭാവങ്ങൾക്കിടയിൽ ഒരു ഊഞ്ഞാലിന്റെ ശാന്തതയോടെ ഇടയ്ക്കിടെ ചാഞ്ചാടിനിന്നുകൊണ്ടിരുന്നു. പക്ഷേ, ദീർഘനേരപ്രയത്നത്തിനൊടുവിൽ അവൾ ആശ്വസിച്ചു. എന്റെ പ്രിയപ്പെട്ട ചേച്ചിക്ഷേത്രത്തിന്റെ എന്റെ കുടുംബം രക്ഷപ്പെട്ടു! മാനത്തുനിന്നും ആദ്യം വർഷിച്ച മുത്തുകൾ ഞാനെടുത്തില്ല. ശാന്ത അനുഭവിക്കേണ്ടിവന്ന തീവ്രദുഃഖം സഹിക്കാൻ തയ്യാറാകാതെ തന്നെ, അവൾ അതിനെ തയ്യാറായിട്ടില്ലെങ്കിൽ തന്റെ എല്ലാമെല്ലാം നഷ്ടപ്പെടുമെന്നവർക്കറിയാമായിരുന്നു. പുറത്തിറിങ്ങാതിരിന്ന മനുഷ്യമനസ്സുകളുടെ കഥയാണിത്. ഇരുപതുവർഷങ്ങളായി കണ്ണുനീരിച്ച വിശ്വാസങ്ങളുടെ, വികാരങ്ങളുടെ ജീവിതത്തിലെ ചെകിളപറിച്ചുകൊണ്ടുപോകുന്ന ഏതാനും നിമിഷങ്ങളുടെ കഥ. മഴക്കാറിന്റെ ഏതാനും ദിവസങ്ങൾക്കുള്ളിൽ നിങ്ങളെ കാണാൻ വരുന്നു. ന്യൂ ഇൻഡ്യാ ഫിലിംസിന്റെ മഴക്കാറുണ്ട് നിങ്ങൾ നിർമ്മമനിർമ്മമനായിരുന്ന മനുഷ്യമനസ്സുകളുടെ സങ്കീർണ്ണതകൾ കയറുപൊട്ടിക്കുന്നപോലെ സെല്ലുലോയിഡിൽ പകർത്തിയിട്ടുണ്ടെന്ന്.

ജി. വിവേകാനന്ദന്റെ കഥയ്ക്ക് ആസ്പദമാക്കി രൂപപ്പിൽപ്പാസി തിരനാടകവും, സംഭാഷണവും, ചേച്ചിയായി മഴക്കാറിൽ മഴക്കാറിലെ ദേവിയും മധുവും

ചിത്രത്തിന്റെ പിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ചും രണ്ടുവാക്ക്. മധു, ദേവി എന്നിവരെക്കൂടാതെ ശോഭന, കൊട്ടാരക്കര, അടൂർ ഭവാനി, കെ. പി. എ. സി. ലളിത തുടങ്ങിയ മഴക്കാറിലെ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മനുഷ്യമനസ്സുകളിൽ പെയ്തിറങ്ങിയ കണ്ണീർമഴ ഇനിയും ആർത്തലച്ചുപെയ്യുവാൻ പോവുന്ന കാഴ്ചയ്ക്കായി.

—വി.

മഴക്കാറ്

രണ്ടുമനസ്സുകൾ രണ്ടുകടങ്കഥകൾ

വൾ പറഞ്ഞു: "ചേച്ചി ഞാനീ വിവാഹത്തിനു സമ്മതിച്ചു." രണ്ടുപേരുടെയും മനസ്സും ശാന്തമായെന്നു തോന്നിക്കണികൾക്ക്. പക്ഷേ, ആ രണ്ടു സ്ത്രീമനസ്സുകളിൽ കൊടുങ്കാറ്റിനുമുമ്പുള്ള ആകാംക്ഷയായിരുന്നു. ആ രണ്ടു വ്യക്തികളുടെ അന്തരംഗമോ ആരെയും തൊട്ടുണർത്താതിരുന്ന ആ ഞെട്ടിപ്പിക്കുന്ന കഥ. സ്ത്രീകളുടെ മനസ്സിന്റെ രഹസ്യങ്ങളുടെ കഥയായി മനുഷ്യമനസ്സിന്റെ മനഃശാസ്ത്രത്തിന്റെ കഥയായി വെള്ളിത്തിരയിലെത്തുകയാണ്. ഇതുപയോഗിക്കുന്ന വൈകാരികസംഘട്ടനങ്ങൾ നിറഞ്ഞ, തീവ്രവിഷ്വലുകൾ പുണ്യമായുള്ള സംഘട്ടനങ്ങൾ നിറഞ്ഞ ഒരു മലയാളചിത്രം നാടോടിയാണ്.

മലയാളചലച്ചിത്രവേദിയിൽ നിലനിന്നുപോന്ന ചലനങ്ങളുടെയും കെട്ടുപാടുകൾക്കുവേണ്ടിയും പുതിയ പാതകൾക്കുവേണ്ടിയുള്ള ശബ്ദമുണർത്തിയുമാണ്, ആദ്യചിത്രമായ "ചെമ്പരത്തി"യിലൂടെ ന്യൂ ഇൻഡ്യാ ഫിലിംസ് പുതുമുഖങ്ങൾക്കുവേണ്ടിയും പുതിയ പാതകൾക്കുവേണ്ടിയുള്ള ശബ്ദമുണർത്തിയത്തിയത്. ആദ്യചിത്രമായ "ചെമ്പരത്തി"യിലൂടെ തന്നെ

ബേബി രജിത—മഴക്കാറിലെ ബാലനടി

തലയില്ലാത്ത മനുഷ്യൻ—20 —സോമനാഥൻ

പ്രഭോ! അങ്ങ് ആജ്ഞാപിച്ചതെന്താണെന്നാണോ? രാജകുമാരൻ തിരുമനസ്സിനെ പിടിച്ചുകെട്ടാനോ?
അതെ—എന്നതന്നെയാണ് നാം കല്പിച്ചത്
എന്തു—നിങ്ങൾക്കൊക്കെ മതിയോളം കഴിഞ്ഞു കഴിഞ്ഞില്ല—എങ്കിൽ അതിനും നാം മതി—
തിരുവുള്ളക്കേട്ടതോന്നരുത് അടിയൻ പോയിവരട്ടെ—
അല്പം കഴിഞ്ഞ് മന്ത്രി മടങ്ങിയെത്തി
തിരുമേനി—രാജകുമാരൻ തിരുമനസ്സു രണ്ടുപട്ടാളക്കാരോടൊപ്പം രാജ്യാതിർത്തി കടന്നുരക്ഷപ്പെട്ടിരിക്കുന്നതായി ചാരന്മാർ അറിയിക്കുന്നു
?!
ഈശ്വരാ! ശത്രുരക്ഷപ്പെട്ടിരിക്കുന്നുവോ—അവനെ വിട്ടയക്കണമെന്നും അവനെ ജീവിച്ചിരിക്കുന്നതായി കണ്ടാൽ ഉടനെ കൊല്ലണമെന്നും ഞാൻ കല്പിച്ചിരുന്നുവല്ലോ
?!